VOL NO: 04 | ISSUE 25
www.nerpatham.com
mail@nerpatham.com

# നേർപഥം

വാരിക

2020 JUNE 20 | ₹12



# പരിണാമത്തിന്റെ ഹൃദയശസ്ത്രക്രിയ

പരിണാമത്തിന് തെളിവ് കണ്ടെത്താൻ വേണ്ടി മുപ്പത് വർഷത്തിലധികമായി നടന്നുവരുന്ന മിച്ചിഗൺ യൂണിവേഴ്സിറ്റിയിലെ റിച്ചാർഡ് ലെൻസ്കിയുടെ കോളി ബാക്ടീരിയാ പരീക്ഷണം കൊറോണാ വ്യാപന പശ്ചാത്തലത്തിൽ നിർത്തിവെച്ചിരിക്കുകയാണ്. 'പരിണാമത്തിന്റെ ഹൃദയ'മായി റിച്ചാർഡ് ഡോക്കിൻസ് പരിചയപ്പെടുത്തിയ ഈ പരീക്ഷണത്തിന്റെ പരിണാമ വികാസങ്ങൾ വിശകലനം ചെയ്യുന്നു.

**പ്രകൃതത്തെ കണ്ടറിയുന്ന സാമർഥ്യം**

**ഇന്ത്യയിലെ ഇസ്‌ലാമോഫോബിക്ക് വേരുകൾ**

**നിരീശ്വരവാദത്തിൽനിന്ന് വിശ്വാസത്തിലേക്കുള്ള ദൂരം**

## മികച്ച അധ്യാപകരും നല്ല ശിഷ്യന്മാരും

അധ്യാപകരുടെ നിലപാടുകളിലുണ്ടായ മാറ്റത്തിനനുസരിച്ച് അധ്യാപകരോടുള്ള സമൂഹത്തിന്റെ കാഴ്ചപ്പാടിലും മാറ്റങ്ങളുണ്ടായിരിക്കുന്നു. മത-ഭൗതിക വേർതിരിവില്ലാതെ ഈ അപചയം വളരുകയാണോയെന്ന് ആശങ്കപ്പെടേണ്ട അവസ്ഥയാണുള്ളത്.

جامعة الهند الإسلامية
School Of Qur'an

## രജിസ്ട്രേഷൻ പുനരാരംഭിച്ചു

"നന്മയുടെ വഴിയിൽ നാളേക്ക് വേണ്ടി"

# സ്കൂൾ ഓഫ് ഖുർആൻ



**ക്ലാസുകൾ, ഞായറാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും മാത്രം!**

**ജൂൺ ഒന്നിന് ആറര വയസ് കവിയാത്ത, സ്കൂളിൽ ഒന്നാം ക്ലാസിൽ ചേർന്ന വിദ്യാർഥികൾക്ക് പ്രവേശം**

**അപേക്ഷകർ, QR കോഡ് സ്കാൻ ചെയ്തോ, www.schoolofquran.in എന്ന വെബ്സൈറ്റിൽ നിന്നോ ഏറ്റവുമടുത്ത സെന്റർ സെലക്ട് ചെയ്ത് ഓൺലൈൻ അപേക്ഷാ ഫോം പൂരിപ്പിക്കുക.**

## സവിശേഷതകൾ:

- ആധുനിക സംവിധാനങ്ങൾ ഉൾപ്പെടുത്തി നവീന രീതിയിൽ തയ്യാറാക്കിയ പഠനരീതികൾ, പഠനസാമഗ്രികൾ
- ഓഡിയോ-വിഷ്വൽ ക്ലാസ് റൂമുകൾ
- വിദഗ്ധ പാനൽ നിർമ്മിച്ച ടെക്സ്റ്റ് ബുക്കുകൾ, വർക്ക് ബുക്കുകൾ, ടീച്ചേഴ്സ് ഹാൻഡ് ബുക്ക്, പാരന്റ്സ് ഗൈഡ്
- ഖുർആൻ, ഹദീഥ്, അറബി ഭാഷ, വിശ്വാസം, കർമ്മം, സ്വഭാവം, ചരിത്രം തുടങ്ങിയവയിൽ പഠനം
- നിലവിലുള്ള ഖുർആൻ പഠന സംവിധാനങ്ങളുടെ പോരായ്മകൾ പരിഹരിച്ച കുറ്റമറ്റ സംവിധാനം
- കരിക്കുലമനുസരിച്ച് തയ്യാറാക്കിയ ഡി.വി.ഡികൾ, സോഫ്റ്റ്വെയറുകൾ
- കേരളത്തിൽ ആദ്യമായി രക്ഷിതാക്കളുടെ പങ്കാളിത്തത്തോടെ നടത്തപ്പെടുന്ന ഹോം സ്കൂളിംഗ്
- രക്ഷിതാക്കൾക്ക് പഠനപുരോഗതി വിലയിരുത്താൻ ഓൺലൈൻ സൗകര്യം
- രക്ഷിതാക്കളുടെ മേൽനോട്ടത്തിലുള്ള ട്രാൻസ്പോർട്ടേഷൻ സൗകര്യം
- ഫോളോ അപ്പിനായി വാർഷിക സ്റ്റഡി ട്രാക്കറുകൾ, നിരന്തര-കേന്ദ്രീകൃത മൂല്യനിർണയം

കാസറഗോഡ്: 8089192273 | കാഞ്ഞങ്ങാട്: 9847507310 | തളിപ്പറമ്പ്: 8606776770 | കിണവക്കൽ: 9400083931
വടകര: 9961037934 | കാപ്പാട്: 9846808230 | മഞ്ചേരി: 9846872999 | കോട്ടക്കൽ: 9946274831
തിരൂർ: 9633099992 | മാറഞ്ചേരി: 7559955255 | വെങ്കിടങ്ങ്: 9048869220 | ആറ്റിങ്ങൽ: 9497714521
പരപ്പനങ്ങാടി: 9544924596 | എടത്തനാട്ടുകര: 9495467259 | തോട്ടശ്ശേരിയറ: 8606600555
കൊല്ലം: 9447041468 | കോയമ്പത്തൂർ: 9080475224 | ആലപ്പുഴ: 9895629378
കൊടുവായൂർ: 9746293949 | കൊല്ലായിൽ: 9946940906 | എടക്കര: 6235446007 | കോട്ടയം: 9447827232

Head Office: School of Qur'an | Jamia Al-Hind Al-Islamiyya | Jamia Campus | Mini Ootty | Oorakam Malappuram | Kerala | PIN 676519 | www.schoolofquran.in | info@schoolofquran.in

നേർപഥം
വാരിക

നേർപഥം വാരിക / 0179 / 2020 ജൂൺ 20/ 1441 ശവ്വാൽ 28 / പുസ്തകം 04 / ലക്കം 25

# പരിണാമത്തിന്റെ ഹൃദയശസ്ത്രക്രിയ

അലി ചെമ്മാട് / 10



**മുഖമൊഴി**

മികച്ച അധ്യാപകരും
നല്ല ശിഷ്യന്മാരും / 05

**ലേഖനം**

സത്യസന്ധത / 16
അബ്ദുൽ ജബ്ബാർ മദീനി

ഇന്ത്യയിലെ
ഇസ്‌ലാമോഫോബിക്ക് വേരുകൾ / 19
ഹിലാൽ സലീം സി.പി

പ്രകൃതത്തെ കണ്ടറിയുന്ന സാമർഥ്യം / 24
അഷ്‌റഫ് എകരൂൽ

മനസ്സിനെ തിരിച്ചറിയുക / 26
ഷമീർ മരക്കാർ നദ്‌വി

**വിവർത്തനം**

നിരീശ്വരവാദത്തിൽനിന്ന് വിശ്വാസത്തിലേക്കുള്ള ദൂരം / 07
അഹ്‌മദ് അബ്ദുൽ ആൽ / വിവ: അർശദ് കാരക്കാട്

**ചരിത്രപഥം**

അബൂമഹദൂറ അൽജുഹ്‌മി(റ) / 23
മുഹമ്മദ് ശമീൽ

**ക്വുർആൻ ദർശനം**

തഗാബുൻ (നഷ്ടം വെളിപ്പെടൽ) / 30
അബ്ദുറഹ്‌മാൻ നാസിർ അസ്സഅദി / വിവ: ഹാരിസ് ബിൻ സലീം

**കഥ**

ഫലസ്തീൻ ക്വാറന്റൈൻ / 34
ആഷിക്ക് മുഹമ്മദ് ലബ്ബ, എരുമേലി

**അറിയിപ്പ്: കോവിഡ് 19 നിയന്ത്രണങ്ങളുടെ ഭാഗമായി രാജ്യത്ത് ലോക്ക്ഡൗൺ പ്രഖ്യാപിച്ച സാഹചര്യത്തിൽ മാഗസിൻ ഓൺലൈനായി മാത്രം പുറത്തിറക്കുകയാണ്. വായനക്കാർ സഹകരിക്കുമല്ലോ.**

Printed, published and owned by K. Sajjad I Printed at Sprint Offset Printers I Kozhikode
Published at Kozhikode I 673002 I Editor: Usman Palakkazhi I Chief Editor: Anil Primrose
Web Editor: Haseeb Elayur I Design, Cover & Layout: Elan Creativo
Nerpatham Weekly I PB No: 597 I EKP Complex I Kallai Road I Kozhikkode 2 I Kerala I India I Ph: 0495 4019437
mail@nerpatham.com I www.nerpatham.com I Facebook: www.facebook.com/nerpatham weekly

## വായനക്കാർ എഴുതുന്നു



# 'പ്രകാശവർഷം'

വർഷങ്ങൾക്ക് മുമ്പ് ഒരു ഇസ്‌ലാഹി കുടുംബത്തിലെ സഹപ്രവർത്തകൻ അദ്ദേഹം യു.എ.ഇയിൽകുർആൻ വിതരണം ചെയ്യാൻ പോയ ഒരു അനുഭവം പങ്കുവെച്ചു: 'സൗജന്യ ക്വുർആൻ പരിഭാഷ അവശ്യമുണ്ടെങ്കിൽ വിളിക്കുക' എന്ന ഒരു പരസ്യം അദ്ദേഹം പത്രത്തിൽ കൊടുത്തു. വിവിധ ഭാഗങ്ങളിൽനിന്ന് അവശ്യക്കാർ ബന്ധപ്പെട്ടു. അവയിൽ ചിലത് വളരെ വൈകാരികമായ സാഹചര്യങ്ങൾക്ക് സാക്ഷ്യം വഹിക്കുകയും ചെയ്തു. അബുദാബിയിൽ ഒരുപാട് ദൂരം താണ്ടിയെത്തിയ ഒരു വീട്ടിലെ അനുഭവം അതിൽ ഏറെ സ്വാധീനിച്ച ഒന്നാണ് എന്ന് അദ്ദേഹം പറഞ്ഞു.

ക്വുർആൻ പരിഭാഷ വാങ്ങുമ്പോൾ അയാളുടെ കൈകൾ വിറച്ചതും സന്തോഷംകൊണ്ട് കണ്ണുകൾ നിറഞ്ഞതും ഹൃദ്യമായ ഒരു അനുഭവമായിരുന്നു. തിരിച്ചിറങ്ങുമ്പോൾ അയാളോട് ചോദിച്ചു: 'പരിഭാഷ ഉപയോഗപ്പെടുത്തില്ലേ?' 'ക്വുർആൻ ഉപയോഗിക്കാതിരിക്കുകയോ' എന്നായിരുന്നു അയാളുടെ മറുപടി.

വേറെയൊരു സംഭവം: അംബരചുംബികളായ കെട്ടിടങ്ങളോ, ഷോപ്പിംഗ് മാളുകളോ, ടൂറിസ്റ്റ് സ്പോട്ടുകളോ ഒന്നുമില്ലാത്ത, മരുഭൂമിയുടെ യഥാർഥമുഖം പേറുന്ന ഒരിടത്തുനിന്ന് ക്വുർആൻ ആവശ്യപ്പെട്ട് ഒരു വിളി വന്നു. ദൂരങ്ങൾ താണ്ടി അവിടെയെത്തിയപ്പോൾ ഒരു കൊച്ചു വീടാണ് കണ്ടത്. പ്രായമായ ഒരു പിതാവും അദ്ദേഹത്തിന്റെ പെൺമക്കളും അവരുടെ ഭർത്താക്കന്മാരും ആ ചെറിയ വീട്ടിലാണ് കഴിയുന്നത്.

ചുളിവുവീണ കൈകളിലേക്ക് ക്വുർആൻ പരിഭാഷ വച്ചുകൊടുത്തപ്പോൾ വാർധക്യത്തിൽ മങ്ങിത്തുടങ്ങിയ ആ കണ്ണുകളിൽ ഒരു പ്രകാശം തെളിഞ്ഞു. ഈ മനുഷ്യായുസ്സിൽ നേടിയ മികച്ച സമ്പാദ്യം എന്തെന്ന് അദ്ദേഹത്തോട് ചോദിച്ചാൽ ഇപ്പോൾ എന്റെ കയ്യിൽ കിട്ടിയ ഈ ഗ്രന്ഥമാണ് എന്ന് അയാൾ പറയുമായിരുന്നു; അത്രമേൽ പ്രകടമാണ് അയാളുടെ സന്തോഷം.

കുറച്ചു ദിവസങ്ങൾക്കു ശേഷം ഒരിക്കൽ കൂടി ആ വീട്ടിലേക്ക് ഇദ്ദേഹം പോയി. കയ്യിൽ അമാനി മൗലവിയുടെ തഫ്‌സീർ കരുതിയിരുന്നു. വലിയ ക്വുർആൻ തഫ്‌സീർ കയ്യിൽ വാങ്ങി ആ വൃദ്ധൻ പറഞ്ഞു: 'ഞാൻ ഇത് മുഴുവൻ വായിച്ചു തീർക്കും, ഇൻശാ അല്ലാഹ്.'

ഒരു ദിവസം ഒരു ഫോൺ വന്നു. മറുതലയ്ക്കൽ ആ വൃദ്ധന്റെ മരുമകൻ ആയിരുന്നു, ആ വൃദ്ധനായ വിദ്യാർഥിയുടെ മരണവാർത്തയായിരുന്നു വിളിയിലെ ഉള്ളടക്കം.

ഈ സംഭവം പറഞ്ഞ ശേഷം സുഹൃത്ത് എന്നോട് പറഞ്ഞു: 'ക്വുർആൻ തഫ്‌സീർ മുഴുവൻ വായിച്ച പ്രതിഫലം അല്ലാഹു ഉദ്ദേശിച്ചാൽ അയാൾക്ക് ലഭിക്കും.'

'അന്ത്യനാളിൽ ക്വുർആൻ അതിന്റെ ആളുകൾക്ക് വേണ്ടി അല്ലാഹുവിനോട് ശുപാർശ പറയും' എന്ന പ്രവാചക വചനം ഓർത്തുപോകുന്നു. കേവല പാരായണമോ, ചടങ്ങ് തീർക്കുന്ന തരത്തിലുള്ള ഖത്തം തീർക്കലോ ആകാതെ അർഥം അറിഞ്ഞുള്ള പഠനമാവണം നമ്മുടെ പാരായണം.

ഒരു പ്രഭാഷകൻ അദ്ദേഹത്തിന്റെ പ്രസംഗങ്ങളിൽ സ്ഥിരമായി ചോദിക്കുന്ന ഒരു ചോദ്യമുണ്ട്; 'നമ്മുടെ വീട്ടിൽ എല്ലാ ആധുനിക സൗകര്യങ്ങളും ഉണ്ട്. എന്നാൽ കേവലം 1600 രൂപ കൊടുത്താൽ കിട്ടുന്ന അമാനി മൗലവിയുടെ 4 വാള്യം തഫ്‌സീർ വീട്ടിൽ ഉണ്ടോ?' ഈ ചോദ്യം നാം സ്വയം ചോദിക്കുക.

സാമ്പത്തികമായി കഴിവുണ്ടെങ്കിലും സൗജന്യമായി ലഭിക്കുമോ എന്ന് പലരും അന്വേഷിക്കുന്ന ഒന്നാണ് വിശുദ്ധ ക്വുർആൻ പരിഭാഷ!

'നിങ്ങളിൽ ഉത്തമൻ ക്വുർആൻ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവനാണ്' എന്ന പ്രവാചകവചനം ഉദ്ധരിച്ച മൂന്നാം ഖലീഫ ഉസ്മാൻ(റ) ക്വുർആൻ പഠനത്തിലും പാരായണത്തിലും ഏറെ മുന്നിലായിരുന്നു. അക്രമികൾ വീട് ആക്രമിച്ച് വധിക്കുമ്പോഴും അദ്ദേഹം ക്വുർആൻ പരായണത്തിലായിരുന്നു. തുറന്നുവച്ച ക്വുർആനിലേക്ക് അദ്ദേഹത്തിന്റെ ചോര തെറിച്ച കാര്യം ചരിത്രത്തിൽ കാണാവുന്നതാണ്.

**-മുഹമ്മദ് ശമീൽ**

മുഖമൊഴി

# മികച്ച അധ്യാപകരും നല്ല ശിഷ്യന്മാരും

അറിവിന് വളരെയധികം പ്രാധാന്യം നൽകുന്ന മതമാണ് ഇസ്‌ലാം. ആദ്യമായി നബിﷺക്ക് ലഭിച്ച വഹ്‌യ് തന്നെ 'ഇക്വ്‌റഅ്' അഥവാ നീ വായിക്കുക എന്ന് തുടങ്ങുന്നതാണ് എന്നത് ശ്രദ്ധേയമാണ്. 'എന്റെ രക്ഷിതാവേ, നീ എനിക്ക് അറിവ് വർധിപ്പിച്ച് തരേണമേ' എന്ന് പ്രാർഥിക്കുവാൻ അല്ലാഹു നമ്മോട് കൽപിച്ചിട്ടുമുണ്ട്.

അറിവ് താനെ കൈവരുന്ന ഒന്നല്ല. അതിന് പഠിക്കുവാൻ തയ്യാറാകണം. പഠിപ്പിക്കുവാൻ പ്രാപ്തിയുള്ള ഗുരുനാഥന്മാരും വേണം. മനുഷ്യന് ഗുണകരമായ അറിവ് നേടുന്നതും അത് മറ്റുള്ളവർക്ക് പകർന്ന് കൊടുക്കുന്നതും പുണ്യകരമായ കാര്യമാണെന്നും ആകാശഭൂമികളിലുള്ള, അല്ലാഹുവിന്റെ ചെറുതും വലുതുമായ സൃഷ്ടികൾ അവരുടെ നന്മയ്ക്കായി പ്രാർഥിക്കുമെന്നും അറിവ് പകർന്ന് കൊടുക്കുന്നതിലൂടെ പകർന്നുകിട്ടിയ അറിവനുസരിച്ച് പ്രവർത്തിക്കുന്നതിന്റെ നന്മ അത് പകർന്ന് കൊടുത്തയാൾക്കും ലഭിക്കുമെന്നും നബിﷺ പഠിപ്പിച്ചിട്ടുണ്ട്.നബിﷺയെ നിയോഗിച്ചതിനെ സംബന്ധിച്ച് അല്ലാഹു പറയുന്നു: "അക്ഷരജ്ഞാനമില്ലാത്തവർക്കിടയിൽ, തന്റെ ദൃഷ്ടാന്തങ്ങൾ അവർക്ക് വായിച്ചുകേൾപിക്കുകയും അവരെ സംസ്കരിക്കുകയും അവർക്ക് വേദഗ്രന്ഥവും തത്ത്വജ്ഞാനവും പഠിപ്പിക്കുകയും ചെയ്യാൻ അവരിൽ നിന്നുതന്നെയുള്ള ഒരു ദൂതനെ നിയോഗിച്ചവനാകുന്നു അവൻ. തീർച്ചയായും അവർ മുമ്പ് വ്യക്തമായ വഴികേടിലായിരുന്നു" (ക്വുർആൻ 62:2).

അറിവുകളിൽ ഏറ്റവും ഉന്നതമായ അറിവ് ആത്മീയമായ അറിവും അധ്യാപകരിൽ ഉത്തമർ ആത്മീയമായ അറിവ് പകർന്ന് കൊടുക്കുന്നവരുമാണ്. എന്നാൽ ഇത്തരം ഒരു വേർതിരിവില്ലാതെ തന്നെ അറിവ് പകർന്ന് തരുന്ന ഗുരുനാഥന്മാരുടെ മഹത്ത്വം മനസ്സിലാക്കുകയും അവരെ ആദരിക്കുകയും ചെയ്യേണ്ടതുണ്ട്.

'വിദ്യാധനം സർവധനാൽ പ്രധാന'മെന്ന് ഉദ്ഘോഷിക്കുകയും വിദ്യ പകർന്നു നൽകുന്ന അധ്യാപകരെ മാതാവിനും പിതാവിനുമൊപ്പം ബഹുമാനിക്കുകയും ചെയ്യുന്നതാണ് നമ്മുടെ സംസ്കാരം. ഒരു ഉപജീവനമാർഗമെന്നതിലുപരി സേവനമായി അധ്യാപകവൃത്തിയെ കണ്ടിരുന്നവരായിരുന്നു മിക്ക അധ്യാപകരും. അതിനാൽ ഗുരുക്കന്മാരെ വഴിയിൽ കണ്ടുമുട്ടുമ്പോൾ എത്ര ഉന്നതിയിൽ വിരാജിക്കുന്നവരും അവർക്ക് മുന്നിൽ പഴയ വിദ്യാർഥിയായി മാറും. അധ്യാപകരുടെ നിലപാടുകളിലുണ്ടായ മാറ്റത്തിനനുസരിച്ച് അധ്യാപകരോടുള്ള സമൂഹത്തിന്റെ കാഴ്ചപ്പാടിലും മാറ്റങ്ങളുണ്ടായിരിക്കുന്നു. സമൂഹത്തിൽ മൊത്തത്തിലുണ്ടായിരിക്കുന്ന ധർമച്യുതിയുടെ ഭാഗമായി ഗുരുശിഷ്യബന്ധങ്ങൾക്ക് ആശാസ്യകരമല്ലാത്ത ഉലച്ചിലും വിടവും സംഭവിച്ചിരിക്കുന്നു. മത-ഭൗതിക വേർതിരിവില്ലാതെ ഈ അപചയം വളരുകയാണോയെന്ന് ആശങ്കപ്പെടേണ്ട അവസ്ഥയാണുള്ളത്. വർത്തമാനകാലത്ത് ആശാസ്യകരമല്ലാത്ത പല വാർത്തകളും നമ്മൾ കേട്ടുകൊണ്ടിരിക്കുന്നു.

മുടക്കിയ പണം തിരിച്ചുപിടിക്കാനുള്ള മാർഗമായും തങ്ങളുടെ വികലമായ ചിന്തകളും ആശയങ്ങളും അടിച്ചേൽപിക്കാനുള്ള പരീക്ഷണ വസ്തുവായും ചില ഗുരുനാഥന്മാർ ശിഷ്യന്മാരെ കണക്കാക്കുന്നു. ചിലർ വിദ്യനുകരാനെത്തുന്ന കുരുന്നുകൾക്കിടയിൽ ഭിന്നിപ്പും ചേരിതിരിവും ഉണ്ടാക്കുന്നു. അധ്യാപകവൃത്തി കേവലം ഒരു തൊഴിലായും ആ തൊഴിലിനു സമൂഹം നൽകുന്ന പിന്തുണ എന്തും ചെയ്യാനുള്ള അംഗീകാരമായും കരുതുന്നവർ (അവർ മത രംഗത്തായാലും ഭൗതിക രംഗത്തായാലും) പൊതു സമൂഹത്തിന്റെ നന്മയല്ല അഗ്രഹിക്കുന്നതെന്ന് വ്യക്തം. അധ്യാപകർ എന്നും സമൂഹത്തിന് മാതൃകയായി വർത്തിക്കുന്നവരാകണം. അധ്യാപകന്റെ രീതികളും ചലനങ്ങളും വരെ വിദ്യാർഥികളിൽ സ്വാധീനമുണ്ടാക്കും. ഒരു വിദ്യാർഥിയുടെ ജീവിതം മാറ്റി മറിക്കാൻ അധ്യാപകർക്ക് കഴിയുന്ന അനുഭവ പാഠങ്ങൾ നമ്മുടെ മുമ്പിലുണ്ട്.

അധ്യാപകവൃത്തിയെന്ന മഹത്തായ കർമത്തോട് നീതിപുലർത്തി സമൂഹത്തിനു നന്മ പകർന്ന് കൊടുക്കുന്ന, നല്ലത് ഉപദേശിക്കുന്ന, ഗുണകരമായതിനെ പിൻപറ്റാൻ അനുശാസിക്കുന്ന നല്ല അധ്യാപകരും അവരെ ബഹുമാനിക്കുന്ന വിദ്യാർഥികളും സമൂഹത്തിന്റെ മുതൽക്കൂട്ടാണെന്നതിൽ സംശയമില്ല.

അഹ്മദ് അബ്ദുൽ ആൽ
വിവ: അർശദ് കാരക്കാട്





# നിരീശ്വരവാദത്തിൽനിന്ന് വിശ്വാസത്തിലേക്കുള്ള ദൂരം

സത്യവിശ്വാസത്തിലേക്ക് നിരീശ്വരവാദത്തിൽനിന്ന് വന്ന പ്രസിദ്ധരായ വ്യക്തികളുടെ ഉദാഹരണങ്ങൾ മതവിശ്വാസത്തിൽ അസ്വസ്ഥരായി കഴിയുന്ന യുവാക്കൾക്ക് പ്രയോജനപ്രദമാണ്. ചിന്താപരമായ ദൗർബല്യം, തങ്ങളുടെ അടിസ്ഥാനങ്ങളോട് മതവിശ്വാസങ്ങൾക്കുള്ള എതിർപ്പ് എന്നിവ കാരണമായി മതപരമായ വിശ്വാസങ്ങളിൽ അസ്വസ്ഥരായും സന്ദേഹമുള്ളവരായും ജീവിക്കുന്ന ചെറുപ്പക്കാരാണവർ. മതത്തിനെതിരെ വ്യത്യസ്തമായ വീക്ഷണങ്ങൾ അവതരിപ്പിക്കുന്നവർ തെറ്റുധാരണ പ്രചരിപ്പിക്കാനാണ് ശ്രമിക്കുന്നത്. ഈ തെറ്റുധാരണകൾക്കെതിരെ ചോദ്യങ്ങളുന്നയിക്കുമ്പോൾ എതിർക്കാനാവശ്യമായ ചിന്താ വൈഭവമൊന്നും അവരിൽ കാണാൻ കഴിയില്ല.

നിരീശ്വരവാദികളാവുകയും പിന്നീട് വിശ്വാസത്തിലേക്ക് വരികയും ചെയ്ത പ്രസിദ്ധരായ ഏതാനും വ്യക്തികളുടെ ഉദാഹരണങ്ങളാണ് ഈ ലേഖനത്തിലൂടെ പങ്കുവയ്ക്കുന്നത്.

## ആന്റണി റിച്ചാർഡ് ഫ്ളു

ബ്രിട്ടീഷ് ദാർശനികനായിരുന്നു ആന്റണി റിച്ചാർഡ് ഫ്ളു. 1923ലാണ് അദ്ദേഹം ജനിക്കുന്നത്. ആധുനിക കാലത്തെ നിരീശ്വരവാദികളിൽ പ്രധാനിയും നിരീശ്വരവാദികളുടെ നേതാവെന്ന നിലയിൽഅറിയപ്പെട്ട വ്യക്തിത്വവുമായിരുന്നു ആന്റണി ഫ്ളു. ദാർശനികതയെ വിശകലനവിധേയമാക്കിയ അദ്ദേഹത്തിന്റെ പ്രധാന പുസ്തകമാണ് 'മതങ്ങളുടെ തത്ത്വശാസ്ത്രം.' മുപ്പതോളം പുസ്തകങ്ങൾ അദ്ദേഹമെഴുതിയിട്ടുണ്ട്. അതിൽ അധികവും മതചിന്തയെ വിമർശിച്ചുകൊണ്ടുള്ളതായിരുന്നു. അദ്ദേഹത്തിന്റെ പ്രസിദ്ധ വാചകമാണ് 'ദൈവത്തിന്റെ അസ്തിത്വം സംബന്ധിച്ച യഥാർഥ തെളിവ് അനുഭവഭേദ്യമാകുന്നതുവരെ മനുഷ്യർ നിരീശ്വരവാദികളായി തുടരുക' എന്നത്. ആന്റണിയുടെ ജീവിതത്തിലെ അവസാനത്തിൽ തന്റെ വ്യക്തിപരമായ ബോധ്യങ്ങൾ തിരുത്തുന്നുണ്ട്. 2004ലെ ഒരു തത്ത്വശാസ്ത്ര സംവാദത്തിനിടയിലാണ് അദ്ദേഹം തന്റെ ഇസ്‌ലാം ആശ്ലേഷണം പ്രഖ്യാപിക്കുന്നത്. തുടർന്ന്, അദ്ദേഹം മുമ്പ് എഴുതിയ പുസ്കങ്ങളെ തിരുത്തി 'ഇവിടെ ദൈവമുണ്ട്' എന്ന പുസ്തകം രചിച്ചു. തന്റെ ഇസ്‌ലാം പ്രഖ്യാപനംകൊണ്ട് അദ്ദേഹത്തിന് ലോക നിരീശ്വരവാദ വിഭാഗങ്ങളിൽനിന്ന് വലിയ അപകീർത്തി ഏറ്റുവാങ്ങേണ്ടിവന്നു. കാരണം, ഏകദേശം അമ്പതു വർഷത്തോളം സംവാദങ്ങളിൽ നിരീശ്വരവാദത്തിനായി ഉയർന്നുനിന്ന ശബ്ദമായിരുന്നു ആന്റണി ഫ്ളുവിന്റെത്. എഴുപത്തിയെട്ടാമത്തെ വയസ്സിൽ (2010ൽ) അദ്ദേഹം ഇഹലോകവാസം വെടിഞ്ഞു.


ആന്റണി ഫ്ളു പറയുന്നു: 'ഞാൻ ഇസ്‌ലാം സ്വീകരിച്ചത് മുതൽ ആളുകൾ വ്യത്യസ്ത പരിപാടികളിലായി വളരെ ഗൗരവപൂർവം എന്നോട് ചോദിച്ചത്; താങ്കളുടെ മുമ്പത്തെ വീക്ഷണത്തിൽനിന്ന് എന്തുകൊണ്ട് പിന്മാറി എന്നതാണ്. എന്നാൽ, ഞാൻ അതിനെക്കുറിച്ച് അവർക്ക് വിശദീകരണം നൽകിയില്ല. ഇപ്പോൾ ഞാൻ യഥാർഥ ബോധ്യത്തിലേക്ക് എത്തിയിരിക്കുന്നു. എന്റെ അവസാനത്തെ സാക്ഷ്യവും ഉൽബോധവുമാണ് എന്റെ പുസ്തകത്തിന്റെ പേര് മുന്നോട്ടുവയ്ക്കുന്നത്-ഇവിടെ ദൈവമുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു.' തുടർന്ന് പറയുന്നു: 'ഈ പ്രപഞ്ചം ദൈവമുണ്ടെന്ന് തന്നെ പൂർണമായും ബോധ്യപ്പെടുത്തുന്നുണ്ട്. നിലനിൽക്കുന്ന ലോകത്തിന്റെ താളാത്മകത സ്രഷ്ടാവുണ്ടെന്ന ചിന്ത പ്രതിഫലിപ്പിക്കുന്നു. വൈവിധ്യമാർന്ന ജീവനുകളും അവയുടെ വളർച്ചയും ദൈവികതയിൽ നിന്നാണെന്ന് ഞാൻ വശ്വസിക്കുന്നു.'

അമ്പതുവർഷത്തിന് മുകളിൽ നിരീശ്വരവാദത്തിന്റെ പ്രചാരകനായി നിലകൊണ്ട ആന്റണി ഒരുപാട് പുസ്തകങ്ങളെഴുതുകയും പിന്നീട് ഇസ്‌ലാം സ്വീകരിക്കുകയും ചെയ്തത് നിരീശ്വരവാദത്തിൽനിന്ന് വിശ്വാസത്തിലേക്ക് പ്രവേശിക്കാൻ ലോകത്തിന് നൽകുന്ന വിശ്വസ്തതയുടെ വലിയ പ്രതീകമാണ്.

## മുനീർ ശഫീഖ്

ക്രിസ്തുമത വിശ്വാസികളായ മാതാപിതാക്കളുടെ മകനായി 1934ൽ ഖുദ്സിലാണ് മുനീർ ശഫീഖ് ജനിക്കുന്നത്. പിന്നീട് അദ്ദേഹം രാഷ്ട്രീയ പ്രവർത്തനത്തിൽ വ്യാപൃതനായി. ജോർദാൻ കമ്യൂണിസ്റ്റ് പാർട്ടിയിലാണ് അദ്ദേഹം പ്രവർത്തിച്ചിരുന്നത്. ശേഷം മധ്യപൗരസ്ത്യ ദേശത്തിൽ നിരീശ്വരവാദ മാർക്സിസ്റ്റ് തത്ത്വശാസ്ത്രത്തിനായി സംവാദങ്ങളിൽ എഴുന്നേറ്റുനിൽക്കുന്ന സവിശേഷ സാന്നിധ്യമായി മാറി. അദ്ദേഹം 1970കളുടെ അവസാനംവരെയും നിരീശ്വരവാദിയായി ജീവിച്ചു.

ചില കമ്യൂണിസ്റ്റ് സൈദ്ധാന്തികരുമായി ചേർന്ന്, സോവിയറ്റ് യൂണിയനിലുണ്ടായിരുന്ന കമ്യൂണിസ്റ്റ് പാർട്ടിയുടെ കേന്ദ്ര കമ്മിറ്റിയുടെ മാതൃകയിൽ മുനീർ ശഫീഖ് മധ്യപൗരസ്ത്യ ദേശത്ത് കമ്യൂണിസ്റ്റ് പാർട്ടിയുടെ കേന്ദ്ര കമ്മിറ്റി രൂപീകരിച്ചു. അദ്ദേഹം കമ്യൂണിസ്റ്റ് പാർട്ടിയുടെ പ്രധാന അംഗമായിരുന്നു. ഒമ്പത് അംഗങ്ങളാൽ രൂപീകൃതമായ ഈ കമ്മിറ്റിയുടെ പ്രവർത്തന ദൗത്യം ഇറാഖ്, സിറിയ, ലബനാൻ, ജോർദാൻ, ഫലസ്തീൻ തുടങ്ങിയ രാജ്യങ്ങളിലെ കമ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വങ്ങൾക്ക് പരിശീലനം നൽകുകയെന്നതായിരുന്നു. തുടർന്ന്, സോവിയറ്റ് യൂണിയനിലെ നിരീശ്വരവാദ പ്രവർത്തനങ്ങൾ മനസ്സിലാക്കുന്നതിന് റഷ്യൻ എംബസിയുടെ ക്ഷണപ്രകാരം ഈ കമ്മിറ്റി 1970കളുടെ തുടക്കത്തിൽ റഷ്യ സന്ദർശിച്ചിരുന്നു. എന്നാൽ, ഈ സംഘം വളരെ നിരാശയോടെയാണ്



റഷ്യയിൽനിന്ന് യാത്രതിരിക്കുന്നത്. മാർക്സിസത്തിന്റെ ആചാര്യനായ കാറൽ മാർക്സ് അവതരിപ്പിച്ച പ്രത്യയശാസ്ത്ര കാഴ്ചപ്പാടിൽനിന്ന് വ്യതിചലിച്ച സാമൂഹിക, സാമ്പത്തിക ക്രമമാണ് അവർക്ക് സോവിയറ്റ് യൂണിയനിൽ കാണാൻ കഴിഞ്ഞത്. മാർക്സിയൻ സിദ്ധാന്തങ്ങൾ നടപ്പിലാക്കുന്നതിൽ അവർ പരാജയപ്പെട്ടിരിക്കുന്നു! തുടർന്ന് കമ്മിറ്റി തങ്ങളുടെ പ്രവർത്തനം മോസ്കോവിൽ നിന്നും അവരുടെ മാർക്സിയൻ പ്രായോഗികതയിൽ നിന്നും വ്യത്യസ്തമായി തുടരാൻ തീരുമാനിച്ചു.

മാർക്സിസ്റ്റ് കാലത്തെ അദ്ദേഹത്തിന്റെ പ്രധാന പുസ്തകങ്ങൾ ഇപ്പോഴും കമ്യൂണിസ്റ്റ് വേദികളിൽ ആഘോഷിക്കപ്പെടുന്നവയാണ്. മാത്രമല്ല, അതിൽനിന്ന് അവർ പ്രചോദനവും ഉൾക്കൊള്ളുന്നു. അദ്ദേഹത്തിന്റെ പ്രധാന പുസ്തകങ്ങളാണ് 'മാർക്സിസം, ലെനിനിസം, അടിയന്തര വിപ്ലവം,' 'മാർക്സിസം, ലെനിനിസം, വിപ്ലവ പാർട്ടിയുടെ സിദ്ധാന്തം,' 'യുദ്ധശാസ്ത്രം' എന്നിവ.

മുനീർ ശഫീഖ് മാർക്സിസ്റ്റ് നിരീശ്വരവാദത്തിൽ നിന്ന് ഇസ്‌ലാമിലേക്ക് വന്ന ശേഷം പറയുകയുണ്ടായി: 'കേന്ദ്ര കമ്മിറ്റി അംഗങ്ങൾ മറ്റു സംസ്കാരങ്ങളുടെ അടിസ്ഥാനങ്ങൾവച്ച് മാർക്സിയൻ സംസ്കാരത്തെ വൈവിധ്യവത്കരിക്കാനും സമ്പന്നമാക്കാനും തീരുമാനിച്ചിരുന്നു. കമ്മിറ്റി കൂടിയപ്പോൾ തീരുമാനിച്ചത് വിശുദ്ധ വേദങ്ങൾ വായിക്കുകയും പഠിക്കുകയും ചെയ്യുക എന്നതായിരുന്നു. അതിനായി ആദ്യമായി ഹിന്ദുമത വിശ്വാസികളുടെ വേദങ്ങൾ പഠിച്ചു തുടങ്ങാൻ തീരുമാനിച്ചു. തുടർന്ന്, ജൂതന്മാരുടെ വിശുദ്ധ വേദമായ തൗറാത്തും ക്രിസ്ത്യാനികളുടെ വിശുദ്ധ വേദമായ ബൈബിളും മുസ്‌ലിംകളുടെ വിശുദ്ധ ക്വുർആനും വായിക്കാനും പഠിക്കാനും തീരുമാനിക്കുകയായിരുന്നു. ഈ വിശുദ്ധ വേദങ്ങളുടെയെല്ലാം വിശദീകരണം അതത് വേദങ്ങളുടെ വ്യാഖ്യാതാക്കളിൽ നിന്ന് ലഭ്യമായത് അവർക്ക് അർഥവും സംശയവുമെല്ലാം തീർക്കുന്നതിന് സഹായകരമാവുകയും ചെയ്തു.'

മുനീർ ശഫീഖ് തന്റെ ഈ അനുഭവം പങ്കുവെച്ചതിന് ശേഷം പറയുന്നു: 'വ്യത്യസ്ത മതവിഭാഗങ്ങളുടെ വിശുദ്ധ വേദഗ്രന്ഥങ്ങൾ വായിച്ച് വിശകലനവും താരതമ്യവും നടത്തിയപ്പോൾ, അവർക്ക് വിശുദ്ധ ക്വുർആനിലെ മാനുഷികമൂല്യങ്ങളെ സംബന്ധിച്ചും പ്രാവർത്തിക ജിവതത്തെ സംബന്ധിച്ചും വ്യക്തമായ ബോധ്യമുണ്ടായി. കൂടാതെ, അവരുടെ എല്ലാവിധ ചോദ്യങ്ങൾക്കുമുള്ള ഉത്തരം ലഭിക്കുന്നതിനും ചിന്തയിലും സംസ്കാരത്തിലും മാനുഷിക നാഗരിക രീതിശാസ്ത്രത്തിലും മികച്ചുനിൽക്കുന്നതാണ് വിശുദ്ധ ക്വുർആനെന്നും അവർ തിരിച്ചറിഞ്ഞു. ഇതിന് സമാനമായ വേദഗ്രന്ഥമോ ചിന്താപദ്ധതിയോ ഇല്ലെന്ന് അവർ തീർച്ചപ്പെടുത്തി.'

തുടർന്ന് അദ്ദേഹം പറയുന്നു: 'പിന്നീട് വിശുദ്ധ ക്വുർആനിന്റെ കൽപനകളും പാഠങ്ങളും നടപ്പിൽ വരുത്തുന്നതിനായുള്ള ചിന്ത കേന്ദ്ര കമ്മിറ്റി അംഗങ്ങൾക്കിടയിൽ ഉദയംകൊണ്ടു. വിശുദ്ധ ക്വുർആനിന്റെ മൂല്യങ്ങൾ ഉൾക്കൊള്ളുകയും അത് മുറുകെ പിടിക്കുകയുമാണ് കമ്മിറ്റി അംഗങ്ങൾ പിന്നീട് ചെയ്തത്. അങ്ങനെ ഇസ്‌ലാമിലേക്ക് പ്രവേശിച്ച് വിശ്വാസത്തിന്റെ ഭാഗമായി നീങ്ങാനുള്ള തീരുമാനം രൂപപ്പെട്ടു. ഇസ്‌ലാമിലേക്ക് വന്നതിന് ശേഷം മുനീർ ശഫീഖ് വ്യതിരിക്തമായ ഇസ്‌ലാമിക സംസ്കാരത്തെ സംബന്ധിച്ച് ധാരാളം ലേഖനങ്ങളും പുസ്തകളും എഴുതി. അവയിൽ പ്രധാന പുസ്തകങ്ങൾ: 1) നാഗരിക പോരാട്ടങ്ങൾക്കിടയിലെ ഇസ്‌ലാം. 2) ഇസ്‌ലാമും ആധുനിക അധഃപതന വെല്ലുവിളികളും. 3) നവോത്ഥാനവും പതിതാവസ്ഥയും. 4) വികസനസ്വാതന്ത്ര്യ പ്രശ്നങ്ങൾ. 5) മാറ്റത്തിന്റെ പ്രത്യയശാസ്ത്രം. 6) പുതിയ ലോകക്രമവും പ്രതിസന്ധികളും.

വൈജ്ഞാനികവും രാഷ്ട്രീയവുമായ മേഖലകളിലും അദ്ദേഹത്തിന്റെ ലേഖനകളും പുസ്തകങ്ങളും കാണാൻ കഴിയുന്നതാണ്. ആധുനിക കാലത്ത് പരിഗണിക്കപ്പെടുന്ന പ്രഗത്ഭ ഇസ്‌ലാമിക പണ്ഡിതനാണ് മുനീർ ശഫീഖ്.






**ജെഫ്രി ലാങ്**

1954ൽ അമേരിക്കയിലെ ബ്രിഡ്ജ്പോർട്ട് പട്ടണത്തിലാണ് ജെഫ്രി ലാങ് ജനിക്കുന്നത്. പെർഡ്യു യൂണിവേഴ്സിറ്റിയിൽ നിന്ന് ഡോക്ടറേറ്റ് നേടി. നിലവിൽ യു.എസിലെ സാൻഫ്രാൻസിസ്കോ സ്റ്റേറ്റിലെ കൻസാസ് യൂണിവേഴ്സിറ്റിയിൽ ഗണിതശാസ്ത്ര വിഷയത്തിൽ പ്രൊഫസറായി ജോലിചെയ്യുന്നു.

അദ്ദേഹം പറയുന്നു: 'ക്രിസ്തുമത വിശ്വാസം അനുസരിച്ച് ജീവിക്കുന്ന മാതാപിതാക്കളുടെ മകനായിട്ടാണ് ഞാൻ ജനിച്ചത്. തുടർന്ന് ഹൈസ്കൂൾ വിദ്യാഭ്യാസം നേടി. ഈ സമയത്ത് ദൈവവിശ്വാസത്തെക്കുറിച്ച് ക്ലാസ്സെടുത്തിരുന്ന അധ്യാപകനോട് ധാരാളം ചോദ്യങ്ങൾ ചോദിച്ചു. അത് ദൈവമുണ്ടോ ഇല്ലയോ എന്ന് മനസ്സിലാക്കുന്നതിനായിരുന്നു. ക്രിസ്തുമതത്തിലെ ത്രിയേകത്വം സംബന്ധിച്ച ചോദ്യത്തിലൂടെ ദൈവത്തെ കണ്ടെത്താനുള്ള ശ്രമം നടത്തി. നിരന്തരം ചോദ്യങ്ങൾ ചോദിച്ചത് കാരണം പഠിപ്പിച്ചിരുന്ന അധ്യാപകൻ ക്ലാസ്സിൽനിന്ന് നിരീശ്വരവാദിയെന്ന് അധിക്ഷേപിച്ച് പുറത്താക്കി. അത് കൂട്ടുകാർക്കും കുടുംബക്കാർക്കുമിടയിൽ സംസാരവിഷയമായി. അവരാരും ജെഫ്രി നിരീശ്വരവാദിയെല്ലെന്ന് സ്ഥാപിക്കാൻ തയ്യാറായതുമില്ല. മറിച്ച്, നിരീശ്വരവാദിയെന്ന ആ വിളിയെ ശരിവയ്ക്കുകയായിരുന്നു.'

തുടർന്ന് പത്തുവർഷത്തോളം നിരീശ്വരവാദിയായി ജെഫ്രി ലാങ് ജീവിച്ചു. അതിനിടയിൽ ഉന്നത പഠനം പൂർത്തീകരിക്കുകയും സാൻഫ്രാൻസിസ്കോ യൂണിവേഴ്സിറ്റിയിൽ പ്രൊഫസറായി നിയമിക്കപ്പെടുകയും ചെയ്തു. ഈ യൂണിവേഴ്സിറ്റിയിൽ ഒരു അറബി വിദ്യാർഥിയുണ്ടായിരുന്നു. ജെഫ്രി ലാങും ആ അറബി വിദ്യാർഥിയും തമ്മിൽ നല്ല ബന്ധമായിരുന്നു. ആ വിദ്യാർഥി വിശുദ്ധ ക്വുർആനിന്റെ പരിഭാഷ അദ്ദേഹത്തിന് നൽകി. അതായിരുന്നു ജെഫ്രി ലാങ് ഇസ്‌ലാം ആശ്ലേഷിക്കാനുള്ള കാരണം.

ജെഫ്രി ലാങ് പറയുന്നു: 'വിശുദ്ധ ക്വുർആൻ ആദ്യമായി വായിച്ച സമയത്ത്, വിശുദ്ധ ക്വുർആൻ എന്നെ വായിക്കുകയാണോ എന്നെനിക്ക് തോന്നി. മാനസികശാസ്ത്ര വിഷയം പഠിപ്പിക്കുന്ന അധ്യാപകന്റെ മുന്നിലാണെന്ന പോലെ അനുഭവപ്പെട്ടു. എന്റെ മറഞ്ഞുകിടന്ന എല്ലാ വിചാരങ്ങൾക്കുമേലും അത് പ്രകാശമായി വിരിഞ്ഞു. പ്രശ്നങ്ങൾക്ക് മുമ്പിൽ എന്റെ മുന്നിലെ പ്രധാന അവലംബമായിരുന്നു വിശുദ്ധ ക്വുർആൻ. അത് എന്നെ ആഴത്തിലേക്ക് കൊണ്ടുപോവുകയും സത്യത്തിന് മുന്നിൽ എന്നെ നഗ്നനാക്കുകയും ചെയ്തു. മനസ്സിൽ രൂപപ്പെടുന്ന എല്ലാ ചോദ്യങ്ങൾക്കും വിശുദ്ധ ക്വുർആനിൽ യുക്തിപരമായ മറുപടി ഞാൻ കണ്ടെത്തി. ഇതെന്നെ ദൈവവിശ്വാസത്തിലേക്ക് നയിച്ചു. അങ്ങനെ ഞാൻ മുസ്‌ലിമായി.'


ഇസ്‌ലാമിക വിശ്വാസം സ്വീകരിച്ച് അടങ്ങിയിരിക്കുകയല്ല ജെഫ്രി ലാങ് ചെയ്തത്. ആഴമേറിയ ഒരുപാട് പുസ്തകങ്ങൾ അദ്ദേഹം രചിച്ചു. പ്രത്യേകിച്ച്, അദ്ദേഹത്തിന്റെ നിരീശ്വരവാദത്തിൽ നിന്നുള്ള വിശ്വാസത്തിലേക്കുള്ള പ്രയാണത്തെ സംബന്ധിച്ച്.

അദ്ദേഹത്തിന്റെ പ്രധാന കൃതികൾ: 1) Sruggling to Surrender: Some Impressions of an American Convert to Islam. ഈ പുസ്തകത്തിലാണ് നിരീശ്വരവാദത്തിൽനിന്ന് വിശ്വാസത്തിലേക്ക് വന്ന തന്റെ അനുഭവം പങ്കുവെക്കുന്നത്. 2) Even Angels Ask: A Journey to Islam in America. 3) Losing My Religion: A Call for Help.

നിലവിൽ, അമേരിക്കയിലെ പ്രസിദ്ധ ഇസ്‌ലാമിക ചിന്തകനും പ്രബോധകനും കർമശാസ്ത്ര പണ്ഡിതനുമാണ് ജെഫ്രി ലാങ്.

അലി ചെമ്മാട്
alichemmad@gmail.com






# പരിണാമത്തിന്റെ ഹൃദയശസ്ത്രക്രിയ


**പരിണാമത്തിന് തെളിവ് കണ്ടെത്താൻ വേണ്ടി മുപ്പത് വർഷത്തിലധികമായി നടന്നുവരുന്ന മിച്ചിഗൺ യൂണിവേഴ്സിറ്റിയിലെ റിച്ചാർഡ് ലെൻസ്കിയുടെ കോളി ബാക്ടീരിയാ പരീക്ഷണം കൊറോണാ വ്യാപന പശ്ചാത്തലത്തിൽ നിർത്തിവെച്ചിരിക്കുകയാണ്. 'പരിണാമത്തിന്റെ ഹൃദയ'മായി റിച്ചാർഡ് ഡോക്കിൻസ് പരിചയപ്പെടുത്തിയ ഈ പരീക്ഷണത്തിന്റെ പരിണാമ വികാസങ്ങൾ വിശകലനം ചെയ്യുന്നു.**

*ലോകത്ത് പരിണാമത്തിന് തെളിവു കണ്ടെത്തുക എന്ന ഒറ്റ ലക്ഷ്യത്തോടെ മിച്ചിഗൺ യൂണിവേഴ്സിറ്റിയിൽ റിച്ചാർഡ് ലെൻസ്കിയുടെ നേതൃത്വത്തിൽ ദീർഘകാല ലക്ഷ്യത്തോടെ ഇ-കോളി ബാക്ടീരിയകളിൽ നടത്തിയ പരീക്ഷണം (1988 ഫെബ്രുവരി 24 മുതൽ 2020 മാർച്ച് 8 വരെ -നീണ്ട 32 വർഷം തുടർച്ചയായി നടത്തിയ പരീക്ഷണം) മാർച്ച് 8ന് കൊറോണവ്യാപന പശ്ചാത്തലത്തിൽ നിർത്തിയിരിക്കുന്നു. പരിണാമം തെളിയിക്കുക എന്ന ലക്ഷ്യത്തിൽ മാത്രം നടത്തിയ ഈ പരീക്ഷണം റിച്ചാർഡ് ഡോകിൻസ് പരിണാമം തെളിയിക്കാൻ വേണ്ടി എഴുതിയ 'ഭൂമിയിലെ ഏറ്റവും മഹത്തായ ദൃശ്യവിസ്മയം: പരിണാമത്തിന്റെ തെളിവുകൾ' എന്ന ഗ്രന്ഥത്തിന്റെ ഹൃദയമായി പരിചയപ്പെടുത്തിയിട്ടുണ്ട്. ഈ പരീക്ഷണം നിർത്തിയ സാഹചര്യത്തിൽ പരീക്ഷണം പരിണാമം തെളിയിച്ചോ ഇല്ലയോ എന്ന അന്വേഷണമാണ് ഇവിടെ നടക്കുന്നത്.*

'ഡാർവിൻസ് റൊട്ട്‌വെയ്‌ലർ (darwin's rottweiler) എന്ന വിളിപ്പേരുള്ള വിഖ്യാത പരിണാമശാസ്ത്രജ്ഞനും നാസ്തിക ചിന്തകനുമായ മുൻ ഓക്സ്ഫോർഡ് പ്രൊഫസർ റിച്ചാർഡ് ഡോകിൻസിന്റെ പരിണാമശാസ്ത്ര സംബന്ധിയായ ഏറ്റവും പുതിയ കൃതിയാണ് 'ഭൂമിയിലെ ഏറ്റവും മഹത്തായ ദൃശ്യവിസ്മയം: പരിണാമത്തിന്റെ തെളിവുകൾ' (The Greatest Show On Earth: Evidence for Evolution' Bentam press, 2009 Sept). തോമസ് ഹക്സിലിക്ക് ശേഷം ഡാർവിന്റെ ഏറ്റവും കരുത്തനായ വക്താവായി പരിഗണിക്കപ്പെടുന്ന ഡോകിൻസ് പരിണാമസംബന്ധിയായ നിരവധി ബെസ്റ്റ്സെല്ലറുകളുടെ കർത്താവാണ്."(1)


ഈ ഗ്രന്ഥത്തിന്റെ മലയാള പരിഭാഷയുടെ മുഖവുര ആരംഭിക്കുന്നത് ഡോകിൻസിനെ ഇങ്ങനെ പരിചയപ്പെടുത്തിക്കൊണ്ടാണ്. ആ മുഖവുരയിലെ അവസാനത്തിൽ കുറിക്കുന്നു: "ഇന്ന് പരിണാമത്തെക്കുറിച്ച് ഒരു പരീക്ഷ നടത്തിയാൽ അതിൽ ഡാർവിൻ വിജയിക്കാനിടയില്ലെന്നു നാം പറയാറുണ്ട്. 21ാം നൂറ്റാണ്ടിൽ ഡാർവിൻ പുനർജനിക്കുന്നുവെന്നു വെറുതെ സങ്കൽപിക്കുക. തന്റെ ആശയം ഇന്നെങ്ങനെ സ്വീകരിക്കപ്പെടുന്നുവെന്നറിയാൻ അദ്ദേഹം ഒരു പുസ്തകശാല സന്ദർശിക്കുന്നുവെന്നും കരുതുക. കാര്യങ്ങളറിയാൻ അദ്ദേഹം തെരഞ്ഞെടുക്കുന്ന പുസ്തകം 'ഭൂമിയിലെ ഏറ്റവും മഹത്തായ ദൃശ്യവിസ്മയം' തന്നെയായിരിക്കും"(2)

'ഭൂമിയിലെ ഏറ്റവും മഹത്തായ ദ്രിശ്യവിസ്മയം: പരിണാമത്തിന്റെ തെളിവുകൾ' എന്ന ഗ്രന്ഥത്തെക്കുറിച്ച് പരിഭാഷകൻ, നാസ്തിക കേരളത്തിന്റെ ആസ്ഥാനദാർശനികൻ രവിചന്ദ്രൻ സി പരിചയപ്പെടുത്തിയ വചനങ്ങളാണ് നാം വായിച്ചത്. കൃതിയെ കുറിച്ച് കർത്താവ് റിച്ചാർഡ് ഡോകിൻസ് എന്ത് പറയുന്നു എന്നത് കൂടി പരിഗണനീയമാണ്: "പരിണാമത്തെ കുറിച്ച് ഞാനെഴുതിയ ആദ്യപുസ്തകമല്ലിത്. അതുകൊണ്ട് തന്നെ മറ്റു പുസ്തകങ്ങളിൽനിന്നും വ്യത്യസ്തമായി എന്താണ് ഇതിലുള്ളതെന്നു വ്യക്തമാക്കേണ്ടതുണ്ട്. എന്റെ 'കാണാക്കണ്ണി'യായി (Missing link) ഇതിനെ വിശേഷിപ്പിക്കാം. ദി സെൽഫിഷ് ജീനും (The Selfish Gene) എക്സ്റ്റൻഡഡ് ഫിനോടൈപ്പും (Extended phenotype) നമുക്ക് പരിചിതമായ പരിണാമത്തിന്റെ അത്രതന്നെ പരിചിതമല്ലാത്ത ചില വശങ്ങൾ അവതരിപ്പിക്കുന്നവയായിരുന്നു. എന്നാൽ അവയൊന്നും പരിണാമത്തിന്റെ തെളിവുകൾ നേരിട്ട് ചർച്ച ചെയ്യുന്ന ഗ്രന്ഥങ്ങളായിരുന്നില്ല."(3)



ഇന്ന് നിലവിലുള്ള, ഭൂമിയിലെ ഏറ്റവും മഹത്തായ പരിണാമ ശാസ്ത്രജ്ഞൻ റിച്ചാർഡ് ഡോകിൻസും അദ്ദേഹത്തിന്റെ ഏറ്റവും മഹത്തായ പരിണാമത്തെളിവുകളുടെ ഉന്നത ശേഖരം 'ഭൂമിയിലെ ഏറ്റവും മഹത്തായ ദൃശ്യവിസ്മയം: പരിണാമത്തിന്റെ തെളിവുകൾ' എന്ന ഗ്രന്ഥവുമാണ് എന്നർഥം. ഈ ഗ്രന്ഥത്തിന്റെ ഹൃദയഭാഗം ഏതെന്നും പരിഭാഷകൻ പരിചയപ്പെടുത്തുന്നു:

"1998ൽ മിച്ചിഗൺ സ്റ്റേറ്റ് യൂണിവേഴ്സിറ്റിയിലെ മൈക്രോ ബയോളജിസ്റ്റായ റിച്ചാർഡ് ലെൻസ്കിയും (Richard lenski) കൂട്ടരും എഷറിച്ചിയ കോളി (Escherichiya coli) എന്ന ബാക്ടീരിയയുടെ 12 ഗോത്രങ്ങളെ നാൽപത്തയ്യായിരം തലമുറകൾ പരീക്ഷണശാലയിൽ വളർത്തിയതിന്റെ വിശദാംശങ്ങൾ അഞ്ചാമധ്യായത്തിലുണ്ട്... സ്ഥൂലപരിണാമവും (Macro evolution) അനുഭവഭേദ്യമാണെന്നു തെളിയിക്കാനാണ് ലെൻസ്കിയുടെ പരീക്ഷണം ഡോകിൻസ് പരാമർശിക്കുന്നത്. അക്കാദമിക് സംവാദങ്ങളുടെ അജണ്ട നിശ്ചയിക്കാൻ ശേഷിയുള്ള പരീക്ഷണം പുസ്തകത്തിന്റെ ഹൃദയഭാഗമാണ്."(4)




ഏതൊരു കാര്യത്തിന്റെയും സ്ഥലത്തിന്റെയും രക്തചംക്രമണ വ്യവസ്ഥയുള്ള ജീവികളുടെയും മനുഷ്യന്റെ തന്നെയും ഏറ്റവും പ്രധാനഭാഗമാണ് ഹൃദയം. നഗരത്തിന്റെ ഹൃദയഭാഗം എന്ന പ്രയോഗം ഇതിന് അടിവരയിടുന്നു. ഡോകിൻസിയൻ ഗ്രന്ഥത്തിന്റെ ഹൃദയമായ അഞ്ചാം അധ്യായത്തിലെ റിച്ചാർഡ്‌ലെൻസ്‌കിയുടെ ഇ-കോളി ബാക്ടീരിയ പരീക്ഷണമാണ് നാം ഇവിടെ വിശകലന വിധേയമാക്കുന്നത്. ഇ-കോളി പരീക്ഷണത്തെ കുറിച്ച് ഡോകിൻസ് പറയുന്നത് കാണുക:

“വിശദാംശങ്ങളുടെ കാര്യത്തിൽവരെ തീർച്ചമൂർച്ച വരുത്തി സൂക്ഷ്മമായിട്ടാണ് അവർ കാര്യങ്ങൾ കൈകാര്യം ചെയ്തത്. പരിണാമത്തിന്റെ തെളിവുകളുടെ പ്രഹരശേഷി ശരിക്കും വർധിപ്പിക്കുന്ന ഫലങ്ങളാണ് ലെൻസ്‌കിക്ക് ലഭിച്ചത്. അതുകൊണ്ട്തന്നെ കാര്യങ്ങൾ വിശദമാക്കുന്നത് വൈകിപ്പിക്കാൻ ഉദ്ദേശിക്കുന്നില്ല. അതിനർഥം വരുന്ന ഏതാനും പേജുകളിൽ അൽപം സങ്കീർണമായ കാര്യങ്ങളായിരിക്കും വിവരിക്കപ്പെടുന്നതെന്നാണ്. പ്രയസകരമല്ല-ഒരൽപം കുഴഞ്ഞുമറിഞ്ഞ വിശദാംശങ്ങൾ, അത്രമാത്രം. ദിവസത്തിന്റെ അവസാനം ജോലിചെയ്ത് ക്ഷീണിച്ചിരിക്കുന്ന വേളയിൽ പുസ്തകത്തിന്റെ ഈ ഭാഗം വായിക്കരുതെന്ന നിർദേശമാണ് എനിക്കുള്ളത്.”(5) പരിഭാഷകൻ പറഞ്ഞതിന് അടിവരയിടുന്നു ഗ്രന്ഥകർത്താവിന്റെ ഈ സാക്ഷിമൊഴി!

തീർച്ചയായും നാമും ഡോകിൻസിന്റെ ഈ നിർദേശം മുഖവിലക്കെടുത്ത് അർഹിക്കുന്ന പരിഗണനയോടെ വേണം മുന്നോട്ട് പോകാൻ. തുടക്കത്തിൽ വ്യക്തമാക്കിയത് പോലെ ഡാർവിൻ പോലും തന്റെ ഗുരുവായി പരിഗണിക്കേണ്ട, ലോകത്ത് ഇന്ന് നിലനിൽക്കുന്നതും കഴിഞ്ഞുപോയതുമായ സകല പരിണാമ വ്യാഖ്യാതാക്കളിലും ഉന്നതരിൽ ഉന്നതനാണ് സാക്ഷാൽ ശ്രീമാൻ ഡോകിൻസ്! അദ്ദേഹം പരിണാമം ശാസ്ത്രീയമാണെന്ന് വ്യാഖ്യാനിക്കാൻ നിരവധി പരിണാമഗ്രന്ഥങ്ങളും ഡോക്യുമെന്ററികളും ലേഖനങ്ങളും ചർച്ചകളും സംവാദങ്ങളും തട്ടിപ്പുകളും നടത്തിയിട്ടുണ്ട്. അതിൽ നിന്നെല്ലാം വ്യത്യസ്തമായി പരിണാമത്തിന്റെ തെളിവുകൾ നേരിട്ടവതരിപ്പിക്കുന്ന ഗ്രന്ഥമാണ് ഇത്. ലോകത്തിൽ ഇത്രയും ‘പരിശുദ്ധ പരിണാമപുസ്തകം’ വേറെയില്ല. ആ ഗ്രന്ഥത്തിന്റെ ഹൃദയമാണ് ലെൻസ്‌കി നടത്തിയ ഇ-കോളി ബാക്ടീരിയളെ കുറിച്ചുള്ള അഞ്ചാം അധ്യായത്തിലെ ‘നാൽപത്തയ്യായിരം തലമുറകളിലെ പരിണാമം പരീക്ഷണശാലയിൽ എന്ന ഉപശീർഷകം.’ അതായത് ഇന്ന് ഭൂമിയിൽ നിലനിൽക്കുന്ന ഏറ്റവും മഹത്തായ പരിണാമത്തെളിവിന്റെ ഹൃദയശസ്ത്രക്രിയയാണ് പരിമിത സൗകര്യത്തിൽ നാം നടത്താൻ തയ്യാറായിരിക്കുന്നത്. അതുകൊണ്ട്തന്നെ ഇത്രയും കണിശമായ ഒരു സർജറിയിൽ പങ്കെടുക്കുന്ന നാമോരോരുത്തരും അതിന്റെ ഗൗരവം പൂർണമായി ഉൾകൊള്ളണം. അവസാനഫലം നമ്മെ അത്ഭുതപ്പെടുത്തിയേക്കാം. അതുകൊണ്ട് ഈ കുറിപ്പിന്റെ അവസാന ഭാഗങ്ങൾ അവഗണിക്കരുത് എന്ന അപേക്ഷയോടെ ആരംഭിക്കട്ടെ.

ആദ്യമായി ലെൻസ്‌കിയുടെ ഇ-കോളി ബാക്ടീരിയാ പരീക്ഷണം എന്താണ്, എങ്ങനെയാണ്, എപ്പോഴാണ് എന്നെല്ലാം മനസ്സിലാക്കി മുന്നോട്ട് പോകാം. അതോടൊപ്പം ലെൻസ്‌കിയുടെ ബാക്ടീരിയാ പരീക്ഷണത്തിലൂടെയുള്ള ഡോകിൻസിന്റെ പ്രഹരം നേരിടാനുള്ള കെൽപും ശേഷിയും നേടാം.

ഇ-കോളിയെ പരിചയപ്പെടുക: “ഇ-കോളി ഒരു സാധാരണ ബാക്ടീരിയയാണ്; വളരെ സാധാരണമായ ഒന്ന്. ലോകത്തെമ്പാടും ഒരു സമയം കുറഞ്ഞത് നൂറു ബില്യൺ ബില്യൺ എണ്ണമെങ്കിലും അവയുണ്ടാകും. ലെൻസ്‌കിയുടെ കണക്കുകൂട്ടലിൽ അവയിൽ ഏതാണ്ട് ഒരു ബില്യണോളം എണ്ണം ഈ നിമിഷം നിങ്ങളുടെ വൻകുടലിൽ വസിക്കുന്നുണ്ട്. പൊതുവിൽ ഇവ ഒട്ടുമുക്കാലും ഉപദ്രവകാരികളല്ല; പലപ്പോഴും സഹായകരവുമാണ്. എന്നാൽ ഇടയ്ക്കു ചിലപ്പോൾ പ്രശ്നഹേതുവാകുന്നത് ശ്രദ്ധ പിടിച്ചു പറ്റാറുണ്ട്. ഉത്പരിവർത്തനം വളരെ അപൂർവമാണെങ്കിലും ഇ-കോളിയുടെ എണ്ണം വളരെ വലുതായതിനാൽ ഇടക്കിടെയുള്ള ഇത്തരം പരിണാമവ്യതിയാനങ്ങളിൽ അത്ഭുതപ്പെടാനൊന്നുമില്ല. ഇരട്ടിക്കലിലൂടെ പുതുതലമുറകൾ സൃഷ്ടിക്കപ്പെടു

മ്പോൾ എതെങ്കിലുമൊരു ജീൻ ഉൽപരിവർത്തനത്തിന് വിധേയമാകാനുള്ള സാധ്യത നൂറുകോടിയിൽ ഒന്ന് എന്ന തോതിൽ പരിമിതപ്പെടുത്തിയാലും ലഭ്യമായ ഇ-കോളി ബാക്ടീരിയകളുടെ എണ്ണം അതിഭീമമായതിനാൽ അതിന്റെ ജിനോമിലുള്ള മുഴുവൻ ജീനുകളും ദിനംതോറും ലോകത്ത് എവിടെയെങ്കിലുംവച്ച് ഉൽപരിവർത്തനത്തിന് വിധേയമാകുന്നുണ്ട്. ലെൻസ്കിയുടെ അഭിപ്രായത്തിൽ 'പരിണാമത്തിന് അനുകൂലമായ നിരവധി സുവർണാവസരങ്ങളാ'ണത് പ്രദാനം ചെയ്യുന്നത്.

പരീക്ഷണശാലയിലെ നിയന്ത്രിത സാഹചര്യങ്ങളിൽ ലെൻസ്കിയും കൂട്ടരും ഈ സാധ്യതയാണ് ചൂഷണം ചെയ്തത്."[6] ഇ-കോളി ബാക്ടീരിയ നമ്മുടെ ആമാശയത്തിലും വൻകുടലിലും എന്തിനേറെ മലത്തിലും ഓടകളിലും കിണർവെള്ളത്തിലും വരെ നിറസാന്നിധ്യമാണ്. ഈ ബാക്ടീരിയകളെയാണ് ലെൻസ്കിയും കൂട്ടരും 11700 ദിവസം (32 കൊല്ലത്തലേറെ) പരിണാമപരീക്ഷണത്തിന് വിധേയമാക്കിക്കൊണ്ടിരുന്നത്! ആ പരീക്ഷണത്തിന്റെ രീതിശാസ്ത്രം കൂടി മനസ്സിലാക്കാം. ഡോകിൻസ് തന്നെ പറയട്ടെ:

"ഇ-കോളി ബാക്ടീരിയകൾ ഇരട്ടിക്കുന്നത് അലൈംഗികമായാകുന്നു. ലളിതമായ കോശവിഭജനമാണത്. കുറച്ചുകാലത്തിനുള്ളിൽ ഒരു വലിയ പോപ്പുലേഷൻ മുഴുവൻ ജനിതകസാമ്യത്തോടെ ക്ലോൺ ചെയ്തെടുക്കാൻ എളുപ്പമാണെന്ന് സാരം. 1988ൽ ലെൻസ്കി അത്തരത്തിലൊരു പോപുലേഷൻ ശേഖരിച്ചു അവയെ 12 സമാനമായ ഫ്ളാസ്ക്കുകളിൽ വ്യാപിക്കാൻ അനുവദിച്ചു. എല്ലാത്തിലും തുല്യ അളവിൽ ആവശ്യമായ ആഹാരസ്രോതസ്സും ഗ്ലൂക്കോസുൾപ്പെടെയുള്ള പോഷകസൂപ്പും (Nutrient broth) അടങ്ങിയിരുന്നു. ഈ പോപ്പുലേഷൻ സൂക്ഷിച്ചിരുന്ന 12 ഫ്ളാസ്ക്കുകൾ ഒരു പ്രകമ്പനം ചെയ്യുന്ന ഇൻകുബേറ്ററിന്റെ (Shaking incubator) ഊഷ്മളതയിൽ വെടിപ്പോടെ സൂക്ഷിച്ചു. ബാക്ടീരിയ ഫ്ളാസ്ക്കിലെ ദ്രാവകത്തിൽ മൊത്തം വ്യാപിക്കാനാണത് കമ്പനം ചെയ്തുകൊണ്ടിരിക്കുന്നത്. വാസ്തവത്തിൽ ഈ 12 ഫ്ളാസ്ക്കുകൾ രണ്ടുദശകങ്ങളായി (ഇപ്പോൾ മൂന്ന് ദശകത്തിലേറെയായി-ലേഖകൻ) പരസ്പരം വേർതിരിക്കപ്പെട്ട അവസ്ഥയിൽ നിലകൊണ്ട പരിണാമത്തിന്റെ 12 വ്യത്യസ്ത കൈവഴികളായിരുന്നു..."

"ഈ 12 വ്യത്യസ്ത ഗോത്രങ്ങളെയും എക്കാലത്തും ഒരേ ഫ്ളാസ്ക്കിൽ തന്നെ സൂക്ഷിക്കുകയായിരുന്നു എന്ന് കരുതരുത്. ഓരോ ഗോത്രത്തെയും ദിനംപ്രതി ഓരോ പുതിയ ഫ്ളാസ്ക്കിലേക്ക് പകർന്നു കൊണ്ടിരുന്നു. ഫ്ളാസ്ക്കിലും അതിനുള്ളിലെ ദ്രാവകത്തിലും വ്യാപിക്കാൻ ബാക്ടീരിയയെ അനുവദിക്കുകയെന്നതാണ് 'പകരുക' എന്നതുകൊണ്ട് ഉദ്ദേശിക്കപ്പെടുന്നത്. ഒന്ന് കണക്കുകൂട്ടി നോക്കൂ, ഓരോ ഗോത്രത്തിലും 7000 (പുതിയ കണക്ക് 11700x12=140400) ഫ്ളാസ്ക്കുകൾ ഉൾപ്പെട്ട നീണ്ടനിരകൾ! ദിനംപ്രതി പഴയ ഫ്ളാസ്ക്കിൽനിന്നും ബാക്ടീരിയ കലർന്ന ദ്രാവകം പുതിയ ഫ്ളാസ്ക്കിലേക്ക് പകർന്നുകൊണ്ടിരുന്നു. ഒരു സാമ്പിൾ, കൃത്യമായിപ്പറഞ്ഞാൽ നൂറിലൊരുഭാഗം ബാക്ടീരിയ മാത്രമാണ് പഴയ ഫ്ളാസ്ക്കുകളിൽ നിന്ന് പുതിയവയിലേക്ക് മാറ്റിയത്. മാറ്റപ്പെടുന്ന ബാക്ടീരിയ പുതിയ ഫ്ളാസ്ക്കിനുള്ളിൽ അതിലടക്കം ചെയ്തിട്ടുള്ള ഗ്ലൂക്കോസടങ്ങിയ സൂപ്പിന്റെ സഹായത്തോടെ പെട്ടെന്ന് തന്നെ പെറ്റുപെരുകിക്കൊള്ളും. അങ്ങനെ പുതിയ ഫ്ളാസ്ക്കിലെ ബാക്ടീരിയകളുടെ പോപ്പുലേഷൻ അമ്പരപ്പിക്കുന്ന രീതിയിൽ വർധിക്കുന്നു. പക്ഷേ, ഈ വർധനക്ക് തൊട്ടടുത്ത ദിവസം ഭക്ഷണം തീരുന്നതോടെ ക്ഷീണം സംഭവിക്കുന്നു. അതോടെ പട്ടിണിപിറക്കുകയും വർധനയുടെ ആക്കം കുറഞ്ഞ് സമീകൃതമായ നിലയിൽ എത്തുകയും ചെയ്യും. പക്ഷേ, അതിനിടെ നൂറിലൊരംശത്തെ മറ്റൊരു പുതിയ ഫ്ളാസ്ക്കിലേക്ക് മാറ്റിയിട്ടുണ്ടാകും. ചുരുക്കിപ്പറഞ്ഞാൽ ഓരോ ഫ്ളാസ്ക്കിലെയും ബാക്ടീരിയകളുടെ എണ്ണം ദിനംപ്രതി വൻതോതിൽ വർധിക്കുകയും പാരമ്യത്തിലെത്തുമ്പോൾ അതിന്റെ ഒരു സാമ്പിൾ പുതിയ ഫ്ളാസ്ക്കിലേക്ക് മാറ്റി അവിടെ ഇതേപ്രക്രിയ ആവർത്തിക്കുകയുമാണ് ചെയ്യുന്നത്. ദൈർഘ്യമേറിയ ഭൗമശാസ്ത്ര കാലത്തിനുള്ളിൽ നടക്കുന്ന പരിണാമത്തിന്റെ അതിശീഘ്ര പതിപ്പെന്നപോലെ (High speed equivalent) ഈ ബാക്ടീരിയകൾ ചാക്രികമായി ദിനംപ്രതിയുള്ള വികാസത്തിനും പട്ടിണിക്കും വിധേയമാവുകയാണ്. അവിടെനിന്നും ഭാഗ്യമുള്ള ഒരു കൂട്ടത്തെ (നൂറിലൊന്ന്) തെരഞ്ഞെടുത്ത് പുതിയ നോഹയുടെ പെട്ടകത്തിലേക്കു മാറ്റുന്നു. ലെൻസ്കിയും കൂട്ടരും ഒരുക്കുന്ന പുതിയ ഫ്ളാസ്ക്കുകളാണ് ഇവിടെ നോഹയുടെ പെട്ടകം. പക്ഷേ, ഈ മാറ്റം വീണ്ടും താൽക്കാലിക സമൃദ്ധിയിലേക്കും പിറകെയെത്തുന്ന പട്ടിണിയിലേക്കുമാണെന്ന് മാത്രം. പരിണാമത്തിനു ഏറ്റവും അനുയോജ്യമായ പരിസ്ഥിതിയാണിതെ

ന്നു പ്രത്യേകം പറയേണ്ടതില്ല. 12 വ്യത്യസ്ത പരിണാമ താവഴികളാണ് ഈ പരീക്ഷണത്തിൽ സമാന്തരമായി പുരോഗമിക്കുന്നത്. ദീർഘമായ ഭൗമശാസ്ത്ര കാലത്തിൽ അനേകം തലമുറകൾ ഉൾകൊള്ളുന്ന ഇത്തരം വികാസപരിണാമങ്ങൾ പലകുറി അരങ്ങേറുന്നുണ്ട്. വേഗം തീരെ കുറവാണെന്ന് മാത്രം. രണ്ടിടത്തും അരങ്ങേറുന്ന പ്രക്രിയ തത്ത്വത്തിൽ ഒന്നുതന്നെ. പക്ഷേ, കണ്ണഞ്ചിപ്പിക്കുന്ന വേഗമാണ് ബാക്ടീരിയകളുടെ കാര്യത്തിൽ എന്ന് മാത്രം."(7)

*(ഈ പരീക്ഷണം പരിണാമത്തിന്റെ അതിവേഗ പരീക്ഷനശാലാ പതിപ്പാണെന്ന കാര്യം പ്രത്യേകം ഓർക്കുക. ലേഖനാവസാനത്തിൽ ആവശ്യം വരും).*

ഇ-കോളി ബാക്ടീരിയ പരീക്ഷണം എങ്ങനെയാണ് നടത്തപ്പെടുന്നത് എന്നും അതിന്റെ സമയദൈർഘ്യം എത്രയെന്നും ഒരേകദേശ ധാരണ കിട്ടിയല്ലോ. സാധാരണ ഭൗമസമയത്തിനുള്ളിൽ ലക്ഷക്കണക്കിന് വർഷമെടുത്തു നടക്കുന്ന പരിണാമം അതേപോലെ പുനഃസൃഷ്ടിച്ചു പ്രാവർത്തികമാക്കാനുള്ള പരിശ്രമമാണിതിലൂടെ ലക്ഷ്യമിടുന്നത്. ഇതിലൂടെ ലഭിച്ച പരിണാമഫലം അടുത്ത പേജുകളിൽ വിശദമാക്കുന്നുണ്ട്. മാത്രമല്ല ഇതിനോടനുബന്ധിച്ചു ഉപപരീക്ഷണങ്ങളും നടക്കുന്നുണ്ട്. അതിലേക്കു പോകുന്നതിനു മുമ്പ്, ഈ പരീക്ഷണത്തിലൂടെ ഇ-കോളി ബാക്ടീരിയകൾക്കുണ്ടായ കണ്ണഞ്ചിപ്പിക്കുന്ന പരിണാമവ്യതിയാനങ്ങൾ കൂടി വിലയിരുത്തപ്പെടേണ്ടതുണ്ട്. അവയോരോന്നായി വിശകലനവിധേയമാക്കാം.

ഡോകിൻസിനെത്തന്നെ വായിക്കുക: "ശരി, നമുക്കിപ്പോൾ 12 ഗോത്രങ്ങളുണ്ട്. ഭൗമസമയത്തിന്റെ അതിവേഗ പതിപ്പുകളെപ്പോലെ, പട്ടിണിയും സുഭിക്ഷതയും മാറിമറിഞ്ഞുവരുന്ന സമാന പരിസ്ഥിതിയിൽ പുതുതലമുറകൾ സൃഷ്ടിച്ചു മുന്നേറുകയാണ് ഈ ഗോത്രങ്ങൾ. ഇവിടെ ഉയരുന്ന കൗതുകകരമായ ചോദ്യമിതാണ്; ഈ തലമുറകൾ എക്കാലത്തും മുൻഗാമികൾക്ക് സമാനമായി തുടരുമോ? അതോ പരിണമിക്കുമോ? പരിണമിക്കുമെങ്കിൽ പന്ത്രണ്ടു ഗോത്രങ്ങളും ഒരേ രീതിയിൽ തന്നെയാവുമോ പരിണമിക്കുന്നത്, അതോ അവ പരിണമിച്ചു വിഭിന്നമായിത്തീരുമോ?"(8)

ബാക്ടീരിയകൾക്ക് പകർന്നു കൊടുക്കുന്ന ഭക്ഷണത്തിന്റെ തോത് വിശദീകരിച്ച് അദ്ദേഹം തുടരുന്നു: "ഏതെങ്കിലുമൊരു ബാക്ടീരിയയിൽ കൂടുതൽ ഫലപ്രദമായി ഗ്ലൂക്കോസ് ആഹരിക്കാൻ സഹായിക്കും വിധമുള്ള ഉൽപരിവർത്തനമുണ്ടായാൽ പ്രകൃതിനിർധാരണം അതിനെ പിന്തുണക്കുമെന്നാണ് ഡാർവിനിസം വിഭാവനം ചെയ്യുന്നത്. താമസിയാതെ അത്തരം ബാക്ടീരിയകളുടെ പതിപ്പുകൾ ഫ്ളാസ്ക്കിലാകമാനം നിറയുമെന്നും പ്രതീക്ഷിക്കാം. ഈ പുതിയ പതിപ്പുകളുടെ പരമ്പരകളായിരിക്കും ഉൽപരിവർത്തനത്തിനു വിധേയമാകാത്തവയുടെ തലമുറകളെ അപേക്ഷിച്ച് പുതിയ ഫ്ളാസ്ക്കുകളിലേക്ക് കൂടുതലായി വ്യാപിക്കപ്പെടുക. അവസാനം ഈയിനം വ്യക്തിഗത ബാക്ടീരിയകളുടെ ഗോത്രത്തിനു ഫ്ളാസ്ക്കുകളിൽ കുത്തക കൈവരും. സത്യത്തിൽ ഇത് തന്നെയാണ് 12 ഗോത്രങ്ങളുടെ കാര്യത്തിലും സംഭവിച്ചത്. ഫ്ളാസ്ക്ക് തലമുറകൾ മുന്നേറുന്തോറും എല്ലാ പന്ത്രണ്ട് ഗോത്രങ്ങളിലെയും ബാക്ടീരിയകൾ ഒരു ഭക്ഷണസ്രോതസ്സെന്ന നിലയിൽ ഗ്ലൂക്കോസ് ചൂഷണം ചെയ്യുന്നതിൽ അവയുടെ ആദിമ മുൻകാമികളെക്കാൾ അതിജീവനക്ഷമത അഥവാ മികവ് (Fitness) ഉള്ളവരായിത്തീർന്നു."(9)

ഇങ്ങനെ ഭക്ഷണത്തിൽ കൂടുതൽ ഗ്ലൂക്കോസ് ചൂഷണം ചെയ്യാൻ തുടങ്ങിയതിലൂടെ ബാക്ടീരിയകൾക്കുണ്ടായ പരിണാമവും തുടർന്ന് വിശദീകരിക്കുന്നുണ്ട്: "ആയിരക്കണക്കിന് തലമുറകൾ പിന്നിട്ടതോടെ 12 പോപ്പുലേഷനുകളിലെയും ബാക്ടീരിയകളുടെ ശരാശരി മികവ് വർധിച്ചു. 12 ഗോത്രങ്ങളിലെയും ബാക്ടീരിയകളും ഗ്ലൂക്കോസ് കുറഞ്ഞുവരുന്ന



പരിസ്ഥിതിയിൽ മെച്ചപ്പെട്ട അതിജീവനക്ഷമത കാണിക്കാൻ തുടങ്ങി. ഇതിനു പല കാരണങ്ങൾ ചൂണ്ടിക്കാണിക്കപ്പെട്ടു. ഫ്ളാസ്ക്കുകളുടെ എണ്ണം പുരോഗമിക്കും തോറും 12 ഗോത്രങ്ങളിലെയും ബാക്ടീരിയകളുടെ വളർച്ചാനിരക്ക് കൂടുകയും ശരാശരി ശരീരവലുപ്പം വർധിക്കുകയും ചെയ്തു.”[10]

ശരീരവളർച്ചയുടെ ഒരു ഗ്രാഫ് ചേർത്ത് അത് വിശദീകരിച്ച ശേഷം ഗ്രന്ഥകർത്താവ് തുടരുന്നു: “ഈ പരിണാമമാറ്റം സൂചിപ്പിക്കുന്ന ഒരു വസ്തുത ഇതാണ്; ഗ്ലൂക്കോസ് സുഭിക്ഷതയും പട്ടിണിയും മാറിമാറി വരുന്ന ഫ്ളാസ്ക്കുകൾക്കുള്ളിലെ വെല്ലുവിളിനിറഞ്ഞ സവിശേഷ പരിസ്ഥിതിയിൽ ‘ശരീരവലുപ്പം വർധിപ്പിക്കുക’ എന്നത് അതിജീവനത്തിന് സഹായകരമായ ഒരു മാറ്റമാണ്.”[11]

ശരീര വളർച്ച വർധിപ്പിക്കുക എന്ന ഈ ‘മികവ്’ കൈവരിക്കാൻ ആയിരക്കണക്കിന് തലമുറകൾ പിന്നിട്ടു എന്നത് അദ്ദേഹം അശ്രദ്ധമായോ അതിശയോക്തി പകർന്നോ പറഞ്ഞതാകാം. അദ്ദേഹം തന്നെ അടുത്ത പേജിൽ പറയുന്നു: “ആദ്യ 2000 തലമുറകളിലാണ് ശരീരവലിപ്പത്തിനുള്ള വർധന അധികവും സംഭവിച്ചിരിക്കുന്നത്.”[12]

അതായത് ഇത്രയും ദീർഘമായ പരീക്ഷണത്തിന്റെ തുടക്കത്തിൽ തന്നെ ഗ്ലൂക്കോസ് കൂടുതൽ ചൂഷണം ചെയ്ത് ശരീരവലുപ്പം കൂട്ടുക എന്ന പരിണാമം സംഭവിച്ചിട്ടുണ്ട്! ശ്രദ്ധിക്കുക; 2000 തലമുറകൾ പിന്നിട്ടതോടെ സംഭവിച്ച മാറ്റം ഗ്ലൂക്കോസ് കൂടുതൽ ഭക്ഷിച്ച് ഇ-കോളി ബാക്ടീരിയകളുടെ ശരീരവലിപ്പം കൂട്ടി എന്ന പരിണാമമാണ്. അത് കേവലം പത്തുമാസത്തിൽ തന്നെ സംഭവിച്ചു! ദീർഘകാലം ആവശ്യമായി വന്നില്ല. 32 കൊല്ലം നീണ്ട പരീക്ഷണത്തിൽ കേവലം പത്ത് മാസം മാത്രം! ഇനിയുമുണ്ട് ലെൻ സ്കിയുടെ ബാക്ടീരിയാ പരീക്ഷണത്തിലൂടെ അനാവരണം ചെയ്യപ്പെട്ട പരിണാമ മാറ്റം!

“12 ബാക്ടീരിയാഗോത്രങ്ങളും അവയുടെ അതിജീവനക്ഷമത ഒരു പൊതുവായൊരു മാർഗത്തിലൂടെയാണെന്നാണ് ഞാനിതുവരെ പറഞ്ഞുകൊണ്ടിരുന്നത്. വിശദാംശങ്ങളിൽ മാത്രമാണ് ഭിന്നത. ചിലവയ്ക്ക് വേഗം കൂടുതലായിരുന്നു, ചിലവ മന്ദഗതിക്കാരും. എങ്കിലും എല്ലാ ഗോത്രങ്ങളും ക്ഷമത വർധിപ്പിക്കുക തന്നെ ചെയ്തു. എന്നാൽ ഇതിനു അപവാദമായി ഈ ദീർഘപരീക്ഷണം ഒരു നാടകീയമാറ്റം കൊണ്ടുവരികയുണ്ടായി. 33000 തലമുറ കഴിഞ്ഞതോടെ തികച്ചും അസാധാരണമെന്ന് പറയാവുന്ന ഒരു സംഭവമുണ്ടായി. 12 ഗോത്രതാവഴികളിലൊന്നിൽ, ഒന്നിൽ മാത്രം പരിണാമത്തോത് വന്യമായി കുതിച്ചു കയറി. Ara3 എന്ന താവഴിയിലാണ് ഈ അത്ഭുതപ്രതിഭാസം ദൃശ്യമായത്. ഏകദേശം 33000 തലമുറകൾ വരെ Ara3യുടെ ശരാശരി പോപ്പുലേഷൻ സാന്ദ്രത മറ്റ; 12 ഗോത്രങ്ങളുടേതിനെക്കാൾ ODയിലൂടെ ഏതാണ്ട് 0.04 എന്ന നിലയിൽ മുന്നോട്ട് നീങ്ങുകയായിരുന്നു. പെട്ടെന്നതാ ഒരു നാടകീയ മാറ്റം! ഏതാണ്ട് 33100 തലമുറ പിന്നിട്ടതോടെ Ara3യുടെ (12 ഗോത്രങ്ങളിൽ ഈയോരെണ്ണത്തിന്റെ മാത്രം) ശരാശരി OD സ്കോർ ശരിക്കും ലംബമായി കുതിച്ചുകയറുകയാണ്. ആറു മടങ്ങായാണത് വർധിച്ചത്-അതായത് സ്കോർ 0.25 ആയി മാറി. ഈ ഗോത്രത്തിലെ പിന്നീടുവന്ന ഫ്ളാസ്ക്കുകളിലെ പോപ്പുലേഷനും വിസ്ഫോടകമായ രീതിയിൽ വർധിച്ചുകൊണ്ടേയിരുന്നു. ഏതാനും ദിവസം കഴിഞ്ഞതോടെ ഈ ഗോത്രത്തിന്റെ മാത്രം പോപ്പുലേഷൻ ഉന്നതി ഈ ആറുമടങ്ങ് നിരക്കിൽ സ്ഥായിയാക്കപ്പെട്ടു. അപ്പോഴും മറ്റ് 11 ഗോത്രങ്ങളും പഴയനിരക്കായ 0.40 ൽ മുന്നോട്ട് പോയി. Ara3 യുടെ തുടർ തലമുറകളും ഈ പോപ്പുലേഷൻ ഉന്നതി കുറവുവരാതെ തുടർന്നു.”[13]

ഇപ്പോൾ രണ്ടു പരിണാമമാറ്റങ്ങൾ ഈ പരീക്ഷണത്തിലൂടെ ബാക്ടീരിയകളിൽ പ്രകടമായി. ആദ്യത്തെ പരിണാമം ദൃശ്യമായത് പരീക്ഷണം തുടങ്ങി പത്ത് മാസത്തിനുള്ളിലായിരുന്നെങ്കിൽ ഇപ്പറഞ്ഞ രണ്ടാം പരിണാമമാറ്റം ദൃശ്യമായത് പതിമൂന്നര കൊല്ലത്തിനു ശേഷമായിരുന്നു. ഇത്രയും കമനീയമായി നമ്മുടെ കണ്മുന്നിൽ വ്യക്തമായി നടന്ന പരിണാമം നമുക്ക് പോസ്റ്റ്മോർട്ടം ചെയ്യേണ്ടതുണ്ട്. അതിനു മുമ്പ് ഈ പരിണാമത്തിലേക്ക് നയിച്ചത് ഉൽപരിവർത്തനമാണെന്ന കണ്ടെത്തൽ കൂടി മനസ്സിലാക്കാം. **(അവസാനിച്ചില്ല)**

**Reference:**


1. ഭൂമിയിലെ ഏറ്റവും മഹത്തായ ദൃശ്യവിസ്മയം: പരിണാമത്തിന്റെ തെളിവുകൾ: പേജ് 7
2. അതേ പുസ്തകം പേജ് 19
3. അതേ പുസ്തകം പേജ് 21
4. അതേ പുസ്തകം പേജ് 11,12
5. അതേ പുസ്തകം പേജ് 160
6. അതേ പുസ്തകം പേജ് 160
7. അതേ പുസ്തകം പേജ് 160,161,162
8. അതേ പുസ്തകം പേജ് 164
9. അതേ പുസ്തകം പേജ് 164,165
10. അതേ പുസ്തകം പേജ് 166
11. അതേ പുസ്തകം പേജ് 168

അബ്ദുൽ ജബ്ബാർ മദീനി
abduljabbaricc@gmail.com

ഇസ്‌ലാം പഠിപ്പിക്കുന്ന ഉത്തമ സ്വഭാവങ്ങൾ: 22



# സത്യസന്ധത

ഇസ്‌ലാം കൽപിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്ത ഒരു മഹത്തായ സ്വഭാവമാകുന്നു സത്യസന്ധത. പെരുമാറ്റങ്ങളിലും ഇടപാടുകളിലുമെല്ലാം സത്യസന്ധതയുടെയും വസ്തുനിഷ്ഠമായ വാർത്തകളുടെയും അനിവാര്യത അനിഷേധ്യമാണല്ലോ. അല്ലാഹു ആജ്ഞാപിക്കുന്നത് നോക്കൂ:

“വിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും സത്യവാന്മാരുടെ കൂട്ടത്തിൽ ആയിരിക്കുകയും ചെയ്യുക”(ക്വുർആൻ 9:119).

സത്യസന്ധതയടക്കമുള്ള സൽഗുണങ്ങളും സൽസ്വഭാവങ്ങളും മേൽവിലാസമായുള്ള വിശ്വാസികൾക്ക് അല്ലാഹു ഒരുക്കിയ പ്രതിഫലവും മോഹനമായ വാഗ്ദാനവും കാണുക:

“(അല്ലാഹുവിന്) കീഴ്‌പെടുന്നവരായ പുരുഷന്മാർ, സ്ത്രീകൾ; വിശ്വാസികളായ പുരുഷന്മാർ, സ്ത്രീകൾ; ഭക്തിയുള്ളവരായ പുരുഷന്മാർ, സ്ത്രീകൾ; സത്യസന്ധരായ പുരുഷന്മാർ, സ്ത്രീകൾ; ക്ഷമാശീലരായ പുരുഷന്മാർ, സ്ത്രീകൾ; വിനീതരായ പുരുഷന്മാർ, സ്ത്രീകൾ; ദാനം ചെയ്യുന്നവരായ പുരുഷന്മാർ, സ്ത്രീകൾ; വ്രതമനുഷ്ഠിക്കുന്നവരായ പുരുഷന്മാർ, സ്ത്രീകൾ; തങ്ങളുടെ ഗുഹ്യാവയവങ്ങൾ കാത്തുസൂക്ഷിക്കുന്നവരായ പുരുഷന്മാർ, സ്ത്രീകൾ; ധാരാളമായി അല്ലാഹുവെ ഓർമിക്കുന്നവരായ പുരുഷന്മാർ, സ്ത്രീകൾ-ഇവർക്ക് തീർച്ചയായും അല്ലാഹു പാപമോചനവും മഹത്തായ പ്രതിഫലവും ഒരുക്കിവെച്ചിരിക്കുന്നു” (ക്വുർആൻ 33:35).

ഭൗതികലോകത്ത് സത്യസന്ധതയിൽ ജീവിച്ചിരുന്നവർക്ക് പാരത്രികലോകത്ത് തങ്ങളുടെ സത്യസന്ധത ഉപകരിക്കുമെന്ന് അല്ലാഹു ഉണർത്തുന്നു:

“അല്ലാഹു പറയും: ഇത് സത്യവാന്മാർക്ക് തങ്ങളുടെ സത്യസന്ധത പ്രയോജനപ്പെടുന്ന ദിവസമാകുന്നു. അവർക്ക് താഴ്ഭാഗത്തുകൂടി അരുവികൾ ഒഴുകുന്ന സ്വർഗത്തോപ്പുകളുണ്ട്. അവരതിൽ നിത്യവാസികളായിരിക്കും. അവരെപ്പറ്റി അല്ലാഹു തൃപ്തിപ്പെട്ടിരിക്കുന്നു. അവർ അവനെപ്പറ്റിയും തൃപ്തിപ്പെട്ടിരിക്കുന്നു. അതത്രെ മഹത്തായ വിജയം” (ക്വുർആൻ 05:119).

ഉബാദത്ത് ഇബ്നു സ്വാമിത്തി(റ)ൽനിന്നു നിവേദനം. തിരുദൂതർ(ﷺ) പറഞ്ഞു: “ആറു കാര്യങ്ങൾക്ക് (അവ പ്രാവർത്തികമാക്കാം എന്നതിന്) നിങ്ങൾ എനിക്ക് മനസ്സാ ജാമ്യം നിൽക്കുക. ഞാൻ നിങ്ങൾക്ക് സ്വർഗത്തിന് ജാമ്യം നിൽക്കാം. നിങ്ങൾ സംസാരിച്ചാൽ സത്യം പറയുക, നിങ്ങൾ കരാർ ചെയ്താൽ പൂർത്തീകരിക്കുക, നിങ്ങൾ വിശ്വസിച്ചേൽപിക്കപ്പെട്ടാൽ അമാനത്ത് നിർവഹിക്കുക. നിങ്ങൾ നിങ്ങളുടെ ഗുഹ്യാവയവങ്ങൾ സൂക്ഷിക്കുക, നിങ്ങളുടെ ദൃഷ്ടികൾ താഴ്ത്തുക, നിങ്ങളുടെ കൈകളെ (തെറ്റുകളിൽ നിന്ന്) തടുക്കുക” (മുസ്നദു അഹ്മദ്, സ്വഹീഹു ഇബ്നി ഹിബ്ബാൻ. അൽബാനി ഹദീഥിനെ ‘സ്വഹീഹുൻ ലി ഗയ്രിഹി’ എന്ന് വിശേഷിപ്പിച്ചു).

ഇബ്നുമസ്ഊദി(റ)ൽനിന്നു നിവേദനം: “നിങ്ങൾ കളവിനെ സൂക്ഷിക്കുക. കാരണം കളവ് നീചവൃത്തികളിലേക്ക് വഴിതെളിയിക്കും. നീചവൃത്തികളാകട്ടെ നരകത്തിലേക്കും നയിക്കും. നിശ്ചയം, ഒരു വ്യക്തി കളവുപറയും; അങ്ങനെ അയാൾ അല്ലാഹുവിങ്കൽ പെരുംകള്ളൻ എന്ന് എഴുതപ്പെടും. നിങ്ങൾ സത്യസന്ധത പുലർത്തുക. കാരണം സത്യസന്ധത പുണ്യത്തിലേക്ക് വഴിതെളിയിക്കും. സത്യസന്ധതയാകട്ടെ സ്വർഗത്തിലേക്കും നയിക്കും. നിശ്ചയം, ഒരു വ്യക്തി സത്യം പറയുകയും സത്യസന്ധത പുലർത്തുവാൻ സൂക്ഷ്മത കാണിക്കുകയും ചെയ്യും. അങ്ങനെ അയാൾ അല്ലാഹുവിങ്കൽ സത്യസന്ധൻ എന്ന് എഴുതപ്പെടും” (മുസ്നദുഅഹ്മദ്. അർനാഊത് സ്വഹീഹെന്ന് വിശേഷിപ്പിച്ചു).

ഇബ്നുഅംറി(റ)ൽനിന്നു നിവേദനം: “നാലു കാര്യങ്ങൾ നിന്നിലുണ്ടായാൽ ഭൗതികലോകത്ത് എന്ത് നഷ്ടമായാലും താങ്കൾക്ക് പ്രശ്നമില്ല. അമാനത്തിന്റെ സംരക്ഷണം, സംസാരത്തിലെ സത്യസന്ധത, സൽസ്വഭാവം, സംശുദ്ധമായ ആഹാരം” (മുസ്നദു അഹ്മദ്. അൽബാനി സ്വഹീഹെന്ന് വിശേഷിപ്പിച്ചു).

ഹസനി(റ)ൽ നിന്നു നിവേദനം: “സംശയകരമായതു വെടിയുക. സംശയരഹിതമായതു സ്വീകരിക്കുക. സത്യസന്ധത സമാധാനപൂർണമാണ്. വ്യാജം സമാധാനക്കേടുമാണ്”(സുനനുത്തുർമുദി. തുർമുദി ഹസനുൽസ്വഹീഹ് എന്നു വിശേഷിപ്പിച്ചു).

നബിമാരുടെ ഒരു സ്വഭാവം അല്ലാഹു പറയുന്നു: “വേദഗ്രന്ഥത്തിൽ ഇബ്റാഹീമിനെപ്പറ്റിയുള്ള വിവരം നീ പറഞ്ഞു കൊടുക്കുക. തീർച്ചയായും അദ്ദേഹം സത്യവാനും പ്രവാചകനുമായിരുന്നു” (ക്വുർആൻ 19:41).

“വേദഗ്രന്ഥത്തിൽ ഇദ്‌രീസിനെപ്പറ്റിയുള്ള വിവരം നീ പറഞ്ഞുകൊടുക്കുക. തീർച്ചയായും അദ്ദേഹം സത്യവാനും പ്രവാചകനുമായിരുന്നു” (19:56).

“വേദഗ്രന്ഥത്തിൽ ഇസ്മാഈലിനെപ്പറ്റിയുള്ള വിവരം നീ പറഞ്ഞുകൊടുക്കുക. തീർച്ചയായും അദ്ദേഹം വാഗ്ദാനം സത്യസന്ധമായി പാലിക്കുന്നവനായിരുന്നു. അദ്ദേഹം ദൂതനും പ്രവാചകനുമായിരുന്നു” (ക്വുർആൻ 19:54).


സത്യസന്ധതയിൽ അറിയപ്പെട്ട വ്യക്തിത്വമായിരുന്നു യൂസുഫ് നബി(അ). മിസ്റിലെ രാജാവ് തന്റെ സ്വപ്നത്തിനു വ്യാഖ്യാനം ആവശ്യപ്പെട്ടപ്പോൾ യൂസുഫ് നബി(അ)യെ വിശേഷിപ്പിച്ചത് അല്ലാഹു പറയുന്നത് ഇപ്രകാരമാണ്:



“(അവൻ യൂസുഫിന്റെ അടുത്ത ചെന്നു പറഞ്ഞു:) ഹേ, സത്യസന്ധനായ യൂസുഫ്! തടിച്ച് കൊഴുത്ത ഏഴ് പശുക്കളെ ഏഴ്മെലിഞ്ഞ പശുക്കൾ തിന്നുന്ന കാര്യത്തിലും ഏഴ് പച്ചക്കതിരുകളുടെയും വേറെ ഏഴ് ഉണങ്ങിയ കതിരുകളുടെയും കാര്യത്തിലും താങ്കൾ ഞങ്ങൾക്കു വിധി പറഞ്ഞുതരണം. ജനങ്ങൾ അറിയുവാനായി ആ വിവരവും കൊണ്ട് എനിക്ക് അവരുടെ അടുത്തേക്ക് മടങ്ങാമല്ലോ” (ക്വുർആൻ 12:46).

വിശുദ്ധ മർയമിനുള്ള ഒരു വിശേഷണമായി ഈ വചനത്തിൽ അല്ലാഹു പറയുന്നത് നോക്കൂ: “മർയമിന്റെ മകൻ മസീഹ് ഒരു ദൈവദൂതൻ മാത്രമാകുന്നു. അദ്ദേഹത്തിന് മുമ്പ് ദൂതന്മാർ കഴിഞ്ഞുപോയിട്ടുണ്ട്. അദ്ദേഹത്തിന്റെ മാതാവ് സത്യവതിയുമാകുന്നു. അവർ ഇരുവരും ഭക്ഷണം കഴിക്കുന്നവരായിരുന്നു. നോക്കൂ; എന്നിട്ടും അവർ എങ്ങനെയാണ് (സത്യത്തിൽ നിന്ന്) തെറ്റിക്കപ്പെടുന്നതെന്ന്” (ക്വുർആൻ 5:75).

സത്യസന്ധതയുടെയും വിശ്വാസ്യതയുടെയും നിറഞ്ഞ ഉദാഹരണമായിരുന്നു മുഹമ്മദ് നബിﷺ. തിരുമേനിയുടെ ശത്രുപോലും ഈ വസ്തുത സമ്മതിച്ചിരുന്നു. ഹിറോക്ലിയസ് രാജാവും റോമൻ അധിപന്മാരും അബൂസുഫ്യാൻ അവിശ്വാസിയായിരുന്ന നാളിൽ അദ്ദേഹവുമായി ഈലിയാ പട്ടണത്തിൽ സന്ധിച്ചപ്പോൾ ഹിറോക്ലിയസ് അബൂസുഫ്യാനോട് ഇപ്രകാരം ചോദിച്ചു: ‘മുഹമ്മദ് ഈ കാര്യങ്ങൾ സംസാരിക്കുന്നതിന് മുമ്പ്, അദ്ദേഹത്തെ കളവു പറയുന്നവനായി നിങ്ങൾ സംശയിക്കുകയെങ്കിലും ചെയ്തിരുന്നോ?’ ‘ഇല്ല’ എന്നായിരുന്നു അബൂസുഫ്യാന്റെ പ്രതികരണം. ഹിറോക്ലിയസ് രാജാവ് അബൂസുഫ്യാന് വായടപ്പൻ മറുപടിയാണ് നൽകിയത്. അദ്ദേഹം പറഞ്ഞു: ‘മുഹമ്മദിനെ കളവ് പറയുന്നവനായി നിങ്ങൾ സംശയിക്കുകയെങ്കിലും ചെയ്തിരുന്നോ എന്ന് ചോദിച്ചപ്പോൾ താങ്കൾ ഇല്ലെന്ന് പറഞ്ഞു. ജനങ്ങളെക്കുറിച്ച് വ്യാജം പറയാത്തവൻ അല്ലാഹുവെക്കുറിച്ച് കളവു പറയുകയില്ലെന്ന് ഞാൻ തീർച്ചയായും മനസ്സിലാക്കുന്നു.’



വിശുദ്ധ ക്വുർആനിൽ മുദ്ഖലസ്വിദ്ക്, മുഖ്റജസ്വിദ്ക്, ലിസാനസ്വിദ്ക്, ക്വദമസ്വിദ്ക്, മക്അദസ്വിദ്ക് എന്നിവ പറയപ്പെട്ടിട്ടുണ്ട്. താഴെ വരുന്ന വചനങ്ങൾ ശ്രദ്ധിക്കുക. മുദ്ഖലസ്വിദ്കും മുഖ്റജസ്വിദ്കും അല്ലാഹുവോട് തേടുവാൻ അല്ലാഹു തിരുദൂതരോട് കൽപിക്കുന്നു:

“എന്റെ രക്ഷിതാവേ, സത്യത്തിന്റെ പ്രവേശനമാർഗത്തിലൂടെ നീഎന്നെ പ്രവേശിപ്പിക്കുകയും സത്യത്തിന്റെ ബഹിർഗമനമാർഗത്തിലൂടെ നീ എന്നെ പുറപ്പെടുവിക്കുകയും ചെയ്യേണമേ. നിന്റെ പക്കൽ നിന്ന് എനിക്ക് സഹായകമായ ഒരു ആധികാരിക ശക്തി നീ ഏർപെടുത്തിത്തരികയും ചെയ്യേണമേ എന്ന് നീ പറയുകയും ചെയ്യുക” (ക്വുർആൻ 17:80).

ലിസാനസ്വിദ്ക് അരുളുവാൻ ഇബ്റാഹീം നബിعليه السلام അല്ലാഹുവോട് കേഴുന്നു: “പിൽക്കാലക്കാർക്കിടയിൽ എനിക്ക് നീ സൽകീർത്തി ഉണ്ടാക്കേണമേ” (ക്വുർആൻ 26:84).

ക്വദമസ്വിദ്കും മക്അദസ്വിദ്കും തന്റെ ദാസന്മാർക്ക് ഉണ്ടെന്ന് അല്ലാഹു സന്തോഷവാർത്ത നൽകുന്നു:

“സത്യവിശ്വാസികൾക്ക് അവരുടെ രക്ഷിതാവിങ്കൽ സത്യത്തിന്റേതായ പദവിയുണ്ട് എന്ന സന്തോഷവാർത്ത അറിയിക്കുകയും ചെയ്യുക” (ക്വുർആൻ 10:02).

“തീർച്ചയായും ധർമനിഷ്ഠ പാലിച്ചവർ ഉദ്യാനങ്ങളിലും അരുവികളിലുമായിരിക്കും. സത്യത്തിന്റെ ഇരിപ്പിടത്തിൽ, ശക്തനായ രാജാവിന്റെ അടുക്കൽ” (ക്വുർആൻ 54:54,55).

മുദ്ഖലസ്വിദ്ക്, മുഖ്റജസ്വിദ്ക്, ലിസാനസ്വിദ്ക്, ക്വദമസ്വിദ്ക്, മക്അദസ്വിദ്ക് എന്നിവയുടെ അർഥങ്ങളിലും തേട്ടങ്ങളിലും വ്യത്യസ്ത സമീപനങ്ങൾ ക്വുർആൻ വ്യാഖ്യാതാക്കൾക്ക് ഉണ്ടെങ്കിലും സത്യത്തിന്റെ വക്താക്കൾക്കും സത്യസന്ധന്മാർക്കും ഇഹത്തിലും പരത്തിലുമായി നൽകപ്പെടുന്ന ആദരവുകളാണ് ഇവ എന്നത് അവയുടെ പൊരുളാണ്.

ഹിലാൽ സലീം സി.പി
hilalsaleemcpkannur@gmail.com

ലേഖനം

ജനസംഖ്യാ വിസ്ഫോടനം: സത്യവും മിഥ്യയും, ഭാഗം 4



# ഇന്ത്യയിലെ ഇസ്‌ലാമോഫോബിക്ക് വേരുകൾ

ജനസംഖ്യാവർധനവിനെതിരെയുള്ള പ്രചാരണങ്ങളിൽ ഇന്ത്യയെ വേറിട്ടുനിർത്തുന്നത് ഭരണകൂടങ്ങൾ കൈക്കൊണ്ടിട്ടുള്ള വംശവെറിയിലധിഷ്ഠിതമായ നയങ്ങളാണ്. 200 മില്യൺ മുസ്‌ലിംകൾ 966 മില്യൺ വരുന്ന ഹിന്ദുക്കളെ ജനസംഖ്യയിൽ വൈകാതെ മറികടക്കും എന്നതാണ് പ്രധാനമായുള്ള വാദം. വാദിക്കുന്നവർ ഈ കണക്കുകൾ പറയാറില്ല എന്നത് ശ്രദ്ധേയമാണ്. രാജ്യത്തെ വൻഭൂരിപക്ഷം വരുന്ന ഹിന്ദുക്കൾ ഇന്നും വിശ്വസിക്കുന്നത് ഹിന്ദുജനതയെ മറികടക്കാൻ മുസ്‌ലിംകൾ ശ്രമിക്കുന്നു എന്നാണ്! ഇത് രാജ്യവിരുദ്ധതയായി ചിത്രീകരിക്കപ്പെടുന്നു. 2011ൽ നടന്ന അവസാന സെൻസസിൽ രാജ്യത്ത് 79.8% ഹിന്ദുക്കളും 14.2% മുസ്‌ലിംകളുമാണ് വസിക്കുന്നത് എന്ന് കാണാം.

എന്നാൽ രാജ്യത്തെ മൊത്തം ജനസംഖ്യാ വളർച്ചയെ താരതമ്യം ചെയ്യുമ്പോൾ ഹിന്ദുക്കളുടെ വളർച്ചാ നിരക്ക് 2001 –2011 കാലയളവിൽ 0.7% കുറയുകയും അതേസമയം മുസ്‌ലിംകളുടെത് 0.8% വർധിക്കുകയുമാണുണ്ടായത്. മാത്രവുമല്ല, രാജ്യത്ത് ഏറ്റവും വേഗത്തിൽ വളരുന്നത് ഇസ്‌ലാം മതവുമാണ്. ഇത് കാട്ടിയാണ് തെറ്റിദ്ധാരണകൾ പരത്തുന്നത്. എന്താണ് യാഥാർഥ്യം? 966 മില്യൺ ജനസംഖ്യയുള്ള ഹിന്ദു

ക്കളിൽ 1% വർധനവുണ്ടാവാൻ 96.6 ലക്ഷം പേർ കൂടുതൽ വേണം. എന്നാൽ 200 മില്യൺ ജനസംഖ്യയുള്ള മുസ്‌ലിംകളിൽ 1% വർധനയുണ്ടാകാൻ വേണ്ടത് കേവലം 20 ലക്ഷം പേർ മാത്രം. അതായത് ഇന്നത്തെ സ്ഥിതിയനുസരിച്ച് മുസ്‌ലിംകളിൽ 4% വർധനവുണ്ടായാൽ മാത്രമാണ് ഹിന്ദുക്കളുടെ 1% വർധനവിലേക്ക് കണക്കിൽ എത്തിച്ചേരാൻ സാധിക്കുക.

ഇന്ത്യയിൽ ജനസംഖ്യാവിസ്‌ഫോടനം എന്ന ഉമ്മാക്കി കാട്ടിയുള്ള ഇസ്‌ലാം വിദ്വേഷത്തിന് വേദിയായതിൽ അങ്ങാടികൾ മുതൽ പാർലമെന്റ് വരെയുണ്ട്. 2019 ജൂലൈ മാസത്തിൽ ബി.ജെ.പി എംപി രാഗേഷ് സിൻഹ 'പോപ്പുലേഷൻ റെഗുലേഷൻ ബിൽ 2019' മുന്നോട്ട് വെച്ചതിന് നാം സാക്ഷിയാണ്. അനന്തരം അൽജസീറ ചാനലിന് നൽകിയ ഇന്റർവ്യൂയിൽ അദ്ദേഹം പറഞ്ഞത് ഇപ്രകാരം:

"(ജനസംഖ്യാ വർധനവിന്) മൂന്ന് പ്രത്യാഘാതങ്ങളുണ്ട്. പ്രാദേശികമായ അസന്തുലിതാവസ്ഥ, പ്രകൃതിവിഭവങ്ങളുടെ ക്ഷാമം, മതപരമായ അസന്തുലിതാവസ്ഥ."

"എന്താണ് സർ മതപരമായ അസന്തുലിതാവസ്ഥ?"

"ഞങ്ങളൊരു ബഹുമത സമൂഹമാണ്. ഒട്ടനവധി ജാതികളുണ്ട്. ഇവയ്ക്കിടയിൽ പൂർണമായ സ്വരച്ചേർച്ച അത്യാവശ്യമാണ്."

"വിശദീകരിക്കാമോ?"

"സോറി, ഞാൻ തിരക്കിലാണ്. ഇനി ചോദ്യങ്ങൾക്ക് ഉത്തരം തരാനൊക്കില്ല!"

സിൻഹയെപ്പോലുള്ളവരുടെ ഈ തിരക്ക് തന്നെയാണ് പ്രശ്നം. വസ്തുതകളെ പൂർണാർഥത്തിൽ മനസ്സിലാക്കാതെ 'ഛോട്ടാ ഫാമിലി'ക്ക് വേണ്ടി അലമുറയിടുന്ന പ്രധാനമന്ത്രിയും തിരക്കിലാണ്; സാമ്പാറിൽ ഉപ്പും മുളകും ചേർക്കുന്ന പോലെ മനുഷ്യസൗഹാർദത്തിനിടയിലേക്ക് മതവും ജാതിയും കുത്തിക്കയറ്റി വംശവെറി ആളിക്കത്തിക്കാൻ. 2019 മെയ് മാസത്തിൽ ബി.ജെ.പി നേതാവ് അശ്വിനി കുമാർ ഉപാധ്യായ ഡൽഹി ഹൈക്കോടതിയിൽ എല്ലാ കുറ്റകൃത്യങ്ങൾക്കും പിന്നിൽ ജനസംഖ്യാ വളർച്ചയാണ് എന്ന പേരിൽ പൊതുതാൽപര്യ ഹർജി ഫയൽ ചെയ്തു. നിർബന്ധിത ജനസംഖ്യാ നിയന്ത്രണത്തിന് ശേഷം ചൈനയിൽ ക്രൈം റേറ്റിൽ ആറുമടങ്ങ് വർധനവുണ്ടായതിനെ സംബന്ധിച്ച് നാം മുമ്പ് മനസ്സിലാക്കുകയുണ്ടായി. മൂന്നാമത്തെ കുഞ്ഞിന് വോട്ടവകാശം നിഷേധിക്കണമെന്ന് പറഞ്ഞ ബാബാ രാംദേവും 2018ൽ ജനസംഖ്യാ വിസ്‌ഫോടനത്തിന് കാരണം 'ഒരു പ്രത്യേക വിഭാഗമാണ്' എന്ന് പറഞ്ഞ കേന്ദ്രമന്ത്രി ഗിരിരാജ് സിംഗും ലക്ഷ്യമിട്ടത് മുസ്‌ലിം വിഭാഗത്തെയാണെന്നത് പകൽപോലെ വ്യക്തം. 'ഹം ദോ, ഹമാരേ പച്ചീസ്' എന്ന് ആക്ഷേപിക്കുകയും മുസ്‌ലിംകൾക്ക് നിർബന്ധിത വന്ധ്യംകരണം അത്യാവശ്യമാണെന്ന് വാദിക്കുകയും ചെയ്തത് ശിവസേനയാണ്.

ജനസംഖ്യാ നിയന്ത്രണമാണോ വാസ്തവത്തിൽ ഇക്കൂട്ടരുടെ ലക്ഷ്യം? അല്ല എന്നതാണ് ഉത്തരം. വിശ്വഹിന്ദു പരിഷത്തും ബജ്റംഗ്ദളുമടക്കം ഹിന്ദുക്കളോട് കൂടുതൽ കുട്ടികളെ ഉൽപാദിപ്പിക്കണമെന്ന് പരസ്യമായി പ്രഖ്യാപിക്കുന്നു. അഥവാ, ജനനനിയന്ത്രണ വാദങ്ങൾ മുസ്‌ലിംകൾക്കെതിരെയുള്ള വംശവെറിയിൽ നിന്ന് മാത്രമായി ഉൽപാദിപ്പിക്കപ്പെട്ടതാണ് എന്നർഥം. മുസ്‌ലിം സ്ത്രീകളുടെ 'പന്നിപ്പേറി'നെ സംബന്ധിച്ചുള്ള പ്രചാരണങ്ങൾക്ക് കൂടി ഒരൽപം വ്യക്തത ആവശ്യമാണ്.

## പന്നിപ്പേറ്: കണക്കുകൾ സംസാരിക്കട്ടെ

1900 മുതൽ ഇന്ത്യയിൽ ജനനനിരക്കിലെ മതവ്യത്യാസം ചൂടുപിടിച്ച ചർച്ചയാണ്. ആശ്വാസകരമെന്ന് പറയട്ടെ, ഇന്ത്യയിൽ ജനസംഖ്യാശാസ്ത്രശാഖയുടെ കാലങ്ങളായുള്ള വിശ്വാസയോഗ്യമായ വിവരങ്ങൾ (ഡെമോഗ്രാഫിക് ഡാറ്റ) ലഭ്യമാണ്. അതിനാൽത്തന്നെ ഇതിൽ വെള്ളംചേർത്തുകൊണ്ട് തെറ്റിദ്ധരിപ്പിക്കുക ലളിതമല്ല.

1971 മുതൽ 2011 വരെയുള്ള കാലയളവിൽ ഇന്ത്യയിൽ ജനസംഖ്യാപതനമാണ് റിപ്പോർട്ട് ചെയ്തിരിക്കുന്നത്. എന്നാൽ ഭീമമായ ജനസംഖ്യയെ സംബന്ധിച്ച് 'പതനം' എന്നത് കേവലവ്യവഹാര വാക്യമായി മാറുന്നതായി കാണാം. 'വളർച്ച'യില്ലെങ്കിൽ പോലും പ്രസ്തുത കാലയളവിൽ 663 മില്യൺ പേരാണ് പുതുതായി നമ്മുടെ ഇടയിലേക്ക് കൂട്ടിച്ചേർക്കപ്പെട്ടത്. ഒരു ചോദ്യം ഇവിടെ പ്രസക്തമാണ്: മുസ്‌ലിംകളാണോ ജനസംഖ്യാവർധനവിന് കാരണം?

1901 മുതൽ 2011 വരെയുള്ള കണക്കെടുത്ത് പരിശോധിച്ചാൽ ഇന്ത്യയുടെ ജനസംഖ്യയിലേക്ക് 14.6% മാത്രമാണ് മുസ്‌ലിംകളുടെ സംഭാവന. അതേസമയം ഹിന്ദുക്കളുടെതാകട്ടെ 79.4%വും! 1901ൽ ഹിന്ദു മുസ്‌ലിം ജനസംഖ്യാ വ്യത്യാസം 104 മില്യണായിരുന്നത് 2011 ൽ 794 മില്യണായി മാറി. ആരാണ് വർധിച്ചത്? ഹിന്ദുവോ മുസ്‌ലിമോ? ഇന്ത്യയിൽ ജനസം

ഖ്യാവിസ്ഫോടനം (?) നടന്നുവെന്ന് തന്നെ കരുതിയാൽ പോലും അതിന് പിന്നിൽ മുസ്‌ലിംകളെന്ന് പറയുക അസാധ്യമാണ്. കാരണം 1971ന് ശേഷം മുസ്‌ലിം ജനസംഖ്യാനിരക്ക് കുറയുന്നതായി കാണാം. 1961-71 കാലയളവിൽ മുസ്‌ലിം ജനസംഖ്യാനിരക്ക് 30.9% ആയിരുന്നെങ്കിൽ 2001-2011 കാലയളവിലിത് 24.6% മാത്രമാണ്.

## ജനസംഖ്യാനിരക്കിന് മതമുണ്ടോ?

ജനസംഖ്യാനിരക്ക് 'ഹിജാബ് ധരിച്ചിട്ടുണ്ടോ' എന്ന് സംശയിക്കുന്നവർ നമ്മുടെ സമൂഹത്തിലുണ്ട്. എന്നാൽ ഈ ധാരണ തീർത്തും അബദ്ധമാണ്. ജനസംഖ്യാനിരക്ക് സാമൂഹിക, സാമ്പത്തിക ചുറ്റുപാടുകൾ, വിദ്യാഭ്യാസം, പാർപ്പിടസൗകര്യങ്ങൾ, സാംസ്കാരിക മണ്ഡലങ്ങൾ, സുരക്ഷാ ക്രമീകരണങ്ങൾ എന്നിങ്ങനെ വിവിധ ഘടകങ്ങളെ ആശ്രയിച്ചിരിക്കുന്നു.

കണക്കുകൾ സംസാരിക്കട്ടെ: അവന്ധ്യതാനിരക്ക് വിവിധ അവസ്ഥകളിൽ മാറുന്നത് കാണുക: യു.പിയിലെ മുസ്‌ലിംകളുടെത് 3.10 ആണെങ്കിൽ കേരളത്തിലെത് 1.86 മാത്രമാണ്. ഇതേസമയം യു.പിയിലെ ഹിന്ദുക്കളുടെത് 2.67 ആണ്. ഇന്ത്യൻ നഗരങ്ങളിൽ 1.75, ഗ്രാമങ്ങളിൽ 2.41. 12ാംതരം വിദ്യാഭ്യാസം നേടിയവരിൽ 1.71, നേടാത്തവരിൽ 3.06. ധനികരിൽ 1.54, ദരിദ്രരിൽ 3.17. അഥവാ, ജനസംഖ്യാ നിരക്ക് മതാടിസ്ഥാനത്തിലല്ല എന്ന് വ്യക്തം.




## ഇസ്‌ലാം; പ്രചാരണം, പരിഹാരം

ഇസ്‌ലാമിന്റെ വളർച്ചയും യൂറോപ്യൻ നാടുകളിൽ സാർവത്രികമാകുന്ന ഇസ്‌ലാമാശ്ലേഷണവും ബധിരവിമർശകർക്ക് അംഗീകരിക്കാൻ സാധ്യമല്ലായിരുന്നു. അതിനാൽത്തന്നെയാണ് വസ്തുതകളെ മറച്ചുവെക്കാൻ അവർ പുത്തൻ തന്ത്രങ്ങൾ മെനഞ്ഞത്. ഓറിയന്റലിസ്റ്റുകൾ നടത്തുന്ന 'ഇസ്‌ലാം പ്രചരിക്കുന്നത് വാൾത്തലയിലൂടെയാണ്' എന്ന ദുഷ്പ്രചാരണത്തെ മാതൃകയാക്കിക്കൊണ്ട് ഇക്കൂട്ടർ 'ഇസ്‌ലാം പെറ്റുപെരുകുന്നു' എന്ന വ്യാജ പ്രചാരണവുമായി രംഗത്തെത്തി.

ഇന്ന് ലോകത്ത് ഏറ്റവും വേഗത്തിൽ വളരുന്ന മതം ഇസ്‌ലാമാണ്. കുഞ്ഞുങ്ങളെ പ്രസവിച്ച് മാത്രം അംഗബലം വർധിപ്പിക്കുന്ന മതമാണ് ഇസ്‌ലാം എന്ന പ്രചാരണത്തിലെ നിരർഥകത പാശ്ചാത്യൻ പഠനങ്ങൾ നമുക്ക് കാട്ടിത്തരുന്നുണ്ട്. ഇസ്‌ലാമിലെ സമത്വവും സാഹോദര്യവും ആത്മീയ ചൈതന്യവുമാണ് ഇതിന് ആക്കം കൂട്ടുന്നത്. ജീവിതലക്ഷ്യത്തെക്കുറിച്ചുള്ള വ്യക്തമായ കാഴ്ചപ്പാടുകൾ നൽകുന്ന ഏക പ്രത്യയശാസ്ത്രത്തെ സമൂഹം അടുത്തറിയാൻ ആരംഭിച്ചു. ജീവിതലക്ഷ്യം തേടിയലയുന്ന യുവസമൂഹമാണ് ഇസ്‌ലാമിലേക്ക് കൂടുതൽ അടുത്തത് (യൂത്ത് ബൾജ്). ഇത് കാരണത്താൽ തന്നെയാണ് ഇസ്‌ലാമിനാണ് ഭാവി എന്ന് നിരീക്ഷകർ അഭിപ്രായപ്പെടുന്നത്.

ജനസംഖ്യാവളർച്ചയെ സംബന്ധിച്ചുള്ള ഇസ്‌ലാമിക നിലപാടെന്താണ്? ഇസ്‌ലാം ജനസംഖ്യാ നിയന്ത്രണത്തെ പിന്തുണക്കുന്നില്ല. ജനസംഖ്യ ശാപമല്ല, പ്രത്യുത, അനുഗ്രഹമാണെന്നാണ് ഇസ്‌ലാം പറയുന്നത്. ഭ്രൂണഹത്യയെ ഇസ്‌ലാം കൊലപാതകമായി കണക്കാക്കുന്നു. കരയിലും കടലിലുമുള്ള അനേകം ജീവജാലങ്ങൾ മനുഷ്യനോടൊപ്പം ഭൂമിയെ പങ്കുവെക്കുന്നു. മനുഷ്യനടക്കമുള്ള എല്ലാ വർഗങ്ങൾക്കും ജീവിക്കാനാവശ്യമായ വിഭവങ്ങൾ പടച്ചവൻ കരുതിയിട്ടുണ്ട്. മറ്റൊരു ജീവിവർഗത്തിലും നിർബന്ധിത വന്ധ്യംകരണവും വർഗസംഖ്യാ നിയന്ത്രണങ്ങളും കാണുക സാധ്യമല്ല. അ

ഥവാ, ഇത്തരം പ്രവൃത്തികൾ സാമൂഹികമാക്കുക വഴി പ്രകൃതിതത്ത്വങ്ങൾക്കെതിരെയാണ് നാം പ്രവർത്തിക്കുന്നത്.

പ്രകൃതിവിഭവങ്ങളുടെ പരിമിതികളെക്കുറിച്ച് വാചാലമാകുന്ന മാൽത്തൂസിയൻ ജനസംഖ്യാ സിദ്ധാന്തം അക്ഷരാർഥത്തിൽ പൊള്ളയാണെന്ന് നാം മനസ്സിലാക്കി. എന്നാൽ പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആരംഭ ഘട്ടത്തിലാണ് നാമിത് പറയുന്നതെങ്കിൽ നമ്മുടെ പ്രതിവാദങ്ങൾ അംഗീകരിക്കപ്പെടുമായിരുന്നില്ല. അക്കാലഘട്ടത്തിലുള്ളവർക്ക് ചിന്തിക്കുവാൻ സാധിക്കുന്നതിലധികം വിവിധ മണ്ഡലങ്ങളിൽ ലോകജനത മുന്നേറിക്കഴിഞ്ഞു. ഇന്ന് ജനസംഖ്യാശാസ്ത്രം മുന്നോട്ട് വെക്കുന്ന നയങ്ങൾ തീർത്തും തെറ്റാണെന്ന് ഭാവിയിൽ കണ്ടെത്താം. എന്നാൽ, ഇസ്‌ലാം കാലാതീതമാണ്, കാലങ്ങളെ അതിജയിച്ചതാണ്. അതിനാൽത്തന്നെ ഈ ദൈവികദർശനത്തെ മുറുകെപ്പിടിക്കുക വഴി മനുഷ്യനിർമിത പ്രത്യയശാസ്ത്രങ്ങളുടെ പാളിച്ചകൾ കാരണം സംഭവ്യമായേക്കാവുന്ന പ്രകൃത്യായുള്ള പ്രതിക്രിയകളിൽ നിന്നും നമുക്ക് രക്ഷനേടാൻ സാധ്യമാണ്.

മനുഷ്യൻ സ്രഷ്ടാവിനെ മനസ്സിലാക്കാത്തതാണ് ഇവിടെ പ്രശ്നങ്ങൾക്കും സംശയങ്ങൾക്കും വഴിവെട്ടുന്നത്. ഒരു കലത്തിലെ വെള്ളം മോന്തിക്കുടിക്കുന്ന മനുഷ്യൻ ഒടുവിൽ അത് മുഴുവനായി തീർന്നുപോകുന്നതായി കാണുന്നു. ഇത് മുൻനിർത്തി ഭൂമിയിലെ പ്രകൃതിവിഭവങ്ങളെ അവൻ താരതമ്യം ചെയ്യുന്നു! സൃഷ്ടികളെ നോക്കി സ്രഷ്ടാവിനെ താരതമ്യപ്പെടുത്തുകയോ? എത്രമാത്രം അബദ്ധജടിലമാണത്! സ്രഷ്ടാവ് നമ്മോട് പറയുന്നത് ഇപ്രകാരമാണ്: 'നിങ്ങളുടെ പക്കലുള്ളവ ഒരുപക്ഷേ, തീർന്നുപോയേക്കാം. എന്നാൽ അല്ലാഹുവിന്റെ പക്കലുള്ളത് തീർന്നുപോകില്ല.' എത്രമേൽ സുവ്യക്തമായിട്ടാണ് അവൻ നമ്മോട് സംസാരിക്കുന്നത്! ജനസംഖ്യാ വർധനവും മനുഷ്യന്റെ രിസ്ക്കും (ഉപജീവനം) തമ്മിൽ യാതൊരു ബന്ധവുമില്ല എന്നവൻ വ്യക്തമാക്കിയിരിക്കുന്നു.

സമൃദ്ധമായി ഒഴുകുന്ന പുഴയിൽനിന്നാണ് വുദൂഅ് (അംഗശുദ്ധി) ചെയ്യുന്നതെങ്കിൽ പോലും വെള്ളം അമിതമായി ഉപയോഗിക്കരുത് എന്നാണ് പ്രവാചകാധ്യാപനം. പ്രകൃതിവിഭവങ്ങൾ പാഴാക്കരുതെന്ന പാഠമാണ് ഇതിലൂടെ അവിടുന്ന് പകർന്നുനൽകിയത്. മനുഷ്യർ ഭൂമിയിൽ വ്യാപിക്കുവാനാണ് സ്രഷ്ടാവ് അവരെ ഇണകളായി സൃഷ്ടിച്ചത്. സ്വത്തും സന്താനങ്ങളും ഐഹികജീവിതത്തിന്റെ അലങ്കാരമെന്നാണ് ക്വുർആൻ പറയുന്നത്:

"സ്വത്തും സന്താനങ്ങളും ഐഹികജീവിതത്തിന്റെ അലങ്കാരമാകുന്നു. എന്നാൽ നിലനിൽക്കുന്ന സൽകർമങ്ങളാണ് നിന്റെ രക്ഷിതാവിങ്കൽ ഉത്തമമായ പ്രതിഫലമുള്ളതും ഉത്തമമായ പ്രതീക്ഷ നൽകുന്നതും" (18:46).

ദാരിദ്ര്യഭയത്താൽ കുഞ്ഞുങ്ങളെ വധിക്കരുതെന്നും ഉപജീവനം നൽകുന്നത് സ്രഷ്ടാവാണെന്നും ക്വുർആൻ സ്പഷ്ടമാക്കുന്നു: "ഭൂമിയിൽ യാതൊരു ജന്തുവും അതിന്റെ ഉപജീവനം അല്ലാഹു ബാധ്യത ഏറ്റെടുത്തതായിട്ടല്ലാതെ ഇല്ല. അവയുടെ താമസസ്ഥലവും സൂക്ഷിപ്പ് സ്ഥലവുമെല്ലാം അവൻ അറിയുന്നു. എല്ലാം സ്പഷ്ടമായ ഒരു രേഖയിലുണ്ട്" (ക്വുർആൻ 11:06).

മനുഷ്യനെ സൃഷ്ടിച്ച സ്രഷ്ടാവിനാണ് മനുഷ്യനെക്കുറിച്ച് ആധികാരികമായി സംസാരിക്കുവാൻ സാധിക്കുക. ദീർഘവീക്ഷണമില്ലാത്ത സർക്കാരും അലസന്മാരായ ജനങ്ങളുമാണ് ഒരു നാടിന്റെ ശാപം. അതുവഴി കടന്നുവരുന്ന ഞെരുക്കങ്ങൾക്ക് ജനസംഖ്യയെ പഴിക്കുന്നത് ലജ്ജാവഹമാണ്. ദാരിദ്ര്യത്തെക്കുറിച്ച് നമ്മെ ഭയപ്പെടുത്തുന്നത് പിശാചാണെന്ന് വിശുദ്ധ ക്വുർആൻ പ്രസ്താവിക്കുന്നു:

"പിശാച് ദാരിദ്ര്യത്തെപ്പറ്റി നിങ്ങളെ പേടിപ്പെടുത്തുകയും നീചവൃത്തികൾക്ക് നിങ്ങളെ പ്രേരിപ്പിക്കുകയും ചെയ്യുന്നു. അല്ലാഹുവാകട്ടെ അവന്റെ പക്കൽ നിന്നുള്ള മാപ്പും അനുഗ്രഹവും നിങ്ങൾക്ക് വാഗ്ദാനം ചെയ്യുന്നു. അല്ലാഹു വിപുലമായ കഴിവുകളുള്ളവനും (എല്ലാം) അറിയുന്നവനുമാകുന്നു" (2:268).

ജനസംഖ്യാ നിയന്ത്രണങ്ങൾക്കെതിരെ സുവ്യക്തമാണ് ഇസ്‌ലാമിക നിലപാട്, സുശക്തവും.

"അല്ലാഹു പവിത്രത നൽകിയിട്ടുള്ള ജീവനെ ന്യായപ്രകാരമല്ലാതെ നിങ്ങൾ ഹനിക്കരുത്...'' (ക്വുർആൻ 17:33). **(അവസാനിച്ചു)**

**References:**

1. Pewforum.org/

2. Forth round (201516) of National Family Health Survey (NFHS4)

3. UN Population prospectus 2019

4. The Story of India's Population (2014)

മുഹമ്മദ് ശമീൽ
mail@nerpatham.com



# അബൂമഹദൂറ അൽജുഹ്മി رضي الله عنه

അബ്ദുല്ലാഹ് ബിൻ മുഹൈരിജ് ശാമിലേക്കുള്ള യാത്രയ്ക്ക് മുമ്പ് തന്റെ യജമാനനായ അബൂമഹദൂറ(റ)യോട് ചോദിച്ചു: "നിങ്ങൾ (അബൂ മഹദൂറ) എങ്ങനെയാണ് ബാങ്ക് വിളിക്കാൻ ആരംഭിച്ചത് എന്ന് ശാമിലെ ജനങ്ങൾ എന്നോട് ചോദിക്കും. അപ്പോൾ അവരോട് ഞാൻ എന്ത് പറയും?"

അപ്പോൾ അബ്ദുല്ലാഹ് ബിൻ മുഹൈരിജി(റ)ന് അബൂമഹദൂറ(റ) അദ്ദേഹത്തിന് സന്മാർഗം കിട്ടിയ ചരിത്രം വിവരിച്ചു കൊടുത്തു: "ഞാൻ ഒരു സംഘം ആളുകളുമായി യാത്ര ചെയ്യുകയായിരുന്നു. അപ്പോൾ ഹുനൈൻ യുദ്ധം കഴിഞ്ഞ്തിരിച്ചുവരികയായിരുന്ന പ്രവാചകനും സംഘവും വിശ്രമത്തിന് വേണ്ടി വഴിയിൽ തമ്പടിച്ചു. പ്രവാചകന്റെമുഅദ്ദിൻ നമസ്കാരത്തിനുള്ള ബാങ്ക് വിളിക്കാൻ ആരംഭിച്ചു. ബാങ്കിന്റെ ശബ്ദം ഞങ്ങൾക്ക് അസ്വസ്ഥതയുണ്ടാക്കുന്നതായി അനുഭവപ്പെട്ടു. ഞങ്ങൾ ബാങ്കിനെ പരിഹാസ്യമായി അനുകരിക്കുകയും ശബ്ദം ഉണ്ടാക്കുകയും ചെയ്തു. ബാങ്കുവിളി കേൾക്കാതിരിക്കുക എന്നതായിരുന്നു ഞങ്ങളുടെ ലക്ഷ്യം.

ബാങ്ക് വിളിച്ചു കഴിഞ്ഞപ്പോൾ പ്രവാചകൻ(സ) സ്വഹാബത്തിനെ വിട്ട് ഞങ്ങളെ പിടിച്ചുകൊണ്ടുവരാൻ ആവശ്യപ്പെട്ടു. അങ്ങനെ ഞങ്ങളെ പ്രവാചകന്റെ മുന്നിലിരുത്തി. 'നിങ്ങളിൽ ആരാണ് ഉച്ചത്തിൽ ബാങ്ക് കൊടുത്തത്?' പ്രവാചകൻ ഞങ്ങളോട് ചോദിച്ചു.

എന്റെ സംഘത്തിലുണ്ടായിരുന്ന ആളുകൾ എല്ലാവരും എന്നിലേക്ക് വിരൽ ചൂണ്ടി. അവർ പറഞ്ഞത് സത്യമായിരുന്നു. ഞാനാണ് ഉച്ചത്തിൽ ബാങ്കിനെ കളിയാക്കി ശബ്ദം ഉണ്ടാക്കിയത്.

എന്റെ സംഘത്തിലുണ്ടായിരുന്ന മുഴുവൻ ആളുകളെയും പ്രവാചകൻ വെറുതെവിട്ടു, എന്നെ മാത്രം അവിടെ പിടിച്ചിരുത്തി. എന്നിട്ട് എന്നോട് പറഞ്ഞു: 'എഴുന്നേറ്റ് നമസ്കാരത്തിന് വിളിക്കൂ.'

അങ്ങനെ ഞാൻ എഴുന്നേറ്റു. ബാങ്ക് വിളിക്കാൻ നിൽക്കുമ്പോൾ അല്ലാഹുവിന്റെ റസൂലിനെക്കാൾ ഞാൻ വെറുക്കുന്ന ഒരു വ്യക്തിയോ, അദ്ദേഹം പറയുന്നതിനെക്കാൾ വെറുക്കുന്ന ഒന്നോ വേറെ ഉണ്ടായിരുന്നില്ല. പ്രവാചകൻ എനിക്ക് ബാങ്കിന്റെ വാക്കുകൾ നേരിട്ട് പറഞ്ഞുതന്നു. ഞാൻ അദ്ദേഹം പറഞ്ഞ പോലെ പറഞ്ഞു.

ബാങ്ക് വിളി പൂർത്തിയായപ്പോൾ അദ്ദേഹം എന്നെ അടുത്ത് വിളിക്കുകയും എനിക്ക് ഒരു കിഴി വെള്ളി നാണയങ്ങൾ സമ്മാനമായി തരികയും ചെയ്തു. പ്രവാചകൻ എന്റെ നെറ്റിയിൽ കൈ വെച്ചു. തുടർന്ന് മുഖത്തും നെഞ്ചിലൂടെയും തടവി കൈ പൊക്കിൾ വരെ കൊണ്ടുവന്നു. ശേഷം എനിക്ക് വേണ്ടി 'അല്ലാഹു നിങ്ങളെ അനുഗ്രഹിക്കുകയും അനുഗ്രഹങ്ങൾ അയക്കുകയും ചെയ്യട്ടെ' എന്ന് പ്രാർഥിച്ചു.

ഞാൻ പറഞ്ഞു: 'പ്രവാചകരേ, എന്നെ മക്കയിൽ ബാങ്ക് കൊടുക്കാൻ അനുവദിക്കുമോ?'


പ്രവാചകൻ എനിക്ക് അതിനുള്ള അനുമതി നൽകി. അപ്പോൾ ലോകത്തിൽ പ്രവാചകനെക്കാൾ ഞാൻ ഇഷ്ടപ്പെടുന്ന ഒരു വ്യക്തി വേറെ ആരും ഉണ്ടായിരുന്നില്ല. പ്രവാചകനോടുള്ള എന്റെ വെറുപ്പ് അദ്ദേഹത്തോടുള്ള സ്നേഹമായി മാറി.

മക്കയിലെ ഗവർണറായ അത്താബ് ബിൻ ആസിദിന്റെ അടുത്തെത്തി പ്രവാചകൻ എന്നെ മക്കയിലെ ബാങ്കുവിളിക്കാരനാക്കിയ വിവരം അദ്ദേഹത്തെ അറിയിച്ചു.

ഇതാണ് അബൂമഹദൂറ(റ)ക്ക് സന്മാർഗം കിട്ടിയ ചരിത്രം. അദ്ദേഹം ഇസ്‌ലാം സ്വീകരിക്കുമ്പോൾ 16 വയസ്സായിരുന്നു പ്രായം. അബൂമഹദൂറ(റ) ഇസ്‌ലാം സ്വീകരിച്ചപ്പോൾ ആഗ്രഹിച്ചത് ബാങ്ക് കൊടുക്കാനുമാണ്. മക്കയിലെ മസ്ജിദുൽ ഹറമിൽ ബാങ്ക് കൊടുത്തിരുന്നത് അബൂമഹദൂറ(റ)യും അദ്ദേഹത്തിന് ശേഷം അദ്ദേഹത്തിന്റെ കുടുംബവും ആയിരുന്നു. അബൂമഹദൂറ അൽജുഹ്മി മക്കയിലെ ക്വുറൈശ് ഗോത്രത്തിലാണ് ജനിച്ചത്. ഹിജ്റ 58ൽ മക്കയിൽ വെച്ച് മരണപ്പെടുകയും ചെയ്തു. നബി(സ)യുടെ സ്വഭാവ വൈശിഷ്ട്യത്തിന്റെയും കാരുണ്യത്തിന്റെയും തെളിവാണ് ഈ ചരിത്രം.

അല്ലാഹു പറയുന്നു: "(നബിയേ,) അല്ലാഹുവിങ്കൽനിന്നുള്ള കാരുണ്യംകൊണ്ടാണ് നീ അവരോട് സൗമ്യമായി പെരുമാറിയത്. നീ ഒരു പരുഷസ്വഭാവിയും കഠിനഹൃദയനുമായിരുന്നുവെങ്കിൽ നിന്റെ ചുറ്റിൽനിന്നും അവർ പിരിഞ്ഞ് പോയിക്കളയുമായിരുന്നു..." (ക്വുർആൻ 3:159).

അഷ്റഫ് എകരൂൽ
ashrafekarul@gmail.com




ഒരു കുടുംബത്തിന്റെ രണ്ട് അടിസ്ഥാന ചക്രങ്ങളാണല്ലോ ഭർത്താവും ഭാര്യയും. രണ്ട് അറ്റങ്ങളിൽ നിന്ന് കടന്നുവന്ന് ഒന്നായവർ. ജീവിതപാത ഒന്നിച്ച് താണ്ടിത്തീർക്കേണ്ടവർ. ഓരോ മനുഷ്യനും ഓരോ പ്രകൃതത്തിലാണ് ഊട്ടപ്പെട്ടിട്ടുള്ളതെന്നതിനാൽ രണ്ടുപേർക്കും ഒരേ പ്രകൃതവും ഒരേ താൽപര്യവും ഉണ്ടാവുക സംഭവ്യമല്ല. വ്യത്യസ്ത പ്രകൃതങ്ങൾ തമ്മിൽ സമരസപ്പെട്ട് പോകാനും അവ പരിക്കില്ലാത്ത വിധം വകവെച്ച് കൊടുക്കാനും സാധിച്ചാൽ ഈ ജീവിതയാത്ര മധുരമുള്ളതും മധുവൂറുന്നതും ആകും. വ്യത്യസ്ത പ്രകൃതങ്ങൾ പൊട്ടലിനും ചീറ്റലിനും കാരണമാവേണ്ടതില്ല. വെള്ളത്തെ തിളപ്പിക്കാൻ തീയിന് കഴിയും എന്നപോലെ തീയിനെ കെടുത്താൻ വെള്ളത്തിനും കഴിയും എന്ന് തിരിച്ചറിഞ്ഞാൽ അവ ഭാര്യാഭർത്താക്കന്മാർക്കിടയിൽ സമാധാനവും സുരക്ഷിതബോധവും വളർത്തും. ഇമാം ബുഖാരി(റഹി) തന്റെ സ്വഹീഹിൽ 'കിതാബുന്നിക്കാഹി'ൽ കൊടുത്ത ഒരു തലക്കെട്ട് 'അരിശം' എന്നതാണ്. പെണ്ണുങ്ങൾക്കിടയിൽ പരസ്പരവും ഭാര്യാഭർത്താക്കന്മാർക്കിടയിലും ഉണ്ടായേക്കാവുന്ന ഈ പ്രതിഭാസത്തിന്റെ ഉദാഹരണമായി കൊടുത്ത ഒരു ഹദീഥിൽ നമുക്ക്; പ്രത്യേകിച്ച് കുടുംബിനികൾക്ക് നല്ല പാഠങ്ങൾ ഉണ്ട്.

അബൂബക്കറിؓന്റെ മകൾ അസ്മാഅ് പറയുന്നതിന്റെ ചുരുക്കം ഇതാണ്: 'പരമദരിദ്രനായ സുബൈറിനാണ് എന്നെ വിവാഹം ചെയ്തുകൊടുത്തത്. തന്റെ ഒരു കുതിരയും സാധാരണ ഉപയോഗിക്കുന്ന ഒരു ഒട്ടകവുമല്ലാതെ അദ്ദേഹത്തിന് ഒന്നുമില്ല. കുതിരയെ കുളിപ്പിക്കലും തീറ്റിക്കലുമടക്കം എല്ലാം ഞാനൊറ്റക്കായിരുന്നു ചെയ്യേണ്ടിയിരുന്നത്. എനിക്ക് നന്നായി റൊട്ടിയുണ്ടാക്കാൻ പോലും അറിയില്ല. അയൽവാസികളായ നല്ല സ്ത്രീകൾ എന്നെ സഹായിക്കും. ഞങ്ങൾക്ക് പ്രവാചകൻﷺ വിട്ടുതന്ന ചെറിയ ഒരു സ്ഥലത്ത് കൃഷിയിറക്കിയേടത്തുനിന്ന് വിത്തുകൾ നിറച്ച കൊട്ട

യും തലയിൽ പേറി ഞാൻ പോകുമ്പോൾ ഒരു കൂട്ടം സ്വഹാബികളോടൊപ്പം വരുന്ന നബിﷺ എന്നെ കണ്ടു. തന്റെ വാഹനം നിർത്തി കൂടെ വാഹനപ്പുറത്ത് കയറിക്കൊള്ളാൻ നബിﷺ പറഞ്ഞു. പക്ഷേ, ആണുങ്ങളോടൊപ്പമുള്ള യാത്ര എനിക്ക് ലജ്ജയായി. മാത്രവുമല്ല എന്റെ ഭർത്താവിന്റെ 'അരിശം' എനിക്ക് ഓർമയും വന്നു. അദ്ദേഹം ഇത്തരം കാര്യങ്ങളിൽ നല്ല അരിശക്കാരനായിരുന്നു. എനിക്ക് കൂടെ കയറാൻ താൽപര്യമില്ലാത്തതും എന്റെ നാണവും നബിക്ക് മനസ്സിലായി. നബിﷺ കടന്നുപോയി.'

ഭർത്താവ് സുബൈറിനോട് അസ്മാഅ്ؓ നബിﷺ വാഹനത്തിൽ കയറാൻ പറഞ്ഞതും എന്നിട്ട് നാണം കൊണ്ട് കയറിയില്ല എന്നതും പറഞ്ഞു. 'നിങ്ങളുടെ ദേഷ്യവും അരിശവും എനിക്ക് നല്ലവണ്ണമറിയാമല്ലോ' എന്നും അവർ സൂചിപ്പിച്ചു. സുബൈർؓ ഭാര്യയോട് പറഞ്ഞു: 'അസ്മാ, നീ ആ കൊട്ടയും തലയിലേറ്റി വരുന്നതിനെക്കാൾ എനിക്ക് പ്രയാസമുള്ളതായിരുന്നില്ല നീ നബിﷺയുടെ കൂടെ കയറുന്നത്.'

മറ്റൊരിക്കൽ ദരിദ്രനായ ഒരാൾ ഇവരുടെ അടുക്കൽ വന്ന് വീടിന്റെ അടുത്ത് ഒരു കച്ചവടം തുടങ്ങാൻ അനുവാദം ചോദിച്ചു. സുബൈർؓ സ്ഥലത്തില്ലാത്ത സമയത്തായിരുന്നു അത്. 'ഞാൻ നിന്നെ സമ്മതിച്ചാൽ സുബൈറും അത് സമ്മതിച്ചുകൊള്ളണമെന്നില്ല. സുബൈർ ഉള്ള നേരത്ത് അദ്ദേഹത്തിന്റെ സാന്നിധ്യത്തിൽ നീ എന്നോട് ചോദിക്ക്. അപ്പോൾ പറയാം' എന്നു പറഞ്ഞ് അവർ അദ്ദേഹത്തെ മടക്കിവിട്ടു. അദ്ദേഹം മടങ്ങിപ്പോവുകയും ചെയ്തു. പിന്നീട് സുബൈർؓ വീട്ടിലുള്ള നേരത്ത് ചെന്നിട്ട് അദ്ദേഹം പറഞ്ഞു: 'ഉമ്മു അബ്ദുല്ലാഹ്, ഞാൻ ദരിദ്രനായ ഒരാളാണ്. എനിക്ക് നിങ്ങളുടെ വീടിന്റെ ചാരത്ത് ഒരു കച്ചവടത്തിന് അനുവാദം തരണം.' അപ്പോൾ അസ്മാഅ്ؓ ചോദിച്ചു: 'ഈ പട്ടണത്തിൽ നീ എന്റെ വീടല്ലാതെ മറ്റൊന്നും കണ്ടില്ലേ?' അതു കേട്ട സുബൈർؓ അവരോട് ചോദിച്ചു: 'അസ്മാ... ഒരു പാവം ദരിദ്രനെ എന്തിനാണ് നീ തടയുന്നത്?' അങ്ങനെ അയാൾ അവിടെ കച്ചവടം തുടങ്ങി.

എത്ര മാതൃകാപരമായാണ് മഹതി അസ്മാഅ്ؓ ഇവിടെ കാര്യങ്ങൾ കൈകാര്യം ചെയ്തത്! എത്ര പാഠങ്ങളാണ് ഈ സംഭവങ്ങൾ നമ്മുടെ ഭവനങ്ങൾക്ക് വെളിച്ചമായി നൽകുന്നത്! നാട്ടിലെ അറിയപ്പെടുന്ന, കുലീനവും സമ്പന്നവുമായ തറവാട്ടിലെ മഹാനായ ഒരു മനുഷ്യന്റെ മകളെ ദരിദ്രനായ ഒരു ചെറുപ്പക്കാരന് വിവാഹം ചെയ്തു കൊടുത്ത ചിത്രം ഇവിടെയുണ്ട്. ഭർത്താവിന്റെ വീട്ടിലെ നിത്യവേലകളിൽ സന്തോഷത്തോടെ ഭാഗഭാക്കാവുന്ന ഒരു കുടുംബിനിയെ നാം ഇവിടെ കാണുന്നു. ഒരു ഭാര്യ എല്ലാം അറിഞ്ഞിരിക്കണമെന്ന് വാശിപിടിക്കേണ്ടതില്ല എന്ന കാര്യം ഭർത്താക്കന്മാരെ പഠിപ്പിക്കുന്നു. റൊട്ടിയുണ്ടാക്കാൻ ഞാൻ വിദഗ്ധയല്ലെന്ന് അവർ പറയുമ്പോൾ അതാണ് വ്യക്തമാകുന്നത്. അയൽവാസികളെക്കുറിച്ച് നല്ലത് പറയുന്ന ഒരു നല്ല അയൽക്കാരിയെ നാം കാണുന്നു. ഇതിനെല്ലാം പുറമെ തന്റെ ഭർത്താവിന്റെ കഴിവുകളെയും കഴിവുകേടുകളെയും കണ്ടറിഞ്ഞ് പെരുമാറുന്നു. തന്റെ ആത്മ മിത്രത്തിന്റെ മകൾ, തലയിൽ കൊട്ടയും പേറി നടന്നുവരുന്നത് കണ്ട വിഷമത്താൽ തന്റെ വാഹനത്തിൽ കയറാൻ പറഞ്ഞ നബിﷺയുടെ ക്ഷണം അവർ നിരസിക്കുന്നതിലെ പ്രധാന കാരണം ഭർത്താവ് സുബൈറിؓന്റെ പ്രകൃതം ഓർത്തിട്ട് കൂടിയാണ്. തന്നെ ക്ഷണിക്കുന്നത് അല്ലാഹുവിന്റെ ദൂതനാണെങ്കിലും ഭർത്താവിന് അരിശം തോന്നിപ്പിക്കുകയോ മനസ്സിൽ വെറുപ്പുണ്ടാക്കുകയോ ചെയ്തെങ്കിലോ എന്നു കരുതി അവരത് നിഷേധിച്ചു. മാത്രവുമല്ല ഇവിടെ അസ്മാഅ്ؓ തന്റെ ഭർത്താവിനോട് തുറന്നു പറയുന്നു. ഭർത്താവിന്റെ ഇഷ്ടത്തെയും അനിഷ്ടത്തെയും മുഖവിലക്കെടുക്കുന്നതിൽ ഭാര്യയെന്ന നിലയ്ക്ക് എനിക്ക് ഒട്ടും വിഷമമില്ലെന്ന് അദ്ദേഹത്തെ ബോധ്യപ്പെടുത്തുകകൂടി ചെയ്യുന്നു. സുബൈർؓ പറഞ്ഞതാകട്ടെ 'നീ ആ കൊട്ടയും തലയിലേറ്റി വരുന്നതിനെക്കാൾ എനിക്ക് പ്രയാസമുള്ളതായിരുന്നില്ല നീ നബിﷺയുടെ കൂടെ കയറുന്നത്' എന്നാണ്. ഭാര്യയുടെ അധ്വാനത്തെയും ത്യാഗസന്നദ്ധതയെയും അദ്ദേഹം വിലവയ്ക്കുകയും അംഗീകരിക്കുകയും അവളോടുള്ള അലിവ് പ്രകടമാക്കുകയും ചെയ്യുന്നു. തന്റെ ഇണയെ കുറിച്ച് എത്ര മതിപ്പായിരിക്കും സുബൈർؓ എന്ന ഭർത്താവിന്ന് ഉണ്ടായിട്ടുണ്ടാവുക!

രണ്ടാമത്തെ സംഭവം ഇതിനെക്കാൾ ചിന്തനീയമാണ്. ദരിദ്രനായ മനുഷ്യൻ വന്ന് വീടിനടുത്ത് കച്ചവടത്തിന് അനുവാദം ചോദിച്ചപ്പോഴും ഭർത്താവിന്റെ പ്രകൃതത്തെ മനസ്സിലാക്കി ആ ഭാര്യ പ്രതികരിക്കുന്നു. ദരിദ്രനെ നിരാശപ്പെടുത്തുന്നുമില്ല. പിന്നീടയാൾ ഭർത്താവിന്റെ മുമ്പിൽവച്ച് അനുവാദം ചോദിക്കുന്നു. അസ്മാഅ്ؓ താൽപര്യമില്ലാത്ത രീതിയിൽ മറുപടി പറയുന്നു. ഒടുക്കം ഭർത്താവ് അനുവാദം കൊടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. അപ്പോൾ ഈ ഭർത്താവിന്റെ മാനസിക നിലവാരം എത്ര ഉയർന്നു! അസ്മാഅ് എന്ന കുടുംബിനിക്ക് ഭർത്താവിന്റെ ഒരു അനിഷ്ടത്തിനും പാത്രമാകേണ്ടിവന്നില്ല. ഭർത്താവിനാകട്ടെ ഭാര്യയോടുള്ള മതിപ്പും സ്നേഹവും വർധിക്കുന്ന രൂപത്തിൽ സംതൃപ്തി ലഭിച്ചു. അങ്ങനെ കുടുംബത്തിന്റെ സമാധാന മേൽക്കൂരയുടെ ആണിയായി വർത്തിക്കാൻ ഈ മഹതിയുടെ നിലപാടുകൾക്ക് സാധിച്ചു. അരിശക്കാരനായ ഭർത്താവിന്റെ സമർഥയായ ഭാര്യയായിരുന്നു അസ്മാഅ്ؓ. അതെ, പ്രകൃതത്തെ കണ്ടറിയുന്ന സാമർഥ്യം.

ഷമീർ മരക്കാർ നദ്‌വി
shameerbalussery@gmail.com

ലേഖനം




# മനസ്സിനെ തിരിച്ചറിയുക

മനുഷ്യകഴിവുകൾ നിസ്തുലമാണ്. മനസ്സിന്റെ ശക്തി അവനിൽ ധാരാളം കഴിവുകളെ പരിപോഷിപ്പിക്കുന്നു. മനസ്സിന്റെ പ്രവർത്തനങ്ങളാണ് മനുഷ്യനെ മറ്റു വർഗങ്ങളിൽനിന്ന് വ്യതിരിക്തമാക്കുന്ന പ്രധാന ഘടകം. കർമമണ്ഡലങ്ങളിൽ വ്യക്തിപരമായ വേർതിരിവുകൾ സാധ്യമാക്കുന്നതും ഈ മനസ്സിന്റെ ശേഷിവ്യത്യാസമാണ്. ഓരോരുത്തർക്കും വ്യത്യസ്ത ശേഷി അവന്റെ സ്രഷ്ടാവ് നൽകിയിട്ടുണ്ട്. ഒന്ന് മറ്റൊന്നിനെ അതിജയിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നത് അപ്പോഴാണ് .

സ്രഷ്ടാവ് സംവിധാനിച്ച പ്രകൃതത്തിൽ മനസ്സിനെ വളർത്തിയെടുക്കാൻ സാധിക്കണം. അതിനുള്ള മാർഗനിർദേശങ്ങൾ സ്രഷ്ടാവ് നമുക്ക് നൽകിയിട്ടുണ്ട്. അവയാണ് വ്യതിയാനങ്ങൾ സംഭവിക്കാതെ മനസ്സിനെ നിയന്ത്രിച്ച് നിർത്തുന്ന ഘടകം.

നാം മനസ്സിനെയാണ് കീഴ്പ്പെടുത്തേണ്ടത്. അതിനെ ശക്തമായി ഉപയോഗപ്പെടുത്തുമ്പോഴാണ് വിശ്വാസി വിജയിക്കുന്നത്. പ്രപഞ്ച സ്രഷ്ടാവായ അല്ലാഹു മനസ്സിനെയും അതിന്റെ ക്രമപ്പെടുത്തലിനെയും കൊണ്ട് സത്യം ചെയ്തു പ്രഖ്യാപിക്കുന്നതും ഇതിന്റെ പ്രാധാന്യത്തെ ശക്തിപ്പെടുത്തുന്നു.

"മനുഷ്യാസ്തിത്വത്തെയും അതിനെ സംവിധാനിച്ച രീതിയെയും തന്നെയാണ സത്യം. എന്നിട്ട് അതിന്ന് അതിന്റെ ദുഷ്ടതയും അതിന്റെ സൂക്ഷ്മതയും സംബന്ധിച്ച് അവൻ ബോധം നൽകുകയും ചെയ്തിരിക്കുന്നു. തീർച്ചയായും അതിനെ പരിശുദ്ധമാക്കിയവൻ വിജയം കൈവരിച്ചു. അതിനെ കളങ്കപ്പെടുത്തിയവൻ തീർച്ചയായും നിർഭാഗ്യമടയുകയും ചെയ്തു" (ക്വുർആൻ 91:7-10).


ജയ-പരാജയ ഘടകമായി മനസ്സിന്റെ സംസ്കരണ പ്രവർത്തനങ്ങളെ നിജപ്പെടുത്തുകയാണിവിടെ. അപ്പോൾ മനസ്സിനെ തന്റെ നിയന്ത്രണത്തിൽ കൊണ്ടുവരാൻ ശ്രമിക്കലാണ് ജീവിതത്തിന്റെ വിജയവഴി.

മനുഷ്യനിൽ ഒരു ആന്തരിക പ്രേരണ നിലകൊള്ളുന്നുണ്ട്. ഈ പ്രേരണയുടെ യാഥാർഥ്യത്തെ അവൻ തിരിച്ചറിയുകയും അതിന്റെ ഫലങ്ങളായ പ്രവർത്തനങ്ങളും വാക്കുകളും നിയന്ത്രണ വിധേയമാക്കപ്പെടുകയും ചെയ്യുമ്പോഴാണ് അവന് ഉദ്ദിഷ്ട ലക്ഷ്യം നേടാൻ സാധിക്കുന്നത്. പ്രേരണയുടെ ഘടകങ്ങൾ പ്രകൃതിക്കും സ്വത്വത്തിനും അനുഗുണമാക്കാനാണ് വിശ്വാസി ശ്രമിക്കേണ്ടത്. അഥവാ ക്രിയാത്മകവും അനുകൂലാത്മകവുമായ (creative and positive) മനോഭാവ നിർമിതിക്ക് അവന്റെ ആന്തരിക പ്രേരണകളെ പര്യാപ്തമാക്കണം.

ഈ ഗുണാത്മകമായ മാറ്റം എങ്ങനെ സാധ്യമാക്കും? മനസ്സിന്റെ പ്രേരണകളെ നിയന്ത്രിക്കുവാനുള്ള വഴികൾ ഏതെല്ലാമാണ്?

ഒന്നാമത്തെ മാർഗം മനസ്സിന്റെ പ്രകൃതത്തെ തിരിച്ചറിയലാണ്. മനസ്സിനെയും അതിന്റെ കഴിവുകളെയും തിരിച്ചറിയുന്നതിലൂടെ അവയെ ഉപയോഗപ്പെടുത്തേണ്ട രീതിയെയും തലത്തെയും കുറിച്ചുള്ള ധാരണ വ്യക്തിക്ക് ബോധ്യപ്പെടും. ആത്മബോധം (Self awareness) വളർത്തിയെടുക്കുക എന്ന പ്രഥമ ലക്ഷ്യമാണ് ഒരു വ്യക്തി ഈ അവസ്ഥയിൽ തീർച്ചയായും ചെയ്യേണ്ടത്. അല്ലാഹു ഈ പ്രപഞ്ചത്തിൽ ഒരു വസ്തുവിനെയും വ്യഥാ സൃഷ്ടിച്ചിട്ടില്ല. എല്ലാത്തിനും അതിന്റെ കഴിവും പ്രാപ്തിയും നൽകിയിട്ടുമുണ്ട്; വിശിഷ്യാ മനുഷ്യന്. അവൻ തന്റെ മനസ്സിന്റെ ശക്തിയും കഴിവും തിരിച്ചറിയേണ്ടതുണ്ട്. ഈ തിരിച്ചറിവാണ് അവനെ ക്രിയാത്മകമാക്കുകയും ചലിപ്പിക്കുകയും ചെയ്യുന്നത്.

മനസ്സിന്റെ കഴിവുകളെ തിരിച്ചറിയാനുള്ള രണ്ടാമത്തെ ഘടകം അല്ലാഹു അവന് നൽകിയ ധാരാളം അനുഗ്രഹങ്ങളെ തിരിച്ചറിയുക എന്നതാണ്. അതിൽ ഏറ്റവും പ്രധാനപ്പെട്ട അനുഗ്രഹം തെരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യമാണ്. വസ്തുനിഷ്ഠമായി ചിന്തിച്ച്, ബുദ്ധിപരമായി കാര്യങ്ങളെ തെരഞ്ഞെടുക്കുവാൻ അവൻ നമുക്ക് സ്വാതന്ത്ര്യം നൽകി. ഇത് വിശ്വാസത്തിന്റെ ആഴം വർധിപ്പിക്കുന്നു. അന്ധവിശ്വാസത്തെ ഇല്ലാതാക്കുന്നു. പ്രപഞ്ച യാഥാർഥ്യങ്ങളെ ഉൾക്കൊണ്ട് വിശ്വാസ,





ക്ഷ്യങ്ങൾ മനസ്സിനെ സമചിത്തതയോടെ പെരുമാറുവാനും ഉദ്ദേശ്യങ്ങളെ ശക്തിപ്പെടുത്തുവാനും സഹായകമാണ്. കർമങ്ങൾ ഉദ്ദേശ്യങ്ങളുമായി ബന്ധപ്പെടുന്നത് ഈ ഘട്ടത്തിലാണ്. 'ഉദ്ദേശ്യമാണ് കർമങ്ങളുടെ അടിവേര്' എന്ന തത്ത്വത്തിന്റെ അർഥവും ആശയവും വ്യക്തമാകുന്നത് അപ്പോഴാണ്.

നബിﷺ പറഞ്ഞു: "തീർച്ചയായും കർമങ്ങൾ ഉദ്ദേശ്യങ്ങളുടെ അടിസ്ഥാനത്തിലാണ്...''

മനസ്സിനെ നിയന്ത്രിക്കുന്നതിലൂടെയാണ് ഈ ഉദ്ദേശ്യങ്ങൾക്ക് കടിഞ്ഞാണിടാൻ സാധിക്കുന്നത്. ചീത്ത ഉദ്ദേശ്യങ്ങളെ അടിച്ചമർത്തുവാനും നല്ലവയെ വളർത്തുവാനും കർമപഥത്തിൽ കൊണ്ടുവരാനും ആത്മനിയന്ത്രണംകൊണ്ട് സാധ്യമാകുന്നു.

ആത്മനിയന്ത്രണത്തിന്റെ ഉത്തമവഴികളാണ് ആരാധനാകർമങ്ങൾ. മനസ്സിനെ ഏകനായ അല്ലാഹുവിന് മാത്രം കീഴൊതുക്കി ഭക്തിയും ആത്മാർഥതയും കൊണ്ട് മനസ്സിനെ അലങ്കരിക്കുക. നമസ്കാരം, നോമ്പ്, സകാത്ത്, ഹജ്ജ്, ക്വുർആൻ പാരായണം തുടങ്ങിയ എല്ലാ ആരാധനകളും നിർവഹിക്കുമ്പോൾ കൈവരുന്ന നേട്ടവും ഇതുതന്നെയാണ്. അല്ലാഹു പറയുന്നു: "...തീർച്ചയായും നമസ്കാരം നീചവൃത്തിയിൽ നിന്നും നിഷിദ്ധ കർമത്തിൽ നിന്നും തടയുന്നു...'' (ക്വുർആൻ 29:45).

നീചപ്രവർത്തനങ്ങളിൽനിന്ന് വിട്ടുനിൽക്കാനുള്ള കരുത്ത് നമസ്കാരം എന്ന ഇബാദത്തിന് എങ്ങനെ സാധ്യമാവുന്നു? ഇവിടെയാണ് നമസ്കാരം പോലുള്ള മറ്റു എല്ലാ ഇബാദത്തുകളുടെയും പ്രവർത്തന മണ്ഡലമായി മനസ്സ് വർത്തിക്കുന്നതിന്റെ പ്രാധാന്യം. ആത്മനിയന്ത്രണവും മാനസിക കരുത്തും വർധിപ്പിക്കുന്ന ശക്തികളായി ഇബാദത്തുകൾ മാറുന്നതിന്റെ പൊരുളും അതുതന്നെയാണ്. മനസ്സിനെ നിർണയിക്കുവാനും നിയന്ത്രിക്കുവാനും ഇസ്‌ലാം നൽകുന്ന ഈ ഉൾക്കാഴ്ചകളാണ് നന്മയുള്ള മനസ്സുകൾ രൂപപ്പെടുന്നതിന്റെ അടിസ്ഥാന കാരണം.

കർമങ്ങളെ ഉറപ്പിച്ച് നിർത്താൻ പ്രേരിപ്പിക്കുന്നു.

അല്ലാഹു പറയുന്നു: "മനുഷ്യൻ പ്രസ്താവ്യമായ ഒരു വസ്തുവേ ആയിരുന്നില്ലാത്ത ഒരു കാലഘട്ടം അവന്റെ മേൽ കഴിഞ്ഞുപോയിട്ടുണ്ടോ? കൂടിച്ചേർന്നുണ്ടായ ഒരു ബീജത്തിൽ നിന്ന് തീർച്ചയായും നാം മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നു. നാം അവനെ പരീക്ഷിക്കുവാനായിട്ട്. അങ്ങനെ അവനെ നാം കേൾവിയുള്ളവനും കാഴ്ചയുള്ളവനുമാക്കിയിരിക്കുന്നു. തീർച്ചയായും നാം അവന് വഴി കാണിച്ചുകൊടുത്തിരിക്കുന്നു. എന്നിട്ട് ഒന്നുകിൽ അവൻ നന്ദിയുള്ളവനാകുന്നു. അല്ലെങ്കിൽ നന്ദികെട്ടവനാകുന്നു'' (ക്വുർആൻ 76:1-3).

മനുഷ്യൻ അവന്റെ ഉണ്മയെക്കുറിച്ച് ചിന്തിക്കണമെന്നും നന്മയുടെയും തിന്മയുടെയും വഴികളിൽ സഞ്ചരിക്കാനുള്ള സ്വാതന്ത്ര്യമുണ്ടെങ്കിലും നന്ദി കാണിച്ച് നന്മയുടെ മാർഗത്തിലൂടെ സഞ്ചരിക്കണമെന്നും ഈ വചനങ്ങൾ അറിയിക്കുന്നു. മനസ്സിനെ ഉപയോഗപ്പെടുത്തേണ്ടത് എപ്രകാരമാണെന്ന് തിരിച്ചറിവും അല്ലാഹു നൽകുന്നു.

ലക്ഷ്യബോധമില്ലാത്ത മനസ്സുകളാണ് അപകടകരം. നിർണിതമായ ല




## നേർപഥം ഓൺലൈൻ ക്വിസ് നിബന്ധനകൾ

- സമീൽ ഓൺലൈൻ ലൈബ്രറിയുമായി സഹകരിച്ച് നേർപഥം വാരികയുടെ ഏറ്റവും പുതിയ ലക്കത്തിൽ പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങളെ ആസ്പദമാക്കിയാണ് വർഷം മുഴുവൻ നീണ്ടു നിൽക്കുന്ന ഓൺലൈൻ ക്വിസ് മത്സരം സംഘടിപ്പിക്കുന്നത്.
- ലോക്ക്ഡൗൺ പിരീഡിൽ എല്ലാ വെള്ളിയാഴ്ചയും വൈകുന്നേരം 7 മണിക്ക് മാഗസിൻ ഓൺലൈനിൽ അപ്‌ലോഡ് ചെയ്യുകയും ഞായറാഴ്ച രാവിലെ പത്തു മണി മുതൽ സമീൽ ഓൺലൈൻ ലൈബ്രറിയിൽ ചോദ്യങ്ങൾ ലഭ്യമാവുകയും ചെയ്യും.
- എല്ലാ ആഴ്ചയും ബുധൻ രാത്രി 12 മണി വരെ മാത്രമെ ഉത്തരങ്ങൾ സ്വീകരിക്കുകയുള്ളൂ.
- പേരും മൊബൈൽ നമ്പറും വെച്ചാണ് മത്സരാർഥികൾ ഓൺലൈനിൽ പ്രവേശിക്കേണ്ടത്. വിജയികളുടെ വിലാസം മൊബൈൽ നമ്പർ വെച്ചാണ് കണ്ടെത്തുന്നത് എന്നതിനാൽ സ്വന്തം നമ്പർ മാത്രമേ ഉപയോഗിക്കാവൂ.
- ഒരേ നമ്പറിൽ നിന്ന് ഒരാഴ്ചയിൽ ഒന്നിലധികം മത്സരങ്ങൾ പങ്കെടുക്കാൻ സാധ്യമാകില്ല.
- ശരിയുത്തരങ്ങൾ വ്യാഴാഴ്ച മുതൽ ഓൺലൈനിൽ ലഭ്യമാവും.
- ഏറ്റവും കൂടുതൽ ശരിയുത്തരങ്ങൾ അയച്ചതിനെ ആധാരമാക്കിയാണ് ഓരോ ആഴ്ചയിലെയും ഒന്ന്, രണ്ട്, മൂന്ന് സ്ഥാനക്കാരെ നിശ്ചയിക്കുന്നത്.
- വിജയികളുടെ പേരുകൾ വ്യാഴാഴ്ച മുതൽ സമീൽ ഓൺലൈൻ ലൈബ്രറിയിലൂടെയും നേർപഥം വെബ്സൈറ്റിലൂടെയും നേർപഥത്തിലൂടെയും പബ്ലിഷ് ചെയ്യും.
- വിജയികളെ ഔദ്യോഗികമായി വിവരമറിയിക്കുകയും സമ്മാനം നേരിട്ടെത്തിക്കുകയും ചെയ്യും.
- ഓരോ മത്സരത്തിലും ലഭിച്ച മാർക്കുകൾ ഉൾപ്പെടുത്തിയാണ് ഫൈനൽ മത്സരത്തിലെ വിജയികളെ തെരഞ്ഞെടുക്കുന്നത്. ഫൈനൽ പോയിന്റിൽ തുല്യത പാലിച്ചാൽ തുടർ മത്സരത്തിലൂടെ വിജയിയെ കണ്ടെത്തും.
- ഓരോ മത്സരത്തിലും ലഭിക്കുന്ന മാർക്കുകൾ ഉൾപ്പെടുത്തി പരിഷ്കരിക്കുന്ന പോയിന്റ് ടേബിൾ ഓൺലൈനിൽ ലഭ്യമാവും.
- മെഗാ മത്സര വിജയികൾക്കുള്ള സമ്മാനങ്ങൾ സംസ്ഥാന പ്രോഗ്രാമിലായിരിക്കും വിതരണം ചെയ്യുക.
- നേർപഥം ജീവനക്കാരുടെയോ മാനേജ്മെന്റിന്റെയോ എൻട്രികൾ മത്സരത്തിന് പരിഗണിക്കുന്നതല്ല.
- മത്സരങ്ങളെ കുറിച്ചുള്ള അന്തിമ തീരുമാനം നേർപഥം ക്വിസ് കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കും.

## നേർപഥം ഓൺലൈൻ ക്വിസ് വിജയികൾ - ലക്കം: 178

**ഒന്നാം സമ്മാനം:**
Aseema Marzooq, Villa No 41, Street 3C, Al Mamzar, Dubai, UAE

**രണ്ടാം സമ്മാനം:**
Ameena Khalid, Darul Fana Melathil, Makkannoor, Kunnicode, Kollam

**മൂന്നാം സമ്മാനം:**
Azeez T.K, Siraj Manzil, Chettumkuzhi, P.O. Hidayath Nagar, Kasaragod

അബ്ദുറഹ്മാൻ നാസിർ അസ്സഅദി
വിവ: ഹാരിസ് ബിൻ സലീം

അധ്യായം: 64, ഭാഗം: 3

# തഗാബുൻ (നഷ്ടം വെളിപ്പെടൽ)

(മദീനയിൽ അവതരിച്ചത്)

وَٱلَّذِينَ كَفَرُوٓا۟ وَكَذَّبُوا۟ بِـَٔايَٰتِنَآ
أُو۟لَٰٓئِكَ أَصْحَٰبُ ٱلنَّارِ خَٰلِدِينَ فِيهَا
وَبِئْسَ ٱلْمَصِيرُ ﴿١٠﴾ مَآ أَصَابَ مِن
مُّصِيبَةٍ إِلَّا بِإِذْنِ ٱللَّهِ ۗ وَمَن يُؤْمِنۢ بِٱللَّهِ
يَهْدِ قَلْبَهُۥ ۚ وَٱللَّهُ بِكُلِّ شَىْءٍ عَلِيمٌ ﴿١١﴾
وَأَطِيعُوا۟ ٱللَّهَ وَأَطِيعُوا۟ ٱلرَّسُولَ ۚ فَإِن
تَوَلَّيْتُمْ فَإِنَّمَا عَلَىٰ رَسُولِنَا ٱلْبَلَٰغُ ٱلْمُبِينُ
﴿١٢﴾ ٱللَّهُ لَآ إِلَٰهَ إِلَّا هُوَ ۚ وَعَلَى ٱللَّهِ
فَلْيَتَوَكَّلِ ٱلْمُؤْمِنُونَ ﴿١٣﴾

10. അവിശ്വസിക്കുകയും നമ്മുടെ ദൃഷ്ടാന്തങ്ങൾ നിഷേധിച്ചു തള്ളുകയും ചെയ്തവരാകട്ടെ അവരാണ് നരകാവകാശികൾ. അവരതിൽ നിത്യവാസികളായിരിക്കും. (അവർ) ചെന്നെത്തുന്ന ആ സ്ഥലം വളരെ ചീത്ത തന്നെ.

11. അല്ലാഹുവിന്റെ അനുമതി പ്രകാരമല്ലാതെ യാതൊരു വിപത്തും ബാധിച്ചിട്ടില്ല. വല്ലവനും അല്ലാഹുവിൽ വിശ്വസിക്കുന്ന പക്ഷം അവന്റെ ഹൃദയത്തെ അവൻ നേർവഴിയിലാക്കുന്നതാണ്. അല്ലാഹു ഏതു കാര്യത്തെപ്പറ്റിയും അറിവുള്ളവനാകുന്നു.

12. അല്ലാഹുവെ നിങ്ങൾ അനുസരിക്കുക. റസൂലിനെയും നിങ്ങൾ അനുസരിക്കുക. ഇനി നിങ്ങൾ പിന്തിരിയുന്ന പക്ഷം നമ്മുടെ റസൂലിന്റെ ബാധ്യത വ്യക്തമായ പ്രബോധനം മാത്രമാകുന്നു.

13. അല്ലാഹു- അവനല്ലാതെ യാതൊരു ദൈവവുമില്ല. അല്ലാഹുവിന്റെ മേലായിരിക്കട്ടെ സത്യവിശ്വാസികൾ ഭരമേൽപിക്കുന്നത്.

14. സത്യവിശ്വാസികളേ, തീർച്ചയായും നിങ്ങളുടെ ഭാര്യമാരിലും നിങ്ങളുടെ മക്കളിലും നിങ്ങൾക്ക് ശത്രുവുണ്ട്. അതിനാൽ അവരെ നിങ്ങൾ സൂക്ഷിച്ചുകൊള്ളുക. നിങ്ങൾ മാപ്പുനൽകുകയും വിട്ടുവീഴ്ച കാണിക്കുകയും പൊറുത്തുകൊടുക്കുകയും ചെയ്യുന്ന പക്ഷം തീർച്ചയായും അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു.

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوٓاْ إِنَّ مِنْ أَزْوَٰجِكُمْ وَأَوْلَٰدِكُمْ عَدُوًّا لَّكُمْ فَٱحْذَرُوهُمْ ۚ وَإِن تَعْفُواْ وَتَصْفَحُواْ وَتَغْفِرُواْ فَإِنَّ ٱللَّهَ غَفُورٌ رَّحِيمٌ

10). (അവിശ്വസിക്കുകയും നമ്മുടെ ദൃഷ്ടാന്തങ്ങൾ നിഷേധിച്ചുതള്ളുകയും ചെയ്തവരാകട്ടെ) ബുദ്ധിപരമോ മതപരമോ ആയ യാതൊരു അവലംബവുമില്ലാതെ നിഷേധിച്ചവർ. അവർക്കാകട്ടെ വ്യക്തമായ തെളിവുകളും പ്രമാണങ്ങളും വന്നെത്തുകയും ചെയ്തു. അതെല്ലാം അവർ കളവാക്കി. അതിനോടവർ ധിക്കാരം കാണിച്ചു.

(അവരാണ് നരകാവകാശികൾ. അവരതിൽ നിത്യവാസികളായിരിക്കും. (അവർ) ചെന്നെത്തുന്ന സ്ഥലം വളരെ ചീത്ത തന്നെ) കാരണം അത് എല്ലാ കഷ്ടപ്പാടും പ്രയാസവും പരാജയവും ശിക്ഷയും ഒന്നിപ്പിക്കുന്നു.

11). (അല്ലാഹുവിന്റെ അനുമതി പ്രകാരമല്ലാതെ യാതൊരു വിപത്തും ബാധിച്ചിട്ടില്ല) സ്വന്തത്തിലും ധനത്തിലും സന്താനത്തിലും പ്രിയപ്പെട്ടവരിലുമെല്ലാം സംഭവിക്കുന്ന എല്ലാ വിപത്തുകളും ഇതിൽ പെടും. അപ്പോൾ ഒരു അടിമക്ക് ബാധിക്കുന്നതെല്ലാം അല്ലാഹുവിന്റെ വിധി തീരുമാനങ്ങൾ കൊണ്ടാണ്. അല്ലാഹുവിന്റെ അറിവിനെക്കുറിച്ചും പേന അത് രേഖപ്പെടുത്തുന്നതിനെക്കുറിച്ചും അവന്റെ ഉദ്ദേശ്യങ്ങൾ നടപ്പിലാക്കപ്പെടുന്നതും അവന്റെ യുക്തിയുടെ താൽപര്യവുമെല്ലാം നേരത്തെ പരാമർശിച്ചിട്ടുണ്ട്.

എന്നാൽ എല്ലാ കാര്യത്തിനും ചില കാര്യങ്ങളുണ്ട്. ഈ നിലപാടനുസരിച്ച് ഒരടിമ തന്റെ മേൽ ബാധ്യതപ്പെട്ട കടമ നിർവഹിക്കുന്നുവോ ഇല്ലയോ എന്നതാണ് അടിസ്ഥാനം. അവൻ നിർവഹിച്ചാൽ മഹത്തായ പ്രതിഫലവും നല്ല ഫലവും ഇരുലോകത്തും ലഭിക്കും. ഇതെല്ലാം അല്ലാഹുവിൽ നിന്നാണെന്ന് അവർ വിശ്വസിക്കുമ്പോൾ അതിനെ അവൻ തൃപ്തിപ്പെടുകയും അതിന് കീഴ്പ്പെടുകയും ചെയ്യും. അവന്റെ ഹൃദയത്തിന് അല്ലാഹു വഴികാണിക്കും. സമാധാനമുള്ളവനാകും. വിപത്തുകളിൽ അസ്വസ്ഥനാവില്ല. ഹൃദയത്തിനല്ലാഹു വഴി കാണിക്കാത്തവനെപ്പോലെ. മറിച്ച് അവന് അല്ലാഹു, വിപത്തുകൾ വരുമ്പോൾ ഉറച്ചുനിൽക്കാനും ക്ഷമ കൈക്കൊള്ളാനും കരുത്ത് നൽകും. അവന് അല്ലാഹു പരലോകത്ത് മഹത്തായ പ്രതിഫലം ഒരുക്കിവെക്കുന്നതോടൊപ്പം ഇവിടെത്തന്നെ വേഗത്തിൽ അതിന്റെ ഫലം അനുഭവിപ്പിക്കുകയും ചെയ്യും.

إِنَّمَا يُوَفَّى ٱلصَّٰبِرُونَ أَجْرَهُم بِغَيْرِ حِسَابٍ

"ക്ഷമാശീലർക്കു തന്നെയാകുന്നു തങ്ങളുടെ പ്രതിഫലം കണക്കുനോക്കാതെ നിറവേറ്റിക്കൊടുക്കപ്പെടുന്നത്" (39:10).

ഇതിൽ നിന്നും മനസ്സിലാക്കപ്പെടുന്ന കാര്യം; അല്ലാഹുവിൽ വിശ്വസിച്ചിട്ടില്ലാത്തവൻ വിപത്തുക്കൾ വരുമ്പോൾ അല്ലാഹുവിന്റെ വിധിനിശ്ചയങ്ങളെ പരിഗണിക്കാതിരിക്കുകയും കാരണങ്ങളിൽ മാത്രം നിലകൊള്ളുകയും ചെയ്യുന്നു. അവനെ അല്ലാഹു കയ്യൊഴിയുകയും അവനിലേക്ക് തന്നെ അവനെ ഏൽപിക്കുകയും ചെയ്യുന്നു. ഒരു അടിമ സ്വന്തത്തെ അവലംബിച്ചാൽ അവന് ക്ഷമകേടും അസ്വസ്ഥതയുമല്ലാതെ മറ്റൊന്നുമില്ല. അതവന് പരലോകത്തെ ശിക്ഷക്ക് മുമ്പ് ഇഹലോകത്ത് തന്നെ ലഭിക്കുന്ന ശിക്ഷയാണ്; ക്ഷമയിൽ അവൻ വരുത്തിയ വീഴ്ച കാരണം. ഇതുമായി ബന്ധപ്പെട്ടാണ് അല്ലാഹു പറഞ്ഞത് (വല്ലവനും അല്ലാഹുവിൽ വിശ്വസിക്കുന്ന പക്ഷം അവന്റെ ഹൃദയത്തെ അവൻ നേർവഴിയിലാക്കുന്നതാണ്). പ്രത്യേകമായ വിപത്തുക്കളുടെ സന്ദർഭത്തിൽ. ഇവിടെ 'വിശ്വസിച്ചവൻ' എന്ന പദപ്രയോഗത്തിന്റെ പൊതുവായ ആശയത്തെ ബന്ധപ്പെടുത്തുമ്പോൾ എല്ലാ വിശ്വസിച്ചവർക്കും ഇതുണ്ടെന്ന് അല്ലാഹു അറിയിക്കുന്നു.

അതായത് കൽപിക്കപ്പെട്ട പ്രകാരത്തിലുള്ള വിശ്വാസം, അല്ലാഹുവിലും മലക്കുകളിലും വേദഗ്രന്ഥത്തിലും അവന്റെ ദൂതന്മാരിലും അന്ത്യദിനത്തിലും അവന്റെ വിധിയിലും നന്മയിലും തിന്മയിലും. വിശ്വാസത്തിന്റെ താൽപര്യമനുസരിച്ചുള്ള അനിവാര്യ പ്രവർത്തനങ്ങളിലൂടെ അതിനെ സാധൂകരിക്കുക കൂടി ചെയ്യുക. ഇക്കാര്യം അടിമ നിർവഹിച്ചാൽ അവന്റെ വാക്കിലും പ്രവൃത്തിയിലും ശരിയായ മാർഗം കാണിക്കപ്പെടാനുള്ള ഏറ്റവും വലിയ കാരണം അവനിൽ നിന്നുണ്ടായി. അതവന്റെ എല്ലാ ജീവിത സാഹചര്യങ്ങളിലും അവന്റെ അറിവിലും പ്രവൃത്തിയിലും ഉണ്ടാകും. വിശ്വാസികൾക്ക് അല്ലാഹു നൽകുന്ന ഏറ്റവും ശ്രേഷ്ഠമായ പ്രതിഫലമാണിത്. അതാണ് അല്ലാഹു അറിയിച്ചത്; വിശ്വാസികളെ അവൻ ഇഹലോക ജീവിതത്തിലും പരലോക ജീവിതത്തിലും ഉറപ്പിച്ചുനിർത്തുമെന്ന്. സ്ഥൈര്യത്തിന്റെ അടിത്തറ ഹൃദയത്തിന്റെ സ്ഥൈര്യവും ക്ഷമയും പരീക്ഷണ ഘട്ടങ്ങളിലുള്ള അതിന്റെ ഉറപ്പുമാണ്.

يُثَبِّتُ ٱللَّهُ ٱلَّذِينَ ءَامَنُوا۟ بِٱلْقَوْلِ ٱلثَّابِتِ فِى ٱلْحَيَوٰةِ ٱلدُّنْيَا وَفِى ٱلْءَاخِرَةِ

"ഐഹികജീവിതത്തിലും പരലോകത്തും സ്ഥസ്ഥമായ വാക്കുകൊണ്ട് സത്യവിശ്വാസികളെ അല്ലാഹു ഉറപ്പിച്ചുനിർത്തുന്നതാണ്" (14:27).

വിശ്വാസികൾ ജനങ്ങളിൽ ഹൃദയം ഏറ്റവും നേർവഴി പ്രാപിച്ചവരും അസ്വസ്ഥതകളിൽ ഏറ്റവും സ്ഥൈര്യമുള്ളവരുമാണ്. അതവർക്ക് വിശ്വാസം ഉള്ളതുകൊണ്ടാണ്.

12). (അല്ലാഹുവെ നിങ്ങൾ അനുസരിക്കുക. റസൂലിനെയും നിങ്ങൾ അനുസരിക്കുക) അല്ലാഹുവിന്റെയും റസൂലിന്റെയും കൽപനകൾ സ്വീകരിക്കുകയും വിരോധങ്ങൾ ഉപേക്ഷിക്കുകയും ചെയ്യുക. അവർക്കുള്ള അനുസരണം സൗഭാഗ്യത്തിന്റെ അച്ചുതണ്ടും വിജയത്തിന്റെ മുഖ്യഘടകവുമാണ്. (ഇനി നിങ്ങൾ പിന്തിരിയുന്ന പക്ഷം) അല്ലാഹുവിനെയും റസൂലിനെയും അനുസരിക്കുന്നതിൽ നിന്ന്. (നമ്മുടെ റസൂലിന്റെ ബാധ്യത വ്യക്തമായ പ്രബോധനം മാത്രമാകുന്നു) ഏതൊരു കാര്യവുമായിട്ടാണോ റസൂൽ നിങ്ങളിലേക്ക് അയക്കപ്പെട്ടത്, അക്കാര്യം നിങ്ങൾക്ക് വ്യക്തമായും വിശദമായും എത്തിക്കുക. നിങ്ങൾക്കെതിരെ ഒരു തെളിവുണ്ടാവുക. നിങ്ങളെ നേർമാർഗത്തിലാക്കാൻ അദ്ദേഹത്തിനാവില്ല. നിങ്ങളുടെ വിചാരണ നടത്തുന്നതും അദ്ദേഹമല്ല. നിങ്ങൾ വിചാരണ ചെയ്യപ്പെടുന്നത് അല്ലാഹുവിനും റസൂലിനുമുള്ള അനുസരണം നിങ്ങൾ നിർവഹിച്ചുവോ ഇല്ലയോ എന്ന കാര്യത്തിൽ മാത്രമാണ്. അവൻ ദൃശ്യവും അദൃശ്യവും അറിയുന്നവനാണ്.

13). (അല്ലാഹു) അവൻ. (അവനല്ലാതെ യാതൊരു ആരാധ്യനുമില്ല) ആരാധനക്കും ആരാധ്യതക്കും യഥാർഥ അവകാശി അവൻ മാത്രം. അവനല്ലാതെ ആരാധിക്കപ്പെടുന്നതെല്ലാം നിരർഥകമാണ്. (അല്ലാഹുവിന്റെ മേലായിരിക്കട്ടെ സത്യവിശ്വാസികൾ ഭരമേൽപിക്കുന്നത്). അവർക്ക് ബാധിക്കുന്ന മുഴുവൻ കാര്യങ്ങളിലും അവർ നിർവഹിക്കാൻ ഉദ്ദേശിക്കുന്ന മുഴുവൻ കാര്യങ്ങളിലും അവർ അവന്റെ മേൽ അവലംബിക്കട്ടെ. അല്ലാഹുവിനെകൊണ്ടല്ലാതെ ഒരു കാര്യവും ശരിയാവുകയില്ല. അല്ലാഹുവിൽ അവലംബിക്കലല്ലാതെ അതിന് മറ്റു വഴികളില്ല. അവനിൽ അവലംബിക്കൽ പൂർണമാകണമെങ്കിൽ അടിമ തന്റെ രക്ഷിതാവിനെ കുറിച്ച് നല്ലത് വിചാരിക്കണം. കാര്യങ്ങൾക്ക് അവൻ മതിയെന്ന് ഉറച്ചുവിശ്വസിക്കണം. ഒരാളുടെ ഈമാനിന്റെ തോതനുസരിച്ചാണ് ഒരാൾ ഭരമേൽപിക്കുന്നതിന്റെ ശക്തിയും ദുർബലതയും.

14,15). സന്താനങ്ങളെക്കൊണ്ടും ഇണകളെക്കൊണ്ടും വഞ്ചിതരാകുന്നതിനെ തൊട്ട് സത്യവിശ്വാസികളെ താക്കീത് ചെയ്യുകയാണിവിടെ. തീർച്ചയായും അവരിൽ ചിലർ നിങ്ങൾക്ക് ശത്രുക്കളാണ്. ശത്രു അവൻ നിനക്ക് ദോഷമെ ഉദ്ദേശിക്കൂ. ഇത്തരം ആളുകളിൽ നിന്ന് ജാഗ്രത കാണിക്കൽ നിന്റെ ഉത്തരവാദിത്തമാണ്.

സ്നേഹം മക്കളോടും ഇണകളോടുമുണ്ടാവുക എന്നത് മനസ്സിന്റെ പ്രകൃതിയാണ്. അതിനാൽ അല്ലാഹു ഇവിടെ ഉപദേശിക്കുന്നത് മതവിരുദ്ധമായ കാര്യങ്ങളിൽ മക്കളുടെയും ഇണകളുടെയും ആവശ്യങ്ങൾക്ക് വഴങ്ങാൻ ഇതു നിർബന്ധിപ്പിക്കുമെന്നാണ്. അതോടൊപ്പം അല്ലാഹുവിന്റെ തൃപ്തിക്ക് മുൻഗണന നൽകാനും. അതോടൊപ്പം അവന്റെ കൽപനകൾ പിന്തുടരാനും പ്രേരിപ്പിക്കാനും. അല്ലാഹുവിന്റെ അടുക്കലുള്ള മഹത്തായ പ്രതിഫലത്തിനു വേണ്ടി അവന്റെ തൃപ്തിക്കു മുൻഗണന നൽകാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നു. ആ പ്രതിഫലം ഉന്നതമായ ആഗ്രഹങ്ങളും വിലയേറിയ ഇഷ്ടങ്ങളും നേടിത്തരുന്നതാണ്. അവസാനിക്കുന്ന നശ്വരതയെ ഇഹലോകത്തിനെക്കാൾ പരലോകത്തിനു മുൻഗണന നൽകുന്നതിലൂടെയാണ് അതുണ്ടാവുന്നത്.


ഒരാൾക്ക് ദോഷകരമായതും സൂക്ഷിക്കേണ്ടതുമായ കാര്യത്തിൽ ഇണകളെയും മക്കളെയും അ

നുസരിക്കുന്നതിനെയാണ് ഇവിടെ വിലക്കുന്നത്. അവരെ ശിക്ഷിക്കുകയും പരുഷത കാണിക്കുകയും ചെയ്യണമെന്നാണ് ഇവിടെ പറയുന്നത് എന്ന് തെറ്റിദ്ധരിക്കപ്പെടാം. അതിനെ സൂക്ഷിക്കാനും അവർക്ക് വിട്ടുവീഴ്ച നൽകാനും കൂടി അല്ലാഹു ഇവിടെ നിർദേശിക്കുന്നു. ഇതിൽ കണക്കാക്കാനാവാത്ത നന്മയുണ്ട്. (നിങ്ങൾ മാപ്പ് നൽകുകയും വിട്ടുവീഴ്ച കാണിക്കുകയും പൊറുത്തുകൊടുക്കുയും ചെയ്യുന്ന പക്ഷം തീർച്ചയായും അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു).

പ്രവർത്തനത്തിന് സമാനമായി തന്നെയാണ് പ്രതിഫലവും. ആരെങ്കിലും വിട്ടുവീഴ്ച ചെയ്താൽ അല്ലാഹു അവനു വിട്ടുവീഴ്ച നൽകും. പൊറുത്തുകൊടുക്കുന്നവന് അല്ലാഹുവും പൊറുത്തുകൊടുക്കും. ആരെങ്കിലും അല്ലാഹുവോട് അവൻ ഇഷ്ടപ്പെടുന്ന രൂപത്തിലും അടിമകളോട് അവൻ ഇഷ്ടപ്പെടുന്ന രൂപത്തിലും പെരുമാറിയാൽ അല്ലാഹുവിന്റെയും അടിമകളുടെയും ഇഷ്ടം അവന് ലഭിക്കും. അവന്റെ കാര്യങ്ങൾ ശരിയാവുകയും ചെയ്യും.

16). അല്ലാഹു അവനെ സൂക്ഷിച്ച് ജീവിക്കാൻ നിർദേശിക്കുകയാണിവിടെ. അവന്റെ കൽപനകൾ സ്വീകരിക്കലും അവന്റെ വിരോധങ്ങൾ ഉപേക്ഷിക്കലുമാണ് സൂക്ഷ്മത പാലിക്കൽ (തക്വ). സാധിക്കുക, കഴിയുക എന്ന ഒരു നിബന്ധനയും അവൻ അതിന് നിശ്ചയിച്ചു. ഈ വചനത്തിൽ നിന്ന് മനസ്സിലാകുന്നത് എല്ലാ നിർബന്ധ കാര്യങ്ങളിലും ചെയ്യാൻ കഴിയാത്തതിന് ഒരടിമക്ക് ഇളവ് ലഭിക്കുമെന്നാണ്. കൽപിക്കപ്പെട്ടതിൽ ചിലത് ചെയ്യാൻ കഴിയുകയും ചിലതിന് സാധിക്കാതെ വരികയും ചെയ്താൽ കഴിയുന്നത് അവൻ പ്രവർത്തിക്കണം. കഴിയാത്തതിന് ഇളവ് ലഭിക്കും. അതാണ് നബിﷺ പറഞ്ഞത്: 'ഞാൻ നിങ്ങളോട് ഒരു കാര്യം കൽപിച്ചാൽ നിങ്ങൾക്ക് സാധിക്കുന്നതു പോലെ നിങ്ങൾ അത് ചെയ്യുക.' ധാരാളം മതവിഷയങ്ങൾ ഈ നിയമത്തിന്റെ പരിധിയിൽ വരുന്നുണ്ട്. (ബുഖാരി, മുസ്‌ലിം).

(നിങ്ങൾ കേൾക്കുകയും) നിങ്ങളോട് ഉപദേശിക്കുന്നത് നിങ്ങൾ കേൾക്കുക. നിങ്ങൾക്ക് നിയമമാക്കിയ വിധിവിലക്കുകളും അത് നിങ്ങൾ മനസ്സിലാക്കുകയും അതിന് കീഴ്പ്പെടുകയും വേണം. (അനുസരിക്കുകയും) അല്ലാഹുവിനെയും അവന്റെ ദൂതനെയും, എല്ലാ കാര്യങ്ങളിലും. (നിങ്ങൾ ചെലവഴിക്കുകയും) നിർബന്ധമായും ഐച്ഛികമായും മതപരമായി ചെലവഴിക്കാൻ ബാധ്യതയുള്ളതിൽ നിന്നും. ആ പ്രവൃത്തി നിങ്ങളിൽനിന്നുണ്ടാകുന്നത് (നിങ്ങൾക്ക് തന്നെ ഗുണകരമായ നിലയിൽ). ഇഹലോകത്തും പരലോകത്തും. എല്ലാ നന്മയും കുടികൊള്ളുന്നത് അല്ലാഹുവിന്റെ കൽപനകൾ നിറവേറ്റുന്നതിലും അവന്റെ ഉപദേശങ്ങൾ സ്വീകരിക്കുന്നതിലും അവന്റെ നിയമങ്ങൾക്ക് കീഴൊതുങ്ങുന്നതിലുമാണ്. തിന്മയാവട്ടെ, അതിനെതിരെ പ്രവർത്തിക്കുന്നതിലും.



നിർദേശിക്കപ്പെട്ടതിൽ നിന്ന് ചെലവഴിക്കാൻ അധിക ആളുകളെ തടയുന്ന ഒരു വിപത്തുണ്ട്. അത് അധിക മനസ്സുകളുടെയും സ്വഭാവപ്രകൃതിയായ പിശുക്കാണ്; ധനംകൊണ്ട് പിശുക്ക് കാണിക്കുക എന്നത്. ധനമുണ്ടാവാൻ അവൻ വളരെയധികം ഇഷ്ടപ്പെടുന്നു. എന്നാൽ അത് വിനിമയം ചെയ്യുന്നതിനെയാകട്ടെ, വളരെയധികം വെറുക്കുകയും ചെയ്യുന്നു.

(ആർ മനസ്സിന്റെ പിശുക്കിൽ നിന്ന് കാത്തുരക്ഷിക്കപ്പെട്ടുവോ) തനിക്ക് ഉപകാരപ്രദമായതിൽ ചെലവഴിക്കാൻ മനസ്സനുവദിക്കുന്നവൻ. (അവൻ തന്നെയാകുന്നു വിജയം പ്രാപിച്ചവൻ) കാരണം, അവർ ആഗ്രഹിച്ചത് നേടുകയും ഭയപ്പെടുന്നതിൽ നിന്ന് രക്ഷപ്പെടുകയും ചെയ്തു. ഒരുപക്ഷേ, ഈ പിശുക്കിൽ കൽപനാവിരോധങ്ങൾ മുഴുവൻ ഉൾപ്പെടുന്നുണ്ടാകാം. കാരണം മനസ്സിന് പിശുക്കുണ്ടായാൽ കൽപനകൾക്ക് കീഴ്പ്പെട്ടുകൊള്ളണമെന്നില്ല. അവൻ വിജയിച്ചിട്ടില്ല. മാത്രവുമല്ല, ഇരുലോകത്തും അവൻ നഷ്ടക്കാരനാവുകയും ചെയ്തു. എന്നാൽ മനസ്സ് പിശുക്കില്ലാത്തതും വിശാലവും ശാന്തവും ഉദാരത നിറഞ്ഞതുമാണെങ്കിൽ അല്ലാഹുവിന്റെ തൃപ്തിക്കുവേണ്ടി അവന്റെ നിയമങ്ങളെ അതന്വേഷിക്കും. തന്നോട് നിർദേശിക്കപ്പെട്ട, തനിക്ക് ബാധ്യതയാക്കപ്പെട്ട നിർദേശങ്ങൾ അറിയുകയേ വേണ്ടൂ. തന്റെ രക്ഷിതാവിന് വേണ്ടി അത് തൃപ്തിപ്പെട്ട് പ്രവർത്തിക്കും. അതുമൂലം അവൻ വിജയിക്കും. എല്ലാ നിലക്കുമുള്ള വിജയം.

ആഷിക്ക് മുഹമ്മദ് ലബ്ബ, എരുമേലി
mail@nerpatham.com

കഥ

# ഫലസ്തീൻ ക്വാറന്റൈൻ

'മുഹ്സിനേ, വാതിൽ തുറക്ക്...'

'ഉപ്പാ, ഇക്കാക്ക വന്നെന്ന് തോന്നുന്നു.'

മുഹ്സിൻ മേശക്കടിയിൽ നിന്നും ധൃതിയിൽ എണീറ്റ് വാതിൽ തുറന്നു.

പ്രഭാതസൂര്യന്റെ വെള്ളിവെളിച്ചം വാതിലിനിടയിലൂടെ അരിച്ചു കയറി.

'എന്തായിരുന്നു, ഉപ്പയും മോനും പരിപാടി...?' മുഹ്സിന്റെ കവിളിൽ നുള്ളിക്കൊണ്ട് മുറാദിന്റ ചോദ്യം.

'ഞാനും ഉപ്പയും ഹൈഡ് ആന്റ് സീക്ക് കളിക്കുവാരുന്നു. ഉപ്പ ബോംബിടും, ഞാൻ ഒളിച്ചിരിക്കും. ഞാനാണ് എപ്പോഴും ഫസ്റ്റ്...' അവൻ തന്റെ കുഞ്ഞിപ്പല്ലുകൾ കാട്ടി ഉറക്കെ ചിരിക്കാൻ തുടങ്ങി.

മുറാദ് അവനെ നോക്കി നിർവികാരനായി നിന്നു.

എനിക്കറിയാം; ഇതത്ര ചിരിക്കാനുള്ള കളിയൊന്നുമല്ല. ഫലസ്തീനിലെ ഓരോ കുട്ടിക്കും ഈ കളിയറിയാം. നടക്കാൻ തുടങ്ങുമ്പോൾ തന്നെ ഉമ്മമാർ അവരെ മേശക്കടിയിലും കസേരക്ക് പിറകിലുമൊക്കെ ഒളിച്ചിരിക്കാൻ പഠിപ്പിച്ചു തുടങ്ങും!

മുഹ്സിന്റെ പ്രായത്തിൽ ഞാനും ഇത് കുറെ കളിച്ചതാണ്. പക്ഷേ, അന്നാണറിഞ്ഞത്... ഇതൊന്നും വെറും കളികളല്ലെന്ന്... ഞാനും ഉമ്മയും ഒലിവ് ചെടി നടാൻ പുറത്തിറങ്ങിയ ദിവസം. അന്ന് വലിയൊരു ശബ്ദം കേട്ട് ഞാൻ പേടിച്ച് വിറച്ചുപോയി. ഉമ്മ എന്നെ കെട്ടിപ്പിടിച്ചു പൊതിഞ്ഞിരുന്നു.

ആകെ പൊടിയായിരുന്നവിടെ. എന്റെ കണ്ണിലും പൊടി കയറി. ഞാൻ കണ്ണുകൾ ഇറുക്കിയടച്ചു. ആരൊക്കെയോ ഉറക്കെ നിലവിളിക്കുന്നുണ്ട്. എനിക്കൊന്നും കാണാൻ കഴിഞ്ഞില്ല. ഉമ്മ എന്നെ അത്രമേൽ ചേർത്ത് പിടിച്ചിരുന്നു.

ഉപ്പയെന്നെ കരഞ്ഞുകൊണ്ട് വാരിയെടുത്തോടുന്നതോർക്കുന്നുണ്ട്. പൊളിഞ്ഞുവീണ കെട്ടിടങ്ങൾക്കിടയിലൂടെ... കരിഞ്ഞു പോയ ജഡങ്ങൾക്കരികിലൂടെ. ഉമ്മ കരിക്കട്ടയായി മാറിയിരുന്നു...!

'മുറാദ്.. പോയിട്ടെന്തായി?' യാസറിന്റെ ശബ്ദം.

മുഹ്സിനൊപ്പം കളിച്ച്, വിയർത്തുകുളിച്ച് നിൽക്കുകയാണയാൾ.

'ഒന്നുല്ലുപ്പാ... വരുന്നവഴി അലിക്കായെ കണ്ടിരുന്നു. ഒരു വൈറസ് ഇറങ്ങിയിട്ടുണ്ടെന്നും കുറെ പേർമരിച്ചു വീഴുന്നുണ്ടെന്നും പറഞ്ഞു. നമ്മൾ വീട്ടിനുള്ളിൽ തന്നെയിരിക്കുന്നതാണ് സുരക്ഷിതമെന്നും.'

'വീട്ടിനുള്ളിലോ മേശക്കടിയിലോ...?' യാസറിന്റെ ചോദ്യത്തിന് പരിഹാസത്തിന്റെ സ്വരം.

അയാളുടെ വെളുത്ത മുഖത്ത് രക്തം ഇരച്ചു കയറി.

'മോനേ... ഫലസ്തീനികൾ ഒരിക്കലും വീട്ടിനുള്ളിൽ സുരക്ഷിതരല്ല. നമുക്ക് സമാധാനം കിട്ടാനാണ് നമ്മുടെയീ പോരാട്ടമെല്ലാം. ഒന്നുകിൽ പടച്ചവന്റെ വിധി വരെ. അല്ലെങ്കിൽ അവന്റെ മുന്നിലെത്തുന്നത് വരെ. സ്വർഗത്തിൽ...'

മുഹ്സിന്റെ മുഖത്ത് വല്ലാത്ത തിളക്കം

'ഈ സ്വർഗത്തിൽ നമ്മൾ ചോദിക്കുന്നതെന്തും കിട്ടുമോ ഉപ്പാ...?'

'ഒന്നും ചോദിക്കേണ്ടെടാ, എല്ലാം അവിടെയുണ്ടാകും. നിന്റുമ്മ നമ്മളെ കാത്തിരിപ്പുണ്ടാവും.'

യാസർ കണ്ണുകളടച്ച് ഭിത്തിയിൽ ചാരിയിരുന്നു. അയാളുടെ മുഖത്ത് എന്തൊക്കെയോ ഭാവഭേദങ്ങൾ മിന്നിമറയുന്നു.

ഉപ്പയെന്തായിരിക്കും സ്വപ്നം കാണുന്നത്? ഫലസ്തീനോ സ്വർഗമോ? അതോ ഉമ്മയെയോ?

മുറാദ് ഉപ്പയുടെ മുഖത്തേക്ക് തന്നെ നോക്കിയിരുന്നു. അന്തരീക്ഷത്തിന് ചൂട് കൂടുന്നത് പോലെ അവന് തോന്നി.

ഏറെ അകലെയല്ലാതെ വെടിയൊച്ചകൾ കേൾക്കുന്നു. യാസർ അപ്പോഴും കണ്ണടച്ച് തന്നെയിരുന്നു. വെടിയൊച്ചകൾ ഇപ്പോൾ അടുത്ത് കേൾക്കാം..

'ഇക്കാക്കാ, ഓടിവാ...'

മുഹ്സിൻ ചെവി പൊത്തിക്കൊണ്ട് മേശക്കടിയിലേക്ക് പാഞ്ഞു. മുറാദ് ഓടിവന്ന് അവനെ പൊതിഞ്ഞു. യാസിറിന്റെ ചുണ്ടിൽ ഒരു ഒലിവ് വിരിഞ്ഞു. അയാൾ കണ്ണുതുറന്ന് അഭിമാനത്തോടെ ശബ്ദിച്ചു: 'മുഹ്സിൻ, നീയിപ്പോൾ കളിക്കാൻ പഠിച്ചിരിക്കുന്നു. നിങ്ങളിപ്പോൾ പോരാളികളായി മാറിയിരിക്കുന്നു. ഫലസ്തീൻ പോരാളികൾ...'

സമീൽ ഓൺലൈൻ ലൈബ്രറിയുമായി സഹകരിച്ച് നേർപഥം
വാരികയിൽ പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങളെ ആസ്പദമാക്കി
വർഷം മുഴുവൻ നീണ്ടു നിൽക്കുന്ന ഓൺലൈൻ ക്വിസ് മത്സരം.

# നേർപഥം Online Quiz

- ശരിയുത്തരമയക്കുന്ന 1,2,3 സ്ഥാനക്കാർക്ക് ആഴ്ച തോറും സമ്മാനങ്ങൾ..!!
- എല്ലാ ഞായറാഴ്ചയും 10 AM മുതൽ ബുധൻ 12 AM വരെ ഉത്തരമയക്കാൻ അവസരം.

zameel
the soulmate

**വിശദവിവരങ്ങൾക്ക്
നേർപഥം വെബ്സൈറ്റോ
സമീൽ ഓൺലൈൻ ലൈബ്രറിയോ
സന്ദർശിക്കുക.**




Circulation Manager | Nerpatham Weekly | PB No: 597 | EKP Complex | Kallai Road | Kozhikkode 2
Kerala | India | Ph: 0495 4019437 | +91 92075 25244 | **mail@nerpatham.com | www.nerpatham.com**

RNI NO: KERMAL 2015/64152
Registered NO:
KL/CT/225/2019-21

Nerpatham Weekly
Published on
2020 JUNE 13

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-

GREEN VALLEY
PUBLIC SCHOOL

Affiliated to CBSE : 930857
Green Valley Campus,
Nellikkapramba, Mukkam
Kozhikode dt, Pin : 673602
Tel : 9061716600




Residential Campus For Boys

**Green valley public school** is a school with real difference, providing students with distinct opportunities and advantages to develop their full potential academically, socially and personally

Affiliated to **CBSE, New Delhi**, the school is a safe retreat to the students who join us from other international schools and the Gulf countries.

Dedicated to provide exceptional learning experience to the students for holistic development and moral rectitude with excellence ethics and beyond

**Green home residential program** is an endeavor for outstation students to learn as well as to live in a comfortable, safe and healthy surrounding.

We provide a homely environment for outstation students with a pantry that serves delicious and nutritious homely food and laundry services.

We provide Islamic religious education aiming to instill faith and a better understanding of true Islam in our students.

## Special features included

01 Curriculum focusing on quran, belief system, jurisprudence and Islamic history

02 Guidelines prepared by panel experts in the field of Islamic education

03 Quran memorizing with tajweed

04 Communicative Arabic and English

**Registration open for grade 5-8**
**(boys only )**

/greenvalleycampus

+91 9061716600
greenvalleyinstitutions@gmail.com

**GREEN VALLEY PUBLIC SCHOOL**
ADMISSION STARTED
[2020-2021]

**LKG to VIII**
**STANDARD**